**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1006** | **18-09-2025 - ൽ മറുപടിയ്ക്ക്**

**ചെമ്പ്ര ടൂറിസം അഴിമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** | | **ശ്രീ. എ. കെ. ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | വയനാട് ചെമ്പ്ര ടൂറിസം അഴിമതിയിൽ കടുത്ത നടപടിക്ക് ഫോറസ്റ്റ് വിജിലൻസ് ശിപാർശ ചെയ്ത ഉദ്യോഗസ്ഥരെ സംരക്ഷിച്ച എന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; ഇക്കാര്യത്തിൽ നിജസ്ഥിതി വ്യക്തമാക്കുമോ; | (എ) | വയനാട് ചെമ്പ്ര ടൂറിസം അഴിമതിയിൽ കടുത്ത നടപടിക്ക് ഫോറസ്റ്റ് വിജിലൻസ് ശിപാർശ ചെയ്ത ഉദ്യോഗസ്ഥരെ സംരക്ഷിച്ച എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ചെമ്പ്ര വനസംരക്ഷണ സമിതിയിലെ ക്രമക്കേടുകൾ സംബന്ധിച്ച് പരാതിയിൽ അന്വേഷണം നടത്തി 31.05.2024 ൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ് ആൻഡ് ഫോറസ്റ്റ് ഇന്റലിജൻസ് സമർപ്പിച്ച റിപ്പോർട്ടിൽ കൃത്യവിലോപത്തിനുത്തരവാദികളായ ചെമ്പ്ര വി.എസ്.എസ്. സെക്രട്ടറിമാരായിരുന്ന ശ്രീ.ബിനീഷ് പി.പി, ശ്രീ.രഞ്ജിത് എം.എ, ശ്രീ.വിഷ്ണു വി.പി. എന്നീ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർക്കെതിരെ 1960 - ലെ കേരള സിവിൽ സർവ്വീസ് (ക്ലാസ്സിഫിക്കേഷൻ, കണ്ട്രോൾ & അപ്പീൽ) റൂൾസ് പ്രകാരം മേജർ പെനാൽറ്റിക്കുള്ള അച്ചടക്കനടപടി സ്വീകരിക്കുന്നതിന് ഫോറസ്റ്റ് വിജിലൻസ് ശിപാർശ ചെയ്യുകയും ആയത് പ്രകാരം അച്ചടക്കനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതേ വിഷയത്തിൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ് ആൻഡ് ഫോറസ്റ്റ് ഇന്റലിജൻസ്) 06.05.2025 ലെ കത്ത് പ്രകാരവും തുടർ നടപടികൾ സ്വീകരിക്കുന്നതിനായി കണ്ണൂർ നോർത്തേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററിന് നിർദ്ദേശം നൽകിയിട്ടുണ്ട് |
| (ബി) | ചെമ്പ്ര ടൂറിസം അഴിമതിയുമായി ബന്ധപ്പെട്ട് ഫോറസ്റ്റ് വിജിലൻസിന്റെ കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നു; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ വനം വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദാംശം വ്യക്തമാക്കുമോ ? | (ബി) | ചെമ്പ്ര ടൂറിസം കേന്ദ്രത്തിലെ പ്രവേശന ഫീസ് ഇനത്തിലുള്ള വരുമാനം കൃത്യമായ ഇടവേളകളിൽ ബാങ്കിൽ നിക്ഷേപിക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്കനടപടി സ്വീകരിച്ചിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ ടൂറിസ്റ്റ് കേന്ദ്രം പരിശോധന നടത്തുന്നതിൽ വന്ന വീഴ്ചയും, രേഖകൾ കൃത്യമായി പരിശോധനയ്ക്ക് വിധേയമാക്കുന്നതിലുള്ള വീഴ്ചക്കും പുറമേ ടൂറിസ്റ്റ് |

| | | | |
|---|---|---|---|
| | | | കേന്ദ്രങ്ങളിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കാത്തതിലുള്ള വീഴ്ചകൾക്കും ഉത്തരവാദികളായ ശ്രീ.ബിനീഷ് പി.പി, ശ്രീ. രഞ്ജിത് എം.എ, ശ്രീ.വിഷ്ണു വി.പി. എന്നീ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർക്കെതിരെ 1960-ലെ കേരള സിവിൽ സർവ്വീസ് (തരം തിരിക്കലും, നിയന്ത്രണവും & അപ്പീലും) ചട്ടങ്ങൾ പ്രകാരം മേജർ പെനാൽറ്റിക്കുള്ള അച്ചടക്കനടപടി സ്വീകരിക്കുന്നതിന് അന്വേഷണസമിതി ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ടിയാരെ സസ്പെൻഡ് ചെയ്തിട്ടുള്ളത്. കൂടാതെ ഫോറസ്റ്റ് വിജിലൻസിന്റെ ശിപാർശ പ്രകാരം മറ്റ് നടപടികൾ സ്വീകരിച്ചു വരുന്നു. ഫോറസ്റ്റ് വിജിലൻസിന്റെ അന്വേഷണത്തിലെ കണ്ടെത്തലുകൾ അടങ്ങിയ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധം 1 - ആയി ചേർക്കുന്നു |

സെക്ഷൻ ഓഫീസർ

ഡോ. എൽ.ചന്ദ്രശേഖർ. IFS
അഡീഷണൽ പ്രിൻസിപ്പൽ
ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
(വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ്)

ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്,
തിരുവനന്തപുരം-695 014
ഫോൺ : 0471-2321583
*e-mail : apccf-vig.for@kerala.gov.in*

KFDHQ/8138/2024-VIG/VE10

തീയതി :06-05-2025

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
( ഭരണം)
തിരുവനന്തപുരം

സർ,

വിഷയം: ശ്രീ. കെ ഷാജിർ അറാഫത്ത്, കോഴിക്കോട് മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിൽ നമ്പർ: G-3241002751 ആയി സമർപ്പിച്ച പരാതി - അന്വേഷണ റിപ്പോർട്ടിന്മേലുള്ള നടപടികൾക്കായുള്ള ശുപാർശകൾ – സംബന്ധിച്ച്.

സൂചന:

1. ശ്രീ. കെ ഷാജിർ അറാഫത്ത്, കോഴിക്കോട് മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിൽ നമ്പർ: G-3241002751 ആയി സമർപ്പിച്ച പരാതി.
2. 08.04.2025 തീയതിയിലെകോഴിക്കോട് ഫ്ലയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ KFDDO 60262/2024/DFOFSKKD/P നമ്പർ അന്വേഷണ റിപ്പോർട്ട്.
3. കോഴിക്കോട് ഇൻസ്പെക്ഷൻ ആൻഡ് ഇവാല്യൂഷൻ കൺസർവേറ്ററുടെ 11.04.2025 തീയതിലെ KFDIEN/594/2024-CFI and ENR/ T നമ്പർ കത്ത്.
4. താങ്കളുടെ 25-2-2025 തീയതിലെ KFDHQ/3136/2024-ADMIN/B1 നം.കത്ത്

മേൽ വിഷയത്തിലേക്കും സൂചനയിലേക്കും ശ്രദ്ധ ക്ഷണിക്കുന്നു. ശ്രീ. കെ ഷാജിർ അറാഫത്ത്, കാരാട്ട്, ബിലാത്തിക്കുളം കോളനിറോഡ്, എരഞ്ഞിപ്പാലം.പി.ഒ, കോഴിക്കോട് മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിൽ സൗത്ത് വയനാട് ഡിവിഷൻ മേപ്പാടി റെയിഞ്ചിലെ ചെമ്പ്ര വനസംരണസമിതിയിൽ സാമ്പത്തിക ക്രമക്കേട് സംബന്ധിച്ച ഡോക്കറ്റ് നമ്പർ: G-3241002751 ആയി സമർപ്പിച്ച പരാതിയിൽ കോഴിക്കോട് ഫ്ലയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അന്വേഷണം നടത്തി സൂചന (2) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും ആയതിൽ ഫോറസ്റ്റ് കൺസർവേറ്റർ ഇൻസ്പെക്ഷൻ & ഇവാല്യൂവേഷൻ, കോഴിക്കോട് സൂചന (3) പ്രകാരം ശുപാർശകളും സമർപ്പിച്ചിട്ടുണ്ട്. ടി അന്വേഷണ റിപ്പോർട്ടുകളിൽ തുടർ നടപടി സ്വീകരിക്കാനായി ഇതോടൊപ്പം ഉള്ളടകം ചെയ്യുന്നു.

വിശ്വസ്തതയോടെ,

ഉള്ളടക്കം: മേല്പ്പറഞ്ഞവ

Signed by
Chandrasekar L
Date: 06-05-2025 14:46:36

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
(വിജിലൻസ് &ഫോറസ്റ്റ് ഇന്റലിജൻസ്)

പകർപ്പ് : കോഴിക്കോട് ഇൻസ്പെക്ഷൻ ആൻഡ് ഇവാല്യൂഷൻ ഫോറസ്റ്റ് കൺസർവേറ്റർ
പകർപ്പ് : കോഴിക്കോട് ഫ്ലയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
പകർപ്പ് : കണ്ണൂർ ഉത്തരമേഖല ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ

ആർ.കീർത്തി, ഐഎഫ്എസ്.
ഫോറസ്റ്റ് കൺസർവേറ്റർ
പൂർണ്ണ അധിക ചുമതല
PEN:736353

ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസ്
ഇൻസ്പെക്ഷൻ & ഇവാല്യുവേഷൻ
നോർതേൺ റീജ്യൺവനശ്രീ, മാത്തോട്ടം ,
അരക്കിണർ പി.ഒകോഴിക്കോട്-673028
ഫോൺ - 0495 2416800
E-mail : cf-ie-nr.for@kerala.gov.in

നം.KFDIEN/594/2024-CFI and ENR/ T

തീയതി: 11-04-2025

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
(വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ്)
തിരുവനന്തപുരം

സർ,

വിഷയം : സൗത്ത് വയനാട് ഡിവിഷൻ മേപ്പാടി റെയിഞ്ചിൽ ചെമ്പ്രവനസംരക്ഷണസമിതിയിൽ സാമ്പത്തികക്രമക്കേട് നടന്നതിൽ എല്ലാ സഹായസഹകരണവും നൽകിയത് സൌത്ത് വയനാട് ഡിഎഫ്ഒ ആയിരുന്ന ശ്രീമതി. എ ഷജ്നയും മേപ്പാടി റെയിഞ്ച് ഫോറസ്റ്റ്ഓഫീസർ ഡി ഹരിലാലും, വൈത്തിരി ഡെപ്യൂട്ടി റെയിഞ്ച്ഓഫീസർ അരവിന്ദാക്ഷൻ കണ്ടോത്ത്പാറയുമാണ് എന്നും മറ്റുമുള്ള പരാതിയിൽ പുതുക്കിയ റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച്

സൂചന :
1. CMO Portal നമ്പർ: G-3241002751

2.അങ്ങയുടെ 18.03.2025 തീയതിയിലെ KFDHQ/8138/2024/VIG/VE-10 നമ്പർ കത്ത്

3.കോഴിക്കോട് ഫ്ളയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ 08.04.2025 തീയതിയിലെ KFDDO 60262/2024/DFOFSKKD/P നമ്പർ കത്ത്

മേൽ സൂചനകളിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. മേൽ വിഷയം സംബന്ധിച്ച പരാതിയിന്മേൽ അങ്ങയുടെ സൂചന (2) ലെ നിർദേശ പ്രകാരം കോഴിക്കോട് ഫ്ലയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ പുതുക്കിയ അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.ആയതിന്മേലുള്ള ശുപാർശ താഴെ പറയും പ്രകാരം ബോധിപ്പിക്കുന്നു.

സൗത്ത് വയനാട് ഡിവിഷൻ മേപ്പാടി റെയിഞ്ചിൽ ചെമ്പ്ര വന സംരക്ഷണ സമിതിയിൽ സാമ്പത്തിക ക്രമക്കേട് നടന്നതിൽ എല്ലാ സഹായസഹകരണവും നൽകിയത് സൌത്ത് വയനാട് ഡിഎഫ്ഒ ആയിരുന്ന ശ്രീമതി. എ ഷജ്നയും മേപ്പാടി റെയിഞ്ച് ഫോറസ്റ്റ്ഓഫീസർ ഡി ഹരിലാലും , വൈത്തിരി ഡെപ്യൂട്ടി റെയിഞ്ച്ഓഫീസർ അരവിന്ദാക്ഷൻ കണ്ടോത്ത്പാറയുമാണ് എന്നും മറ്റുമാണ് പരാതിയിലെ പ്രധാന ആരോപണങ്ങൾ. പരാതിയിൽ അന്വേഷണത്തിന്റെ ഭാഗമായി സൗത്ത് വയനാട് ഫോറസ്റ്റ് ഡിവിഷൻ, മേപ്പാടി റെയിഞ്ച്, വൈത്തിരി ഫോറസ്റ്റ് സ്റ്റേഷൻ, ചെമ്പ്രവനസംരക്ഷണസമിതി ഓഫീസ് എന്നിവിടങ്ങളിൽ പോയി രേഖകൾ പരിശോധിക്കുകയും, തെളിവുകളും മൊഴികളും ശേഖരിക്കുകയും രഹസ്യാന്വേഷണം നടത്തുകയും ചെയ്തതായി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

GO(MS) 9/2009/F & WLD തീയതി 03.02.2009 സർക്കാർ ഗൈഡ് ലൈൻ പ്രകാരം 2019 ഒക്ടോബറിൽ

ചെമ്പ്ര വനസംരക്ഷണ സമിതിക്ക് വേണ്ടി 5 ടിക്കറ്റ് മെഷീനുകൾ അനുവദിച്ചു എന്നും ടിക്കറ്റും മെഷീനുകൾ എല്ലാം അഞ്ചു ദിവസം കൊണ്ട് ഡൗൺലോഡ് ചെയ്യേണ്ടതും രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുണ്ട് എന്നും ഇപ്രകാരം രജിസ്റ്റർ മെയിന്റയിൻ ചെയ്തിട്ടില്ല എന്നാണ് പരാതിക്കാരൻ പറയുന്നതെങ്കിലും G O (MS)9/2009 തീയതി 03.02.2009 എന്നതിൽ പറയുന്നത് നിലവിലെ പി.എഫ്.എം മാർഗ്ഗനിർദേശങ്ങളിൽ ചില മാറ്റം വരുത്തി ഗൈഡ് ലൈൻ പുതുക്കിക്കൊണ്ടുള്ള ഉത്തരവാണിതെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ എവിടെയും ടിക്കറ്റ് മെഷിനെക്കുറിച്ചോ അനുബന്ധ വിഷയങ്ങളോ പറയുന്നില്ല. എന്നാൽ 23.08.2017 സർക്കാർ ഇറക്കിയ GO (MS) 40/2017/F&WLD പ്രകാരം ഇഎംഎഫിന്റെ പുതുക്കിയ ഗൈഡ് ലൈൻ പുറത്തിറക്കിയിട്ടുണ്ട്'. ഇതിൽ 1.2 (b) " e-ticket will be introduced in all eco tourism sites at the earliest. Printed ticket sale will be discontinued when the e- ticketing come into existence"എന്ന് പറയുന്നുണ്ട് . ഈ ഗൈഡ് ലൈൻ പ്രകാരം 7 രജിസ്റ്ററുകളാണ് ഇക്കോ ടൂറിസത്തിന്റെ ഭാഗമായി സമിതികൾ സൂക്ഷിക്കേണ്ടതെന്നും ആയതും സമിതികൾ തയ്യാറാക്കേണ്ട ഫോറങ്ങളും യഥാവിധി സൂക്ഷിക്കുന്നില്ലെന്നും കണ്ടെത്തിയിട്ടുണ്ട്. 2008 മെയ് മാസത്തിൽ വനം വകുപ്പിലെ E & TW വിഭാഗം പുറത്തിറക്കിയ പി.എഫ്.എം മാർഗ്ഗനിർദ്ദേശത്തിൽ 49 ആം പേജിൽ സമിതികളിൽ സൂക്ഷിക്കേണ്ട രേഖകളും രജിസ്റ്ററുകളും പ്രതിപാദിക്കുന്നുണ്ടെന്നും ആയതു പരിശോധിച്ചതിൽ ചില രേഖകൾ സൂക്ഷിക്കുന്നല്ലെന്നും കണ്ടെത്തിയിട്ടുണ്ട്.

അന്വേഷണത്തിന്റെ ഭാഗമായി ശ്രീമതി.ഷജ്ന.എ എ.സി.എഫ്, ശ്രീ ഡി. ഹരിലാൽ ആർ.എഫ്.ഒ, ഡെപ്യൂട്ടി റെയിഞ്ചർമാരായ ശ്രീ അരവിന്ദാക്ഷൻ കണ്ടേത്തുപാറ, ശ്രീ ഷിജു ജോസ്, ശ്രീ കെ സനിൽ, കെ.പി അഭിലാഷ്, ശ്രീ ബെന്നി ആർ.എഫ്.ഒ, ശ്രീ എം.കെ സമീർ, എ.സി.എഫ്, ബി.എഫ്.ഒ മാരായ ശ്രീ വി.പി വിഷ്ണു, ശ്രീ അജീഷ് പി.എസ്, ശ്രീ സംഗീത് ബി, ശ്രീ രഞ്ജിത്ത് എം.എ, ശ്രീ ബിനീഷ് പി.പി എന്നിവരുടെ മൊഴികൾ ശേഖരിക്കുകയും വയനാട് ജില്ലാ ധനകാര്യ സ്ക്വാഡിന്റെ റിപ്പോർട്ട്, ആയതിന് സി.ഇ.ഒ സൗത്ത് വയനാട് നൽകിയ മറുപടി, എക്സ്റ്റേണൽ ഓഡിറ്റ് റിപ്പോർട്ടുകൾ, ചെമ്പ്ര വി.എസ്.എസിലെ മിനുട്സ് ബുക്ക് ചെമ്പ്ര വി.എസ്.എസിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് പ്രത്യേക അന്വേഷണ സംഘം സമർപ്പിച്ച റിപ്പോർട്ടും അനുബന്ധ രേഖകളും സർക്കാർ ഉത്തരവുകളും പരിശോധിക്കുകയുണ്ടായെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2012 മുതൽ ചെമ്പ്ര ഇക്കോ ടൂറിസത്തിൽ ടിക്കറ്റ് മെഷീൻ ഉപയോഗിച്ച് വരുന്നതായും ടിക്കറ്റ് മെഷീനുകൾ ഡൗൺലോഡ് ചെയ്ത് സൂക്ഷിക്കുന്ന രീതി കാണുന്നതായും, 2012 മുതൽ 2017 വരെ ഡെയിലി കലക്ഷൻ രജിസ്റ്ററുകൾ സൂക്ഷിച്ചുവരുന്നതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2012 ൽ ടിക്കറ്റ് മെഷീനുകൾ അനുവദിച്ചതു മുതൽ ഡെയിലി കളക്ഷൻ രജിസ്റ്റർ എന്ന രീതിയിലൊരു രജിസ്റ്റർ സൂക്ഷിച്ചു വരുന്നതായും GO (MS) 40/2017/F&WLD -EMF മാർഗ്ഗനിർദ്ദേശങ്ങൾ വന്നതു മുതൽ ഈ ഉത്തരവിൽ നിഷ്കർഷിക്കും പ്രകാരം ഡെയിലി കലക്ഷൻ രജിസ്റ്ററിൽ മാറ്റം വരുത്തിയിട്ടില്ലെന്നും ആയതിനാൽ 2012 മുതൽ ഫോറസ്റ്റ് ഉദ്യോഗസ്ഥർടിക്കറ്റ് മെഷീനുകൾ ഡൗൺലോഡ് ചെയ്ത് രജിസ്റ്ററിൽ ചേർക്കുകയോ രജിസ്റ്റർ മെയിന്റയിൻ ചെയ്യുകയോ ചെയ്തിട്ടില്ല എന്ന ആരോപണം തെറ്റാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പരാതിക്കാരൻ പരാതിയിൽ ഉന്നയിക്കുന്നതുപോലെ സാമ്പത്തിക കുറ്റാന്വേഷണ ഏജൻസിയല്ല സൗത്ത് വയനാട് ഡിവിഷനിലും ചെമ്പ്ര വി.എസ്.എസിലും പരിശോധന നടത്തിയത് മറിച്ച് വയനാട് ജില്ലാ ധനകാര്യ വിഭാഗമാണെന്നും 2024 ൽ 2300485/DFISEM/166/2022-FIN തീയതി 15.06.2024 നമ്പർ ആയുള്ള ജില്ലാ ധനകാര്യ പരിശോധന വിഭാഗത്തിന്റെ റിപ്പോർട്ട് പ്രകാരം മേൽ ആരോപണത്തിൽ പറയുന്ന രീതിയിൽ സാമ്പത്തിക തിരിമറി നടന്നതായോ അപഹരിച്ച പണം തിരികെ നൽകിയതായോ കാണുന്നില്ലെന്നും ജില്ല ധനകാര്യ വിഭാഗത്തിന്റെ അന്വേഷണക്കുറിപ്പിന് സൗത്ത് വയനാട് സി ഇ ഒ 05.04.2024 തീയ്യതിയായി KFDDO-13682/2024/B3 നമ്പറായി നൽകിയ മറുപടിയിൽ ചെമ്പ്ര ഇക്കോ ടൂറിസത്തിലെ കളക്ഷൻ തുകയിൽ

തിരിമറി നടന്നത് കണ്ടെത്തിയതായി പറയുന്നില്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സൗത്ത് വയനാട് എഫ്.ഡി.എ യിലെ സ്പെഷൽ ഇൻവെസ്റ്റിഗേഷൻ കമ്മിറ്റിയുടെ 08.05.2024 ലെ റിപ്പോർ ട്ടിലെ ചെമ്പ്ര ഇക്കോ ടൂറിസത്തിലെ കളക്ഷൻ തുകയിൽ തിരിമറി നടന്നത് കണ്ടെത്തലിനെ തുടർന്ന് അങ്ങ് നിയോഗിച്ച പ്രത്യേക അന്വേഷണ സംഘം ഇക്കാര്യത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്.ക്രമക്കേട് കണ്ടെത്തിയതിനെ തുടർന്ന് 11.04.2024 ന് 1507000/-, 12000/-, 16.04.2024 ന് 83255/- രൂപയും ചേർത്ത് ആകെ 1602255/- രൂപ ക്യാഷായി സമിതിയുടെ മേപ്പാടിയിലെ ബാങ്ക് ഓഫ് ബറോഡ അക്കൌണ്ടിൽ നിക്ഷപിച്ചിട്ടുണ്ടെന്ന് പ്രത്യേക അന്വേഷണ സംഘം സമർപ്പിച്ച റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. പ്രത്യേക അന്വേഷണ സംഘം ചെമ്പ്ര ഇക്കോ ടൂറിസത്തിലെ കളക്ഷൻ തുകയിൽ തിരിമറി നടന്നത് കണ്ടെത്തിയതിനെ തുടർന്ന് തിരിമറി നടത്തിയ തുക തിരിച്ചടപ്പിച്ചിട്ടുള്ളതും ഉത്തരവാദികളായി കണ്ടെത്തിയ സെക്രട്ടറിമാരായിരുന്ന ബി എഫ് ഓ മാരെ സസ്പെൻഡ് ചെയ്തിട്ടുള്ളതും ശരിയാണ്. 2024 ൽ 2300485/DFISEM/166/2022-FIN തീയതി15.06.2024 നമ്പർ ആയുള്ള ജില്ലാ ധനകാര്യ പരിശോധന വിഭാഗത്തിന്റെ പരിശോധന തന്നെയാണ് ഇതേ കാലയളവിൽ ചെമ്പ്ര VSS ലെ തിരിമറികൾ കണ്ടെത്താൻ പ്രേരകമായതെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ചെമ്പ്ര വി എസ് എസിൽ ഇന്റേണൽ ഓഡിറ്റ് 2008 മുതൽ 2 0 2 2 വരെ നടത്തിയിട്ടില്ലെന്നും ഡിവിഷൻ തലത്തിൽ 2013, 2023 ഇന്റേണൽ ഓഡിറ്റ് നടത്തിയിട്ടുള്ളതായും ഏ ജി ഓഡിറ്റ്- നടത്തിയിട്ടില്ലെന്നും എന്നാൽ എക്സ്റ്റേണൽ ഓഡിറ്റ്- K RAJAN & co Chartered Accountants മുഖേന ചെമ്പ്ര വി എസ് എസിലെ 2022-23 വർഷത്തെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റ് ചെയ്തതായും എന്നാൽ എഫ്.ഡി.എ തലത്തിൽ 2018-19 സാമ്പത്തിക വർഷം മുതൽ 2022-23 സമ്പത്തിക വർഷം വരെയുള്ള എക്സ്റ്റേണൽ ഓഡിറ്റിങ്ങ് (CA ഓഡിറ്റിങ്ങ്)നടത്തിയതായും 2008-09 മുതൽ 2015-16 വരെ യഥാസമയങ്ങളിൽ തന്നെ ഓഡിറ്റ് നടന്നതായി കാണുണ്ടെന്നും 2016-17 മുതൽ 2022-2023 വരെയുള്ള ഓഡിറ്റ് റിപ്പോർട്ട് 2024 ജനുവരി, മെയ് മാസങ്ങളിലായി സമർപ്പിച്ചതായാണ് കാണുന്നതെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീമതി എ ഷജ്നയുടെ മൊഴിയിൽ 2021 ൽ ഓഡിറ്റിംഗ് നടത്തുന്നതിനായി കത്ത് നൽകിയിരുന്നു എന്ന് പറയുന്നത് ശരിയാണെങ്കിലും ഓഡിറ്റിംഗിന് വിധേയമാക്കേണ്ട ഫയലുകൾ പൂർണ്ണമായും ഹാജരാക്കാത്തതിനാൽ നിരവധി കത്തിടപാടുകൾക്ക് ശേഷം 2023 ലെ അപേക്ഷ പ്രകാരമാണ് 2016-17 മുതൽ 2022-2023 വരെയുള്ള ഓഡിറ്റ് നടത്തിയിട്ടുള്ളത് എന്ന് ഓഡിറ്റ് നടത്തിയ ചാർട്ടേഡ് അക്കൌണ്ടന്റായ ശ്രീ എ മണി ഫോണിലൂടെ അറിയിച്ചിട്ടുണ്ടെന്നും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

വിവിധ ഫോറസ്റ്റ് കേസുകളിൽ പ്രതിവാദ പത്രിക സമർപ്പിക്കുന്നതിനും എഫ്ഡിഎയുമായി ബന്ധപ്പെട്ട പ്രവർത്തികളിൽ സഹായിക്കാനും കൂടി വേണ്ടിയാണ് ശ്രീ. പ്രഭാകരൻ എന്നയാളെ നിയോഗിച്ചതെന്നും എന്നാൽ നിലമ്പൂർ നോർത്ത് വനം ഡിവിഷനിൽ നിന്ന് റിട്ടയർ ചെയ്ത ജീവനക്കാരെ നിയോഗിച്ചതുമായി ബന്ധപ്പെട്ട വന്ന പരാമർശങ്ങൾ അടിസ്ഥാനമായി 2 0 1 8 ഇത്തരത്തിൽ പുനർനിയമനം ഒഴിവാക്കാൻ നിർദ്ദേശം ഉള്ളതിനാൽ ടിയാനെ ദിവസവേതനക്കാരനായി നിയോഗിച്ചത് ഉചിതമല്ലെന്നും മാത്രമല്ല ടിയാന്റെ വേതനം F D A ഫണ്ടിൽ നിന്നു തന്നെയാണ് നൽകിയിരിക്കുന്നത് എന്ന് അന്നത്തെ ചെക്ക് നോട്ട് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യക്തമാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരം ടിയാന്റെ സേവനം ഉടൻ പ്രാബല്യത്തിൽ അവസാനിപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുള്ള സാഹചര്യത്തിൽ ടിയാനെ നിയോഗിച്ചത് ശരിയല്ലെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.എഫ്ഡിഎ വഴി അഴിമതികൾ നടത്താനാണ് ശ്രീ. പ്രഭാകരനെ നിയോഗിച്ചിട്ടുള്ളത് എന്നത് തെളിയിക്കത്തക്ക രേഖകൾ ഒന്നും തന്നെ ഇല്ലെന്നും ശ്രീ പ്രഭാകരൻ എന്നയാളെ നിയോഗിച്ച കാലത്തും പുറത്താക്കിയതിനു ശേഷവും ചെമ്പ്ര ഇക്കോ ടൂറിസത്തിൽ വന്നിട്ടുള്ള വരുമാന വ്യത്യാസം

ടിയാൻ അഴിമതിക്ക് കൂട്ടുനിന്നത് കൊണ്ടാണ് എന്ന് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ അന്വേഷണത്തിൽ കണ്ടെത്താനായിട്ടില്ല എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

14.08.2011ലെ എക്സിക്യൂട്ടീവ് കമ്മറ്റിയോഗത്തിൽ ഒന്നാം തീരുമാനത്തിൽ സമിതിക്ക് കിട്ടേണ്ട സർവ്വീസ് ചാർജ്ജ് തുക സമിതിയുടെ പേരിൽ വ്യാജമായി പിരിച്ചെടുത്തതിനാൽ ആണ് N. D സാബുവിനെ എക്സിക്യൂട്ടീവ് കമ്മറ്റിയിൽ നിന്ന് പുറത്താക്കിയിട്ടുള്ളതെന്നും എന്നാൽ ശ്രീ. ND സാബുവിന്റെ വി എസ് എസിലെ മെമ്പർഷിപ്പ് തുടർന്ന് വരുന്നതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 22.05.2022 ന് നടന്ന തെരഞ്ഞെടുപ്പ് പൊതുയോഗത്തിൽ ചെമ്പ്ര വി എസ് എസിൽ അംഗമായിരുന്ന ശ്രീ എൻ ഡി സാബുവിനെ എക്സിക്യൂട്ടീവ് കമ്മറ്റിയിലേക്ക് തെരഞ്ഞെടുത്തത് പി എഫ് എം മാർഗ്ഗ നിർദ്ദേശങ്ങളിലെ ഖണ്ഡിക 7.3.4 പ്രകാരം എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പാലിച്ചാണെന്ന് കാണുന്നതായും ശ്രീ എൻ ഡി സാബുവിനെ എക്സിക്യൂട്ടീവ് കമ്മറ്റിയിലേക്ക് തെരഞ്ഞെടുത്തത് റെയ്ഞ്ച് ഓഫീസർ ഹരിലാൽ, ഡി എഫ് ഒ എന്നിവർക്ക് അഴിമതി നടത്താനാണെന്ന ആരോപണം തെളിയിക്കാനാവാത്തതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

അന്വേഷണ റിപ്പോർട്ട് പ്രകാരം വിജിലൻസ് അന്വേഷണത്തിൽ നിന്നും സാമ്പത്തിക കുറ്റാരോപണങ്ങളിൽ നിന്നും രക്ഷ നേടുന്നതിന് രേഖകൾ ശരിയാക്കാൻ ശ്രീ പ്രഭാകരൻ ഫോറസ്റ്റ് ഓഫീസർ ആയ ഹരിലാലിന്റെ ക്വാർട്ടേഴ്സിലും ഓഫീസിലും ചെന്നിരുന്നു എന്ന ആരോപണം തെളിയിക്കാനാവാത്തതാണ്.

ശ്രീ ബിനീഷ് പി പി 23.1..2023 മുതൽ 25.2.2023വരെ അവധിയിൽ പോയ കാലയളവിൽ Kerala Forest Code Vol. I ഖണ്ഡിക 6.5.5 ൽ നിഷ്കർഷിക്കുന്ന വിധത്തിൽ പകരം ഒരാൾക്ക് ടി സി ആർ നൽകുകയോ രേഖകൾ കൈമാറുകയോ ചെയ്തതായി കണ്ടെത്തിയിട്ടില്ല. മാത്രമല്ല വി.എസ്.എസിന്റെ ചുമതലകൾ കൈമാറുന്നത് സംബന്ധിച്ച് ചാർജ്ജ് ലിസ്റ്റിന്റെ മാതൃക കൈപ്പുസ്തകത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. ഈ മാതൃകയിൽ ടി സി ആർ കൈമാറിയതായും കാണുന്നില്ല. ഇതിനു മുന്നോടിയായി പകരം ചുമതല നൽകേണ്ടയാൾക്ക് ടി സി ആർ കൈമാറണമെന്ന് റേഞ്ച് ഫോറസ്റ്റ് ഓഫീസറോ ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസറോ രേഖ മൂലം അറിയിപ്പ് നൽകിയതായി കാണുന്നില്ല. ആയതിനാൽ എന്നാൽ ടി സി ആർ കൊടുക്കുകയോ വാങ്ങുകയോ ചെയ്യുകയോ കൈപ്പുസ്തകപ്രകാരം പുതിയ സെക്രട്ടറിയെ നിയമിക്കുകയോ ചെയ്തിട്ടില്ല എന്ന ആരോപണം ശരിയാണെന്ന് കണ്ടെത്തിയിട്ടുണ്ട്. വി എസ് എസ് സെക്രട്ടറിയെ മാറ്റി നിയമിക്കുന്നതിന് ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസറുടെയും റേഞ്ച് ഫോറസ്റ്റ് ഓഫീസറുടെയും നിയത ഫോർമാറ്റിലുള്ള ശുപാർശ സി.ഇ.ഒ ക്ക് സമർപ്പിക്കേണ്ടതുണ്ട്. ഇപ്രകാരം ഒന്നും ചെയ്തതായി കാണുന്നില്ല. പണം അപഹരിക്കുന്നതിനാണ് ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ സെക്രട്ടറിയുടെ ചുമതല മറ്റൊരാൾക്ക് നല്കാതിരുന്നത് എന്ന ആരോപണം തെളിയിക്കപ്പെട്ടിട്ടില്ല. ബിനീഷ് പി പി അവധിയിൽ പ്രവേശിക്കുകയും മറ്റൊരാൾക്ക് ചാർജ്ജ് നൽകാതിരിക്കുകയും ചെയ്ത സമയത്താണ് 28.01.2023 ന് 1,03,878/- രൂപ ബാങ്കിലേക്ക് അടവ് വരാതിരുന്നത്. ഇതിന് ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസർ ഉൾപ്പെടെയുള്ളവർ ഉത്തരവാദികളാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീ എം എ രഞ്ജിത്ത് 2020-21 ൽ വി എസ് എസ് സെക്രട്ടറിയായിരുന്ന സമയത്ത് 27.09.2021 നും 04.10.2021 നും മിനിമം ബാലൻസ് ഇല്ലാത്തതിനാൽ ബാങ്ക് 73.75 രൂപ ഈടാക്കിയതായി കാണുന്നുണ്ടെന്നും എന്നാൽ ബാലൻസ് തുക പരിശോധിച്ചതിൽ 27.09.2021 ന് 10,99,793.01 രൂപയും 04.10.2021ന് 13,09,288.26 രൂപയും ഉണ്ടായിരുന്നതായും ഇതിൽ നിന്നും മിനിമം ബാലൻസ് പോലും നോക്കാതെ FDA യിലേക്ക് തുക കൈമാറാനുള്ള ചെക്ക് നൽകിയിരുന്നതായി കണക്കാക്കുന്നതായും മാത്രമല്ല ടിയാന്റെ കാലഘട്ടത്തിൽ FDA യിലേക്ക് അടവ് ചെല്ലുന്നത് നിരവധി തവണ കാലവിളമ്പം ഉണ്ടായതായും FDA യിലേക്ക് അടവാക്കേണ്ട തുക കൃത്യതയില്ലാതെ ട്രാൻസ്ഫർ ചെയ്യുന്നത് വഴി വി എസ് എസിന്റെ അക്കൗണ്ടിലെ മിനിമം

ബാലൻസിനേക്കാൾ കൂടുതൽ തുകകളുള്ള ചെക്ക് നൽകുകയും ചെക്ക് ബൌൺസ് ആവുകയും ചെയ്തതായും കണ്ടെത്തിയിട്ടുണ്ട്.

ദീർഘകാല അവധിയിൽ പ്രവേശിക്കുന്ന സമയത്തോ സ്ഥലം മാറി പോകുന്ന സമയത്തോ നിയമാനുസൃതം നൽകേണ്ട ചാർജ്ജ് കൈമാറ്റ വ്യവസ്ഥകളോ, ചാർജ് ലിസ്റ്റുകളോ കൈമാറിയിട്ടില്ലെന്നും ഒരാൾ ദീർഘകാല അവധിയിലോ, സ്ഥലം മാറി പോകുമ്പോഴോ ചാർജ് കൈമാറുന്നത് സംബന്ധിച്ച് യാതൊരു ഉത്തരവും ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസർ, റേഞ്ച് ഫോറസ്റ്റ് ഓഫീസർ,ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ എന്നിവർ നൽകിയിട്ടില്ലെന്നും എന്നിരുന്നാലും 04.02.2023 ന് ശ്രീഎം എ രഞ്ജിത്തിനെ ചെമ്പ്ര വിഎസ് എസ് സെക്രട്ടറി ആക്കിയത് പണാപഹരണം നടത്താൻ ആണെന്ന് തെളിയിക്കാനായിട്ടില്ലെന്നും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

19.06.2023ന് വൈത്തിരി ഫോറസ്റ്റ് സ്റ്റേഷനിൽ ജോയിൻ ചെയ്ത ശ്രീ വി പി വിഷ്ണുവിനെ വി എസ് എസ് സെക്രട്ടറി ആക്കുന്നത് 11.07.2023 നാണെന്നും എന്നാൽ ചെമ്പ്ര വി എസ് എസ്സിന്റെ കാര്യങ്ങൾ ഒന്നും തന്നെ 19.08.2 0 2 3 വരെ ടിയാൻ നോക്കിയിരുന്നില്ല എന്ന് ടിയാന്റെ മൊഴിയിൽ നിന്നും വ്യക്തമായിട്ടുള്ളതായും 13.07.2023ന് 15,91,972/-രൂപയുടെ ചെക്ക് നൽകിയത് മതിയായ തുകയില്ലാത്തതിനാൽ പിഴ ഈടാക്കിയതായും വി എസ് എസ്സിന്റെ വരവ് ചെലവ് അക്കൗണ്ട് ക്രയവിക്രയങ്ങളിൽ യാതൊരുവിധ ശ്രദ്ധയും ചെലുത്തിയിട്ടില്ലെന്നും കണ്ടെത്തിയിട്ടുണ്ട്.ശ്രീ എം എ രഞ്ജിത്ത് വൈത്തിരി ഫോറസ്റ്റ് സ്റ്റേഷനിൽ നിന്ന് വിടുതൽ ചെയ്യുന്നത് 19.08.2023നാണ്. ആയതിനാൽ 11.07.2023 മുതൽ 19.08.2023 വരെ വനസംരക്ഷണ സമിതിയുടെ പ്രവർത്തനങ്ങളിൽ മാന്ദ്യവും നോട്ടക്കുറവും ഉണ്ടായതായി അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. നോർത്ത് വയനാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ 31.05.2024 തീയതിയിലെ ഇ1-1818/2024 നമ്പർ ഉത്തരവ് പ്രകാരം ചെമ്പ്ര വി എസ് എസ്സിന്റെ സെക്രട്ടറിമാരായിരുന്ന ശ്രീ. പി. പി. ബിനീഷ്, ശ്രീ എം. രഞ്ജിത്ത്, ശ്രീ. വിഷ്ണു. വി. പി എന്നിവരെ സസ്പെൻഡ് ചെയ്തിട്ടുള്ളതാണ്. സെക്രട്ടറിമാർ സ്ഥലം മാറിപ്പോകുന്ന സമയത്ത് ചാർജ് കൈമാറ്റത്തിന് നിഷ്കർഷിക്കുന്ന നിയതമായ യാതൊരു രേഖകളും കൈമാറിയിട്ടില്ലെന്നും വി എസ് എസ്സിന്റെ ദൈനംദിന കണക്കുകളും ചുമതലകളും സെക്രട്ടറിമാർ കൃത്യമായി ഏറ്റെടുത്ത് നടത്താതിരുന്നതിനാൽ ദിവസ വേതനത്തിന് വെച്ച ഗൈഡായ ശ്രീ പ്രണീഷിന്റെ കുറ്റമായി ഇത് കാണാനാവില്ലെന്നും ശ്രീ അരവിന്ദാക്ഷൻ കണ്ടേത്തുപാറ ചെമ്പ്ര വി.എസ്.എസ് സെക്രട്ടറിയായി ചുമതല വഹിച്ചിട്ടില്ലെന്നും റിപ്പോർട്ടിൽ പറയുന്നു.മേൽ കാര്യങ്ങളെല്ലാം പണാപഹരണമോ/അഴിമതിയോ നടത്താനാണ് ചെയ്തതെന്ന് തെളിയിക്കാനാവുന്നില്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

<u>കുറ്റക്കാരായ വ്യക്തികൾ / ഉദ്യോഗസ്ഥർ, സംഭവിച്ച വീഴ്ചകൾ:</u>

2008 ൽ ചെമ്പ്ര വി.എസ്.എസ് ആരംഭിച്ചതുമുതൽ 2017 വരെ സൗത്ത് വയനാട് എഫ്.ഡി.എ സി.ഇ.ഒ മാരായിരുന്ന ഉദ്യോഗസ്ഥരുടെ പേരുവിവരങ്ങൾ

| ഉദ്യോഗസ്ഥർ | കാലഘട്ടം | വീഴ്ചകൾ |
|---|---|---|
| 1. ശ്രീ പി സുലൈമാൻ | 01.02.2008- 30.06.2008 | • GO (Ms) 26/2006/F&WLD Dt: 20.07.2006ഉത്തരവിലെ 14 ആം നിർദ്ദേശം റിവ്യൂ ഓഫ് പി.എഫ്.എം എന്നതാണ്. ഇതിൽ റെയിഞ്ച് ഓഫീസറും ഡി.എഫ്.ഒ യും കൺസർവേറ്ററും വിഎസ്എസിന്റെ ന്യൂനതകൾ പരിഹരിക്കാൻ ബാദ്ധ്യസ്ഥരാണ്. |
| 2. ശ്രീ കെ.കെ സുനിൽ കുമാർ | 01.07.2008- 29.07.2011 | • GO (Ms) 26/2006/F&WLD Dt: 20.07.2006ഉത്തരവിലെ 8 ആം നിർദ്ദേശത്തിൽ (iv) ൽ "The Divisional Forest Officer or his nominated officer shall be responsible for the activities of the VSS ..... the sho |
| 3. ശ്രീ പി ധനേഷ് കുമാർ | 29.07.2011- 12.06.2015 | |
| | | |

| | | |
|---|---|---|
| 4. ശ്രീ അബ്ദുൾ അസീസ് | 12.06.2015- 13.04.2018 | rtcomings and observations noted during the review shall be acted upon by the VSS" എന്ന് കാണുന്നു.<br>• 2008 മുതൽ 2017 വരെയുള്ള സി.ഇ.ഒ മാർക്ക് മേൽനോട്ടത്തിൽ അപാകം വന്നിട്ടുണ്ട് എന്ന് കാണാമെങ്കിലും നിശ്ചിത കാര്യത്തിൽ നിശ്ചിതമായ അമാന്തം സംഭവിച്ചു എന്ന് കണ്ടെത്തുക ദുഷ്കരമാണ്.<br>• സമിതിയുടെ ഓഡിറ്റിംഗ് യഥാസമയത്ത് നടത്തുകയോവനസംരക്ഷണസമിതിപ്രവർത്തനങ്ങൾസമയാസമയങ്ങളിൽവിലയിരുത്തുകയോചെയ്തില്ല.<br>• ഇക്കോ ടൂറിസം പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട GO(Ms) No. 40/2017 പ്രകാരമുള്ള രജിസ്റ്ററുകളും ഫോറങ്ങളുംസൂക്ഷിക്കുന്നുണ്ടോ എന്ന് പരിശോധന നടത്തി ഉറപ്പ് വരുത്തിയിട്ടില്ല. |

2008 ൽ ചെമ്പ്ര വി.എസ്.എസ് ആരംഭിച്ചതുമുതൽ 2017 വരെ മേപ്പാടി റെയിഞ്ച് ഓഫീസർമാരായിരുന്ന ഉദ്യോഗസ്ഥരുടെ പേരുവിവരങ്ങൾ

| <u>ഉദ്യോഗസ്ഥർ</u> | <u>കാലഘട്ടം</u> | <u>വീഴ്ചകൾ</u> |
|---|---|---|
| 1. ശ്രീ കെ.ജെ കുര്യാക്കോസ് | 19.01.2009- 19.06.2009 | • GO (Ms) 26/2006/F&WLD Dt: 20.07.2006ഉത്തരവിലെ 14 ആം നിർദ്ദേശം റിവ്യൂ ഓഫ് പി.എഫ്.എം എന്നതാണ്. ഇതിൽ റെയിഞ്ച് ഓഫീസറും ഡി.എഫ്.ഒയും കൺസർവേറ്ററും വിഎസ്എസിന്റെ ന്യൂനതകൾ പരിഹരിക്കാൻ ബാദ്ധ്യസ്ഥരാണ്.<br>• പി എഫ് എം ഗൈഡ് ലൈൻ പ്രകാരമുള്ള നടപടിക്രമങ്ങളും രജിസ്റ്ററുകളുംസൂക്ഷിക്കുന്നുണ്ടോ എന്ന്ഉറപ്പ വരുത്തിയതായി കാണുന്നില്ല.<br>• കേരള ഫോറസ്റ്റ് കോഡ് vol I ഖണ്ഡിക 3.3.10 ലെ (i) (ii) (c) (d) (f) (g) എന്നീ നിഷ്കർഷകൾ ബന്ധപ്പെട്ട റേഞ്ച് ഫോറസ്റ്റ് ഓഫീസർമാർ കൃത്യതയോടെ ചെയ്തതായി പറയാനാകില്ല. 3.3.10 (ii) (c) യിൽ "He is responsible for the execution of all works in the range, collection and remittance of revenue and prompt and correct payment of sums due for work executed"<br>• 3.3.10 (ii) (d) "He shall carry out all inspections diligently and see that all subordinates do the works properly.............." പറയുന്നു.<br>• 3.3.10 (ii) (f) ൽ " ensure the correct maintenance of accounts relating to revenue and expenditure ........................." ഇക്കാര്യങ്ങൾ ഒന്നും തന്നെ ബന്ധപ്പെട്ട റേഞ്ച് ഫോറസ്റ്റ് ഓഫീസർമാർ പാലിച്ചിട്ടില്ല എന്ന് കാണാവുന്നതാണ്<br>• 2008 മുതൽ 2017 വരെയുള്ള ആർ.എഫ്.ഒ മാർക്ക് മേൽ നോട്ടത്തിൽ അപാകം വന്നിട്ടുണ്ട് എന്ന് കാണ |
| 2. ശ്രീ ബി രഞ്ജിത്ത് | 19.06.2009- 27.07.2012 | |
| 3. ശ്രീ സി.പി അനീഷ് | 27.07.2012- 24.02.2016 | |
| 4. ശ്രീ ബി ഹരിചന്ദ്രൻ | 16.03.2016- 27.10.2017 | |

| | | |
|---|---|---|
| | | ാമെങ്കിലും നിശ്ചിത കാര്യത്തിൽ നിശ്ചിതമായ അമ ാന്തം സംഭവിച്ച എന്ന് കണ്ടെത്തുക ദുഷ്കരമാണ്.<br>• സമിതിയുടെ ഓഡിറ്റിംഗ് യഥാസമയത്ത് നടത്തുകയ ോവനസംരക്ഷണസമിതിപ്രവർത്തനങ്ങൾസമയാ സമയങ്ങളിൽവിലയിരുത്തുകയോചെയ്തില്ല. |

വൈത്തിരി മോഡൽ ഫോറസ്റ്റ് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നത് 2017 ലാണ്. അതുവരെ ചെമ്പ്ര വി.എസ്.എസ് കോട്ടപ്പടി സെക്ഷന് കീഴിലായിരുന്നു. 2008 മുതൽ 2017 വരെ ടി സെക്ഷനിലെ സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരായിരുന്ന ഉദ്യോഗസ്ഥരുടെ പേരുവിവരങ്ങൾ

| ഉദ്യോഗസ്ഥർ | കാലഘട്ടം | വീഴ്ചകൾ |
|---|---|---|
| 1. ശ്രീ ഉണ്ണികൃഷ്ണൻ കെ.വി | 2008-2012 | • ഇക്കോ ടൂറിസം പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട GO(Ms) No. 40/2017 പ്രകാരമുള്ള രജിസ്റ്ററുകളും ഫോറങ്ങളുംസൂക്ഷിക്കുന്നുണ്ടോ എന്ന് പരിശോധന നടത്തിയതായി കാണുന്നില്ല.<br>• പി എഫ് എം ഗൈഡ് ലൈൻ പ്രകാരമുള്ള നടപടിക്രമങ്ങളും രജിസ്റ്ററുകളുംസൂക്ഷിക്കുന്നുണ്ടോ എന്ന്ഉറപ്പുവരുത്തിയതായി കാണുന്നില്ല.<br>• വി എസ് എസ് സെക്രട്ടറിമാർ ചാർജ് കൈമാറുമ്പോൾ ടി സി ആറും ചാർജ് ലിസ്റ്റും നൽകുന്നുണ്ടോ എന്ന് ഉറപ്പുവരുത്തിയില്ല.<br>• കേരള ഫോറസ്റ്റ് കോഡ് volume I, ഖണ്ഡിക 3.3.2 (4) ൽ " the Section Officer (Deputy Range Forest Officer) shall verify and submit the beat verification certificate to the Range Forest Officer for his review" ഇതിൽ നിന്നും RTC യും BVC യും പരിശോധിക്കേണ്ട ചുമതല സെക്ഷൻ ഫോറസ്റ്റ് ഓഫീസർക്കുണ്ട്. |
| 2. ശ്രീ അരവിന്ദാക്ഷൻ കണ്ടേത്തുംപാറ | 2012-2016 | |
| 3. ശ്രീ ജിജിൽ കെ | 2016-2018 | |

2008 മുതൽ 2017 വരെ ചെമ്പ്ര വി.എസ്.എസ് ന്റെ സെക്രട്ടറിമാരായിരുന്ന ഉദ്യോഗസ്ഥരുടെ പേരുവിവരങ്ങൾ

| ഉദ്യോഗസ്ഥർ | കാലഘട്ടം | വീഴ്ചകൾ |
|---|---|---|
| 1. ശ്രീ രാധാകൃഷ്ണൻ കെ.വി | 2008-2009 | • ഇക്കോ ടൂറിസം പ്രവർത്തനങ്ങളും മായി ബന്ധപ്പെട്ട GO(Ms) No. 40/2017 പ്രകാരമുള്ള രജിസ്റ്ററുകളും ഫോറങ്ങളുംസൂക്ഷിക്കുന്നുണ്ടോ എന്ന് പരിശോധന നടത്തിയതായി കാണുന്നില്ല.<br>• പി എഫ് എം ഗൈഡ് ലൈൻ പ്രകാരമുള്ള |
| | 2009- | |

| | | |
|---|---|---|
| 2. ശ്രീ ശശിധരൻ എം | 2010 | നടപടിക്രമങ്ങളും രജിസ്റ്ററുകളുംസൂക്ഷിക്കുന്നുണ്ടോ എന്ന്ഉറപ്പുവരുത്തിയതായി കാണുന്നില്ല.<br>• വി എസ് എസ് സെക്രട്ടറിമാർ സ്ഥലം മാറി പോകുമ്പോൾ ടി സി ആറും ചാർജ് ലിസ്റ്റും നൽകുന്നുണ്ടോ എന്ന് ഉറപ്പുവരുത്തിയില്ല.<br>• ദീർഘകാല അവധിയിൽ പ്രവേശിക്കുന്ന സമയത്തോ സ്ഥലം മാറി പോകുന്ന സമയത്തോ നിയമാനുസൃതം നൽകേണ്ട ടിസി ആർ, ചാർജ് ലിസ്റ്റുകളും കൈമാറിയിട്ടില്ല.<br>• കേരള ഫോറസ്റ്റ് കോഡ് vol. I chapter 3 ഖണ്ഡിക 3.3.12 ൽ (i) (ii) (iii) എന്നിവയിൽ ബി.എഫ്.ഒമാർ ചാർജ് കൈമാറുന്ന സമയത്തും ജോലി ചെയ്യുന്ന സമയത്തും പാലിക്കേണ്ട നിർഷ്കർഷകളെപറ്റി പ്രതിപാദിക്കുന്നുണ്ട്. കേരള ഫോറസ്റ്റ് കോഡിലെ അപ്പൻഡിക്സ് XIV ലും ചുമതലകളെ കുറിച്ച് പ്രതിപാദ്യമുണ്ട്.ഇപ്രകാരം കേരള ഫോറസ്റ്റ് കോഡ് 6.5.5 (vol I) ൽ നിഷ്കർഷിച്ച RTC Form No.31 ൽ ആരും തന്നെ കൈമാറിയതായി കാണുന്നില്ല. |
| 3. ശ്രീ സുനിൽ കുമാർ ബി.പി | 2010-2011 | |
| 4. ശ്രീ എ പ്രസന്നകുമാർ | 2011 | |
| 5. കെ സുന്ദരൻ | 2011-2014 | |

GO (Ms) 40/2017/F&WLD Dt: 23.08.2017 പ്രകാരം പരിഷ്കരിക്കപ്പെട്ട നിഷ്കർഷിത മാർഗ്ഗ നിർദേശങ്ങൾ ആ കാലയാളവിന് ശേഷം പോലും യഥാവിധി പിന്തുടരാനോ അപ്രകാരം ചെയ്യുന്നുണ്ടെന്ന് ഉറപ്പ് വരുത്താനോ സാധിക്കാത്തതിനാലാണ് ഇത്തരത്തിൽ ഒരു സാമ്പത്തിക അരക്ഷിതത്വം വന്നതെന്ന് കാണുന്നു. ആയതിനാൽ 2017 മുതലുള്ള ഉദ്യോഗസ്ഥരാണ് ഈ അരക്ഷിതാവസ്ഥയ്ക്ക് കാരണക്കാരെന്ന് കാണാവുന്നതാണ്

| ഉദ്യോഗസ്ഥർ | സംഭവിച്ച വീഴ്ചകൾ |
|---|---|
| 1. പി.രഞ്ജിത്ത്കുമാർ, റിട്ട. എ. സി.എഫ് (13.04.2018-09.09.2021) | • സമിതിയുടെ ഓഡിറ്റിംഗ് യഥാസമയത്ത് നടത്തുകയോവനസംരക്ഷണസമിതിപ്രവർത്തനങ്ങൾസമയാസമയങ്ങളിൽവിലയിരുത്തുകയോചെയ്തില്ല.<br>• ഇക്കോ ടൂറിസം പ്രവർത്തനങ്ങളും മായി ബന്ധപ്പെട്ട GO(Ms) No. 40/2017 പ്രകാരമുള്ള രജിസ്റ്ററുകളും ഫോറങ്ങളുംസൂക്ഷിക്കുന്നുണ്ടോ എന്ന് പരിശോധന നടത്തി ഉറപ്പ് വരുത്തിയിട്ടില്ല.<br>• ചെമ്പ്ര വനസംരക്ഷണസമിതിയിൽ നിന്ന് യഥാസമയം FDA അക്കൗണ്ടിലേക്ക് പണം അടവാക്കുന്നുണ്ടോ എന്നും പരിശോധന നട |

| | |
|---|---|
| | ത്തിയില്ല.<br>• പി എഫ് എം ഗൈഡ് ലൈൻ പ്രകാരമുള്ള നടപടിക്രമങ്ങളും രജിസ്റ്ററുകളുംസൂക്ഷിക്കുന്നുണ്ടോ എന്ന്ഉറപ്പുവരുത്തിയില്ല.<br>• വി എസ് എസ് സെക്രട്ടറിമാർ ചാർജ് കൈമാറുമ്പോൾ ടി സി ആറും ചാർജ് ലിസ്റ്റും നൽകുന്നുണ്ടോ എന്ന് ഉറപ്പുവരുത്തിയില്ല.<br>• ബി എഫ് ഓ മാരുടെ സ്ഥലം മാറ്റ ഉത്തരവ് നടപ്പിലാക്കുമ്പോൾ വി എസ് എസ് സെക്രട്ടറിയുടെ ചാർജ്ജ് വഹിക്കുന്നവർക്ക് പകരം സെക്രട്ടറിയെ നിയമിക്കുന്നതിന് യഥാസമയം നടപടികൾ സ്വീകരിച്ചില്ല.<br>• കേരള ഫോറസ്റ്റ് കോഡ് വോള്യം Iഖണ്ഡിക 3.3.6(XI)പ്രകാരം "DFO is responsible for proper assessment and prompt realization of departmental revenue" കേരള ഫോറസ്റ്റ് കോഡ് വോള്യം I ഖണ്ഡിക 3.3.6 (XVII) "He shall discharge all other function specified as devolving upon him in this code or in any other Code or order of government" ഇക്കാര്യങ്ങൾ പാലിച്ചതായി കാണുന്നില്ല. |
| 2. ശ്രീമതി.എ.ഷജ്ന<br>(09.09.2021-08.05.2024) | • ഓഡിറ്റിംഗ് യഥാസമയത്ത് നടത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്താനോ വനസംരക്ഷണസമിതിപ്രവർത്തനങ്ങൾസമയാസമയങ്ങളിൽവിലയിരുത്താനോസാധിച്ചതായി കാണുന്നില്ല.<br>• ഇക്കോ ടൂറിസം പ്രവർത്തനങ്ങളും മായി ബന്ധപ്പെട്ട GO(Ms) No. 40/2017 പ്രകാരമുള്ള രജിസ്റ്ററുകളും ഫോറങ്ങളുംസൂക്ഷിക്കുന്നുണ്ടോ എന്ന് പരിശോധന നടത്തി ഉറപ്പ് വരുത്തിയതായി കാണുന്നില്ല.<br>• 27.09.2021, 04.10.2021 എന്നീ തീയതികളിൽ FDA അക്കൌണ്ടിലേക്ക് അടവാക്കുന്നതിന് ബാങ്കിലേക്ക് സമർപ്പിച്ച ചെക്ക് മടങ്ങിയതായും ആയതിന് ബാങ്ക് പിഴ ഈടാക്കിയതായും അനുബന്ധം 27 ആയി ചേർത്ത ബാങ്ക് സ്റ്റേറ്റ്മെന്റിൽ കാണുന്നു. ശ്രീമതി.എ.ഷജ്ന സൌത്ത് വയനാട് ഡി എഫ് ഓ ആയി ചാർജ്ജ് എടുക്കുന്നത് 09.09.2021 ലാണ്.<br>• ചെമ്പ്രഇക്കോടൂറിസത്തിൽനിന്നും 01.11.2022, 20.11.2022, 25.1.2022, 03.12.2022, 04.12.2022, 20.12.2022, 23.12.2022 എന്നീ തീയതികളിലെയും 2023 ജനുവരി മുതൽ 2024 ഫെബ്രുവരി വരെ പല തീയതികളിലെയും വരവ് തുക യഥാസമയം അടവാക്കുന്നതിൽ സെക്രട്ടറിമാർ 2 മുതൽ 87 ദിവസം വരെ കാലതാമസം വരുത്തിയിട്ടുണ്ട്.(അനുബന്ധം-15). ഇത് യഥാസമയംപരിശോധനക്ക് വിധേയമാക്കിയിട്ടില്ല.<br>• ചെമ്പ്ര വനസംരക്ഷണസമിതിയിൽ നിന്ന് യഥാസമയം FDA അക്കൗണ്ടിലേക്ക് പണം അടവാക്കുന്നുണ്ടോ എന്നും പരിശോധന നട |

| | |
|---|---|
| | ത്തിയില്ല.<br>• പി എഫ് എം ഗൈഡ് ലൈൻ പ്രകാരമുള്ള നടപടിക്രമങ്ങളും രജിസ്റ്ററുകളുംസൂക്ഷിക്കുന്നുണ്ടോ എന്ന്ഉറപ്പുവരുത്തിയില്ല.<br>• വി എസ് എസ് സെക്രട്ടറിമാർ ചാർജ് കൈമാറുമ്പോൾ ടി സി ആറും ചാർജ് ലിസ്റ്റും നൽകുന്നുണ്ടോ എന്ന് ഉറപ്പുവരുത്തിയില്ല.<br>• ബി എഫ് ഓ മാരുടെ സ്ഥലം മാറ്റ ഉത്തരവ് നടപ്പിലാക്കുമ്പോൾ വി എസ് എസ് സെക്രട്ടറിയുടെ ചാർജ്ജ് വഹിക്കുന്നവർക്ക് പകരം സെക്രട്ടറിയെ നിയമിക്കുന്നതിന് യഥാസമയം നടപടികൾ സ്വീകരിച്ചില്ല.<br>• കേരള ഫോറസ്റ്റ് കോഡ് വോള്യം ഖണ്ഡിക 3.3.6(XI) പ്രകാരം "DFO is responsible for proper assessment and prompt realization of departmental revenue"<br>കേരള ഫോറസ്റ്റ് കോഡ് വോള്യം ഖണ്ഡിക 3.3.6 (XVII) "He shall discharge all other function specified as devolving upon him in this code or in any other Code or order of government" ഇക്കാര്യങ്ങൾ പാലിച്ചതായി കാണുന്നില്ല. |
| | |

| ഉദ്യോഗസ്ഥർ | സംഭവിച്ച വീഴ്ചകൾ |
|---|---|
| 2017. മുതൽ 2024 വരെ മേപ്പാടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർ | |
| 1. ശ്രീ. കൃഷ്ണദാസ് സി(03.11.2017 -31.07.2018)<br>അടുത്തുൺ പറ്റി | 1. ഓഡിറ്റുകൾ യഥാസമയത്ത് നടത്തുകയോവനസംരക്ഷണസമിതി പ്രവർത്തനങ്ങൾസമയാസമയങ്ങളിൽവിലയിരുത്തുകയോചെയ്തില്ല.<br>2. ഇക്കോ ടൂറിസം പ്രവർത്തനങ്ങളും മായി ബന്ധപ്പെട്ട GO(Ms) No. 40/2017 പ്രകാരമുള്ള രജിസ്റ്ററുകളും ഫോറങ്ങളുംസൂക്ഷിക്കുന്നുണ്ടോ എന്ന് പരിശോധന നടത്തിയില്ല.<br>3. ചെമ്പ്ര വനസംരക്ഷണസമിതിയിൽ നിന്ന് യഥാസമയം FDA അക്കൗണ്ടിലേക്ക് പണം അടവാക്കുന്നുണ്ടോ എന്നും പരിശോധന നടത്തിയില്ല.<br>4. പി എഫ് എം ഗൈഡ് ലൈൻ പ്രകാരമുള്ള നടപടിക്രമങ്ങളും രജിസ്റ്ററുകളുംസൂക്ഷിക്കുന്നുണ്ടോ എന്ന്ഉറപ്പുവരുത്തിയില്ല.<br>5. വി എസ് എസ് സെക്രട്ടറിമാർ ചാർജ് കൈമാറുമ്പോൾ ടി സി ആറും ചാർജ് ലിസ്റ്റും നൽകുന്നുണ്ടോ എന്ന് ഉറപ്പുവരുത്തിയില്ല.<br>6. ചെമ്പ്ര വനസംരക്ഷണസമിതിയുടെ പൊതുയോഗം യഥാസമയം വിളിച്ചുചേർക്കുന്നതിനോ എക്സിക്യൂട്ടീവ് കമ്മിറ്റിയെയും ഓഡിറ്റർമാരെയും തെരഞ്ഞെടുക്കുന്നതിനോ യാതൊരു നടപടിയും സ്വീകരിച്ചില്ല. |

| | |
|---|---|
| | 7. ബി എഫ് ഓ മാരുടെ സ്ഥലം മാറ്റ ഉത്തരവ് നടപ്പിലാക്കുമ്പോൾ വി എസ് എസ് സെക്രട്ടറിയുടെ ചാർജ്ജ് വാഹിക്കുന്നവർക്ക് പകരം സെക്രട്ടറിയെ നിയമിക്കുന്നതിന് യഥാസമയം നടപടികൾ സ്വീകരിച്ചില്ല.<br>8. കേരള ഫോറസ്റ്റ് കോഡ് vol I ഖണ്ഡിക 3.3.10 ലെ (i) (ii) (c) (d) (f) (g) എന്നീ നിഷ്കർഷകൾ ബന്ധപ്പെട്ട റേഞ്ച് ഫോറസ്റ്റ് ഓഫീസർമാർ കൃത്യതയോടെ ചെയ്തതായി പറയാനാകില്ല. 3.3.10 (ii) (c) യിൽ "He is responsible for the execution of all works in the range, collection and remittance of revenue and prompt and correct payment of sums due for work executed"<br>9. 3.3.10 (ii) (d) "He shall carry out all inspections diligently and see that all subordinates do the works properly..............." പറയുന്നു.<br>10. 3.3.10 (ii) (f) ൽ " ensure the correct maintenance of accounts relating to revenue and expenditure..........................." ഇക്കാര്യങ്ങൾ ഒന്നും തന്നെ ബന്ധപ്പെട്ട റേഞ്ച് ഫോറസ്റ്റ് ഓഫീസർമാർ പാലിച്ചിട്ടില്ല എന്ന് കാണാവുന്നതാണ്. |
| 2. ശ്രീ. കെ ബാബുരാജ്(13.08.2018-31.12.2020)<br>25.02.2019 മുതൽ ബഹു: ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം ചെമ്പ്ര ഇക്കോ ടൂറിസം പ്രവർത്തനങ്ങൾ നിർത്തിവെച്ചിരുന്നു.<br>• അട്ടുത്തുൺ പറ്റി | 1. ഓഡിറ്റുകൾ യഥാസമയത്ത് നടത്തുകയോ വനസംരക്ഷണ സമിതി പ്രവർത്തനങ്ങൾ സമയാസമയങ്ങളിൽ വിലയിരുത്തുകയോ ചെയ്തില്ല.<br>2. ഇക്കോ ടൂറിസം പ്രവർത്തനങ്ങളും മായി ബന്ധപ്പെട്ട GO(Ms) No. 40/2017 പ്രകാരമുള്ള രജിസ്റ്ററുകളും ഫോറങ്ങളുംസൂക്ഷിക്കുന്നുണ്ടോ എന്ന് പരിശോധന നടത്തിയില്ല.<br>3. ചെമ്പ്ര വനസംരക്ഷണസമിതിയിൽ നിന്ന് യഥാസമയം FDA അക്കൗണ്ടിലേക്ക് പണം അടവാക്കുന്നുണ്ടോ എന്നും പരിശോധന നടത്തിയില്ല.<br>4. പി എഫ് എം ഗൈഡ് ലൈൻ പ്രകാരമുള്ള നടപടിക്രമങ്ങളും രജിസ്റ്ററുകളുംസൂക്ഷിക്കുന്നുണ്ടോ എന്ന്ഉറപ്പുവരുത്തിയില്ല.<br>5. ചെമ്പ്ര വനസംരക്ഷണസമിതിയുടെ പൊതുയോഗം യഥാസമയം വിളിച്ചുചേർക്കുന്നതിനോ എക്സിക്യൂട്ടീവ് കമ്മിറ്റിയെയും ഓഡിറ്റർമാരെയും തെരഞ്ഞെടുക്കുന്നതിനോ യാതൊരു നടപടിയും സ്വീകരിച്ചില്ല.<br>6. ബി എഫ് ഓ മാരുടെ സ്ഥലം മാറ്റ ഉത്തരവ് നടപ്പിലാക്കുമ്പോൾ വി എസ് എസ് സെക്രട്ടറിയുടെ ചാർജ്ജ് വാഹിക്കുന്നവർക്ക് പകരം സെക്രട്ടറിയെ നിയമിക്കുന്നതിന് യഥാസമയം നടപടികൾ സ്വീകരിച്ചില്ല.<br>7. കേരള ഫോറസ്റ്റ് കോഡ് vol I ഖണ്ഡിക 3.3.10 ലെ (i) (ii) (c) (d |

| | |
|---|---|
| | ) (f) (g) എന്നീ നിഷ്കർഷകൾ ബന്ധപ്പെട്ട റേഞ്ച് ഫോറസ്റ്റ് ഓഫീസർമാർ കൃത്യതയോടെ ചെയ്തതായി പറയാനാകില്ല. 3.3.10 (ii) (c) യിൽ "He is responsible for the execution of all works in the range, collection and remittance of revenue and prompt and correct payment of sums due for work executed"<br>8. 3.3.10 (ii) (d) "He shall carry out all inspections diligently and see that all subordinates do the works properly..............." പറയുന്നു.<br>9. 3.3.10 (ii) (f) ൽ " ensure the correct maintenance of accounts relating to revenue and expenditure.........................." ഇക്കാര്യങ്ങൾ ഒന്നും തന്നെ ബന്ധപ്പെട്ട റേഞ്ച് ഫോറസ്റ്റ് ഓഫീസർമാർ പാലിച്ചിട്ടില്ല എന്ന് കാണാവുന്നതാണ്. |
| 3. ശ്രീ. ഡി ഹരിലാൽ(15.10.2021- 2025) | 1. ഓഡിറ്റുകൾ യഥാസമയത്ത് നടത്തുകയോ വനസംരക്ഷണ സമിതി പ്രവർത്തനങ്ങൾ സമയാസമയങ്ങളിൽ വിലയിരുത്തുകയോ ചെയ്തില്ല.<br>2. ഇക്കോ ടൂറിസം പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട GO(Ms) No. 40/2017 പ്രകാരമുള്ള രജിസ്റ്ററുകളും ഫോറങ്ങളുംസൂക്ഷിക്കുന്നുണ്ടോ എന്ന് പരിശോധന നടത്തിയില്ല.<br>3. ചെമ്പ്രഇക്കോടൂറിസത്തിൽനിന്നും 01.11.2022, 20.11.2022, 25.1.2022, 03.12.2022, 04.12.2022, 20.12.2022, 23.12.2022 എന്നീ തീയതികളിലെയും 2023 ജനുവരി മുതൽ 2024 ഫെബ്രുവരി വരെ പല തീയ്യതികളിലെയും വരവ് തുക യഥാസമയം അടവാക്കുന്നതിൽ സെക്രട്ടറിമാർ 2 മുതൽ 87 ദിവസം വരെ കാലതാമസം വരുത്തിയിട്ടുണ്ട്(അനുബന്ധം-15) എന്ന കാര്യം കണ്ടെത്തുന്നതിൽ വീഴ്ച്ച പറ്റി.<br>4. ചെമ്പ്ര വനസംരക്ഷണസമിതിയിൽ നിന്ന് യഥാസമയം FDA അക്കൗണ്ടിലേക്ക് പണം അടവാക്കുന്നുണ്ടോ എന്നും പരിശോധന നടത്തിയില്ല.<br>5. പി എഫ് എം ഗൈഡ് ലൈൻ പ്രകാരമുള്ള നടപടിക്രമങ്ങളും രജിസ്റ്ററുകളുംസൂക്ഷിക്കുന്നുണ്ടോ എന്ന്ഉറപ്പുവരുത്തിയില്ല.<br>6. വി എസ് എസ് സെക്രട്ടറിമാർ ചാർജ് കൈമാറുമ്പോൾ ടി സി ആറും ചാർജ് ലിസ്റ്റും നൽകുന്നുണ്ടോ എന്ന് ഉറപ്പുവരുത്തിയില്ല.<br>7. ചെമ്പ്ര വനസംരക്ഷണസമിതിയുടെ പൊതുയോഗം യഥാസമയം വിളിച്ചചേർക്കുന്നതിനോ എക്സിക്യൂട്ടീവ് കമ്മിറ്റിയെയും ഓഡിറ്റർമാരെയും തെരഞ്ഞെടുക്കുന്നതിനോ യാതൊരു നടപടിയും സ്വീകരിച്ചില്ല.<br>8. ഇക്കോ ടൂറിസം പ്രവർത്തനങ്ങൾ ദൈനംദിന രീതിയിൽ പരിശോധിക്കുന്നതിൽ വീഴ്ച വരുത്തി. വി എസ് എസ് സെക്രട്ടറിമാർ സ്ഥല |

| | |
|---|---|
| | ം മാറി പോകുമ്പോൾ അവധിയിൽ പോകുമ്പോൾ പകരം സെക്ര ട്ടറിമാരെയും ശുപാർശ ചെയ്യുന്നതിൽ വീഴ്ച വരുത്തി<br>9. ബി എഫ് ഓ മാരുടെ സ്ഥലം മാറ്റ ഉത്തരവ് നടപ്പിലാക്കുമ്പോൾ വി എസ് എസ് സെക്രട്ടറിയുടെ ചാർജ്ജ് വാഹിക്കുന്നവർക്ക് പകരം സെക്രട്ടറിയെ നിയമിക്കുന്നതിന് യഥാസമയം നടപടികൾ സ്വീകരിച്ചില്ല.<br>10. കേരള ഫോറസ്റ്റ് കോഡ് vol I ഖണ്ഡിക 3.3.10 ലെ (i) (ii) (c) (d) (f) (g) എന്നീ നിഷ്കർഷകൾ ബന്ധപ്പെട്ട റേഞ്ച് ഫോറസ്റ്റ് ഓഫീസർമാർ കൃത്യതയോടെ ചെയ്തതായി പറയാനാകില്ല. 3.3.10 (ii) (c) യിൽ "He is responsible for the execution of all works in the range, collection and remittance of revenue and prompt and correct payment of sums due for work executed"<br>11. 3.3.10 (ii) (d) "He shall carry out all inspections diligently and see that all subordinates do the works properly..............." പറയുന്നു.<br>12. 3.3.10 (ii) (f) ൽ " ensure the correct maintenance of accounts relating to revenue and expenditure..........................." ഇക്കാര്യങ്ങൾ ഒന്നും തന്നെ ബന്ധപ്പെട്ട റേഞ്ച് ഫോറസ്റ്റ് ഓഫീസർമാർ പാലിച്ചിട്ടില്ല എന്ന് കാണാവുന്നതാണ്. |
| 3. ശ്രീ. എം കെ ഷമീർ (02.01.2021-10.09.2021)<br>അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ | • ബഹു. ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരവും കോവിഡ് മൂലവും 25.02.2019 മുതൽ 16.08.2021 വരെ ചെമ്പ്ര ഇക്കോട്ടൂറിസം പ്രവർത്തനങ്ങൾ നിർത്തിവെച്ചിരുന്നു എന്നത് ശരിയാണ്. വീണ്ടും തുറന്ന് പ്രവർത്തനം തുടങ്ങി ഒരു മാസത്തിനുള്ളിൽ തന്നെ ടിയാൻ സ്ഥലം മാറി പോയതായും കാണാം. |

| ഉദ്യോഗസ്ഥർ | സംഭവിച്ച വീഴ്ചകൾ |
|---|---|
| 2017 മുതൽ 2024 വരെ വൈത്തിരി ഫോറസ്റ്റ് സ്റ്റേഷൻ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർ | |
| 1. ശ്രീ. ഷിജു ജോസ്(30.07.2018-17.02.2019) | 1. 30.07.2018 മുതൽ 15.10.2018 വരെ വൈത്തിരി ഫോറസ്റ്റ് സ്റ്റേഷനിൽ ഡെപ്യൂട്ടി റെയിഞ്ചറുടെ താൽകാലിക ചുമതല വഹിച്ചിട്ടുണ്ട്. കുറഞ്ഞ കാലയളവിലേക്ക് താൽകാലിക ചാർജ് മാത്രമായിരുന്നു ഉണ്ടായിരുന്നത് എന്നത് ഡെപ്യൂട്ടി എന്ന നിലയിലുള്ള ഉത്തരവാദിത്വങ്ങൾ നിറവേറ്റാതിരിക്കുന്നതിന് കാരണമല്ല. |
| 2. ശ്രീ. ഡി ബെന്നി(08.01.2018-30.07.2018) | 1. ഇക്കോ ടൂറിസം പ്രവർത്തനങ്ങളും മായി ബന്ധപ്പെട്ട GO(Ms) No. 40/2017 പ്രകാരമുള്ള രജിസ്റ്ററുകളും |

| | |
|---|---|
| | ഫോറങ്ങളുംസൂക്ഷിക്കുന്നുണ്ടോ എന്ന് പരിശോധന നടത്തിയില്ല.<br>2. പി എഫ് എം ഗൈഡ് ലൈൻ പ്രകാരമുള്ള നടപടിക്രമങ്ങളും രജിസ്റ്ററുകളുംസൂക്ഷിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തിയില്ല<br>3. ഇക്കോ ടൂറിസം പ്രവർത്തനങ്ങൾ ദൈനംദിന രീതിയിൽ പരിശോധിക്കുന്നതിൽ വീഴ്ച വരുത്തി. വി എസ് എസ് സെക്രട്ടറിമാർ സ്ഥലം മാറി പോകുമ്പോൾ അവധിയിൽ പോകുമ്പോൾ പകരം സെക്രട്ടറിമാരെയും ശുപാർശ ചെയ്യുന്നതിൽ വീഴ്ച വരുത്തി.<br>4. കേരള ഫോറസ്റ്റ് കോഡ് volume I, ഖണ്ഡിക 3.3.2 (4) ൽ " the Section Officer (Deputy Range Forest Officer) shall verify and submit the beat verification certificate to the Range Forest Officer for his review" ഇതിൽ നിന്നും RTC യും BVC യും പരിശോധിക്കേണ്ട ചുമതല SHO ആയ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്കുണ്ട്. ജീവനക്കാർ സ്ഥലം മാറ്റം ലഭിച്ച് കേരള ഫോറസ്റ്റ് കോഡ് 6.5.5 (vol I) ൽ നിഷ്കർഷിച്ച RTC Form No.31 ൽ ആരും തന്നെ കൈമാറിയതായി കാണുന്നില്ല. |
| 3. ശ്രീ.കെ പി അഭിലാഷ്(15.10.2018-18.02.2021)<br>25.02.2019 മുതൽ ബഹു: ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം ചെമ്പ്ര ഇക്കോ ടൂറിസം പ്രവർത്തനങ്ങൾ നിർത്തിവെച്ചിരുന്നു. | 1. ഇക്കോ ടൂറിസം പ്രവർത്തനങ്ങളും മായി ബന്ധപ്പെട്ട GO(Ms) No. 40/2017 പ്രകാരമുള്ള രജിസ്റ്ററുകളും ഫോറങ്ങളുംസൂക്ഷിക്കുന്നുണ്ടോ എന്ന് പരിശോധന നടത്തിയില്ല.<br>2. പി എഫ് എം ഗൈഡ് ലൈൻ പ്രകാരമുള്ള നടപടിക്രമങ്ങളും രജിസ്റ്ററുകളുംസൂക്ഷിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തിയില്ല<br>3. ഇക്കോ ടൂറിസം പ്രവർത്തനങ്ങൾ ദൈനംദിന രീതിയിൽ പരിശോധിക്കുന്നതിൽ വീഴ്ച വരുത്തി.<br>4. വി എസ് എസ് സെക്രട്ടറിമാർ സ്ഥലം മാറി പോകുമ്പോൾ അവധിയിൽ പോകുമ്പോൾ പകരം സെക്രട്ടറിമാരെയും ശുപാർശ ചെയ്യുന്നതിൽ വീഴ്ച വരുത്തി<br>5. കേരള ഫോറസ്റ്റ് കോഡ് volume I, ഖണ്ഡിക 3.3.2 (4) ൽ " the Section Officer (Deputy Range Forest Officer) shall verify and submit the beat |

| | |
|---|---|
| | verification certificate to the Range Forest Officer for his review" ഇതിൽ നിന്നും RTC യും BVC യും പരിശോധിക്കേണ്ട ചുമതല SHO ആയ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്കുണ്ട്. ജീവനക്കാർ സ്ഥലം മാറ്റം ലഭിച്ച് കേരള ഫോറസ്റ്റ് കോഡ് 6.5.5 (vol I) ൽ നിഷ്കർഷിച്ച RTC Form No.31 ൽ ആരും തന്നെ കൈമാറിയതായി കാണുന്നില്ല. |
| 4. ശ്രീ അരവിന്ദാക്ഷൻ കണ്ടേത്തുംപാറ<br>(12.09.2022-08.07.2024) | 1. ഇക്കോ ടൂറിസം പ്രവർത്തനങ്ങളും മായി ബന്ധപ്പെട്ട GO(Ms) No. 40/2017 പ്രകാരമുള്ള രജിസ്റ്ററുകളും ഫോറങ്ങളുംസൂക്ഷിക്കുന്നുണ്ടോ എന്ന് പരിശോധന നടത്തിയില്ല.<br>2. ചെമ്പ്ര വനസംരക്ഷണസമിതിയിൽ നിന്ന് യഥാസമയം FDA അക്കൗണ്ടിലേക്ക് പണം അടവാക്കുന്നുണ്ടോ എന്നും പരിശോധന നടത്തിയില്ല.<br>3. വി എസ് എസ് സെക്രട്ടറിമാർ ചാർജ് കൈമാറുമ്പോൾ ടി സി ആറും ചാർജ് ലിസ്റ്റും നൽകുന്നുണ്ടോ എന്ന് ഉറപ്പുവരുത്തിയില്ല<br>4. പി എഫ് എം ഗൈഡ് ലൈൻ പ്രകാരമുള്ള നടപടിക്രമങ്ങളും രജിസ്റ്ററുകളുംസൂക്ഷിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തിയില്ല<br>5. ഇക്കോ ടൂറിസം പ്രവർത്തനങ്ങൾ ദൈനംദിന രീതിയിൽ പരിശോധിക്കുന്നതിൽ വീഴ്ച വരുത്തി.<br>6. വി എസ് എസ് സെക്രട്ടറിമാർ സ്ഥലം മാറി പോകുമ്പോൾ അവധിയിൽ പോകുമ്പോൾ പകരം സെക്രട്ടറിമാരെയും ശുപാർശ ചെയ്യുന്നതിൽ വീഴ്ച വരുത്തി<br>7. കേരള ഫോറസ്റ്റ് കോഡ് volume I, ഖണ്ഡിക 3.3.2 (4) ൽ " the Section Officer (Deputy Range Forest Officer) shall verify and submit the beat verification certificate to the Range Forest Officer for his review" ഇതിൽ നിന്നും RTC യും BVC യും പരിശോധിക്കേണ്ട ചുമതല SHO ആയ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്കുണ്ട്.<br>8. ജീവനക്കാർ സ്ഥലം മാറ്റം ലഭിച്ച് കേരള ഫോറസ്റ്റ് കോഡ് 6.5.5 (vol I) ൽ നിഷ്കർഷിച്ച RTC Form |

| | |
|---|---|
| | No.31 ൽ ആരും തന്നെ കൈമാറിയതായി കാണുന്നില്ല.<br>9. കോട്ടപ്പടി സെക്ഷനായിരുന്നപ്പോൾ ഇദ്ദേഹം സെക്ഷൻ ഫോറസ്റ്റ് ഓഫീസറായും ജോലി ചെയ്തിട്ടുണ്ട്. |
| 2017 മുതൽ 2024 വരെ ചെമ്പ്ര വനസംരക്ഷണ സമിതി സെക്രട്ടറിമാർ | |
| 1. ശ്രീ അജേഷ് പി എസ് 07.01.2019-18.02.2020<br>25.02.2019 മുതൽ ബഹു: ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം ചെമ്പ്ര ഇക്കോ ടൂറിസം പ്രവർത്തനങ്ങൾ നിർത്തിവെച്ചിരുന്നു. | 1. പി എഫ് എം ഗൈഡ് ലൈൻ പ്രകാരമുള്ള നടപടിക്രമങ്ങളും രജിസ്റ്ററുകളുംസൂക്ഷിച്ചിട്ടില്ല.<br>2. ദീർഘകാല അവധിയിൽ പ്രവേശിക്കുന്ന സമയത്തോ സ്ഥലം മാറി പോകുന്ന സമയത്തോ നിയമാനുസൃതം നൽകേണ്ട ടിസി ആർ, ചാർജ് ലിസ്റ്റുകളും കൈമാറിയിട്ടില്ല.<br>3. കേരള ഫോറസ്റ്റ് കോഡ് vol. I chapter 3 ഖണ്ഡിക 3.3.12 ൽ (i) (ii) (iii) എന്നിവയിൽൽ ബിഎഫ്ഓമാർ ചാർജ് കൈമാറുന്ന സമയത്തും ജോലി ചെയ്യുന്ന സമയത്തും പാലിക്കേണ്ട നിർഷ്കർഷകളെപറ്റി പ്രതിപാദിക്കുന്നുണ്ട്. കേരള ഫോറസ്റ്റ് കോഡിലെ അപ്പൻഡിക്സ് XIV ലും ചുമതലകളെ കുറിച്ച് പ്രതിപാദ്യമുണ്ട്.ഇപ്രകാരം കേരള ഫോറസ്റ്റ് കോഡ് 6.5.5 (vol I) ൽ നിഷ്കർഷിച്ച RTC Form No.31 ൽ ആരും തന്നെ കൈമാറിയിട്ടില്ല. |
| 2. ശ്രീ സംഗീത് ബി | 1. പി എഫ് എം ഗൈഡ് ലൈൻ പ്രകാരമുള്ള നടപടിക്രമങ്ങളും രജിസ്റ്ററുകളുംസൂക്ഷിക്കുന്നതിൽ വീഴ്ച്ചവരുത്തി.<br>2. ദീർഘകാല അവധിയിൽ പ്രവേശിക്കുന്ന സമയത്തോ സ്ഥലം മാറി പോകുന്ന സമയത്തോ നിയമാനുസൃതം നൽകേണ്ട ടിസി ആർ, ചാർജ് ലിസ്റ്റുകളും കൈമാറിയിട്ടില്ല.<br>3. കേരള ഫോറസ്റ്റ് കോഡ് vol. I chapter 3 ഖണ്ഡിക 3.3.12 ൽ (i) (ii) (iii) എന്നിവയിൽൽ ബിഎഫ്ഓമാർ ചാർജ് കൈമാറുന്ന സമയത്തും ജോലി ചെയ്യുന്ന സമയത്തും പാലിക്കേണ്ട നിർഷ്കർഷകളെപറ്റി പ്രതിപാദിക്കുന്നുണ്ട്. കേരള ഫോറസ്റ്റ് കോഡിലെ അപ്പൻഡിക്സ് XIV ലും ചുമതലകളെ കുറിച്ച് പ്രതിപാദ്യമുണ്ട്.ഇപ്രകാരം കേരള ഫോറസ്റ്റ് കോഡ് 6.5.5 (vol I) ൽ |

| | |
|---|---|
| | നിഷ്കർഷിച്ച RTC Form No.31 ൽ ആരും തന്നെ കൈമാറിയിട്ടില്ല |
| 3. ശ്രീരഞ്ജിത്ത് എ എം | 1. ചെമ്പ്രഇക്കോട്ടൂറിസത്തിൽനിന്നുള്ളവരവ് തുകയഥാസമയംഅടവാക്കുന്നതിൽഅമാന്തം വരുത്തിയിട്ടുണ്ട്. FDA യിലേക്ക് അടവാക്കേണ്ട തുക കൃത്യതയില്ലാതെ ട്രാൻസ്ഫർ ചെയ്യുന്നത് വഴി വി എസ് എസിന്റെ അക്കൗണ്ടിലെ മിനിമം ബാലൻസിനേക്കാൾ കൂടുതൽ തുകക്കുള്ള ചെക്ക് നൽകുകയും ചെക്ക് ബൌൺസ് ആവുകയും ചെയ്തിട്ടുണ്ട്.<br>2. വി എസ് എസ്സിന്റെ വരവ് ചെലവ് അക്കൗണ്ട് ക്രയവിക്രയങ്ങളിൽ യാതൊരുവിധ ശ്രദ്ധയും ചെലുത്തിയിട്ടില്ല എന്ന് കാണാം.<br>3. പി എഫ് എം ഗൈഡ് ലൈൻ പ്രകാരമുള്ള നടപടിക്രമങ്ങളും രജിസ്റ്ററുകളുംസൂക്ഷിക്കുന്നതിൽ വീഴ്ച്ചവരുത്തി.<br>4. ദീർഘകാല അവധിയിൽ പ്രവേശിക്കുന്ന സമയത്തോ സ്ഥലം മാറി പോകുന്ന സമയത്തോ നിയമാനുസൃതം നൽകേണ്ട ടിസി ആർ, ചാർജ് ലിസ്റ്റുകളും കൈമാറിയിട്ടില്ല.<br>5. ചെമ്പ്ര വനസംരക്ഷണസമിതിയുടെ ഫണ്ട് യഥാസമയം എഫ് ഡി എ അക്കൗണ്ടിലേക്ക് മാറ്റിയില്ല. നല്ലൊരു തുക FDAഅക്കൗണ്ടിലേക്ക് മാറ്റാതെ സാമ്പത്തിക തിരമറി നടത്തി.<br>6. കേരള ഫോറസ്റ്റ് കോഡ് vol. I chapter 3 ഖണ്ഡിക 3.3.12 ൽ (i) (ii) (iii) എന്നിവയിൽൽ ബിഎഫ്ഓമാർർ ചാർർജ് കൈമാറുന്ന സമയത്തും ജോലി ചെയ്യുന്ന സമയത്തും പാലിക്കേണ്ട നിർഷ്കർഷകളെപറ്റി പ്രതിപാദിക്കുന്നുണ്ട്. കേരള ഫോറസ്റ്റ് കോഡിലെ അപ്പൻഡിക്സ് XIV ലും ചുമതലകളെ കുറിച്ച് പ്രതിപാദ്യമുണ്ട്.ഇപ്രകാരം കേരള ഫോറസ്റ്റ് കോഡ് 6.5.5 (vol I) ൽ നിഷ്കർഷിച്ച RTC Form No.31 ൽ ആരും തന്നെ കൈമാറിയതായി കാണുന്നില്ല. |
| 4. ശ്രീ ബിനീഷ് പി പി | 1. ചെമ്പ്രഇക്കോട്ടൂറിസത്തിൽനിന്നുള്ളവരവ് തുകയഥാസമയംഅടവാക്കുന്നതിൽഅമാന്തം വരുത്തിയിട്ടുണ്ട്. FDA യിലേക്ക് അടവാക്കേണ്ട തുക |

| | |
|---|---|
| | കൃത്യതയില്ലാതെ ട്രാൻസ്ഫർ ചെയ്യുന്നത് വഴി വി എസ് എസിന്റെ അക്കൗണ്ടിലെ മിനിമം ബാലൻസിനേക്കാൾ കൂടുതൽ തുകക്കുള്ള ചെക്ക് നൽകുകയും ചെക്ക് ബൌൺസ് ആവുകയും ചെയ്തിട്ടുണ്ട്.<br>2. വി എസ് എസ്സിന്റെ വരവ് ചെലവ് അക്കൗണ്ട് ക്രയവിക്രയങ്ങളിൽ യാതൊരുവിധ ശ്രദ്ധയും ചെലുത്തിയിട്ടില്ല എന്ന് കാണാം.<br>3. പി എഫ് എം ഗൈഡ് ലൈൻ പ്രകാരമുള്ള നടപടിക്രമങ്ങളും രജിസ്റ്ററുകളുംസൂക്ഷിക്കുന്നതിൽ വീഴ്ചവരുത്തി.<br>4. ദീർഘകാല അവധിയിൽ പ്രവേശിക്കുന്ന സമയത്തോ സ്ഥലം മാറി പോകുന്ന സമയത്തോ നിയമാനുസൃതം നൽകേണ്ട ടിസി ആർ, ചാർജ് ലിസ്റ്റുകളും കൈമാറിയിട്ടില്ല.<br>5. ചെമ്പ്ര വനസംരക്ഷണസമിതിയുടെ ഫണ്ട് യഥാസമയം എഫ് ഡി എ അക്കൗണ്ടിലേക്ക് മാറ്റിയില്ല. നല്ലൊരു തുക FDAഅക്കൗണ്ടിലേക്ക് മാറ്റാതെ സാമ്പത്തിക തിരമറി നടത്തി.<br>6. കേരള ഫോറസ്റ്റ് കോഡ് vol. I chapter 3 ഖണ്ഡിക 3.3.12 ൽ (i) (ii) (iii) എന്നിവയിൽൽ ബിഎഫ്ഓമാർ ചാർജ് കൈമാറുന്ന സമയത്തും ജോലി ചെയ്യുന്ന സമയത്തും പാലിക്കേണ്ട നിർഷ്കർഷകളെപറ്റി പ്രതിപാദിക്കുന്നുണ്ട്. കേരള ഫോറസ്റ്റ് കോഡിലെ അപ്പൻഡിക്സ് XIV ലും ചുമതലകളെ കുറിച്ച് പ്രതിപാദ്യമുണ്ട്.ഇപ്രകാരം കേരള ഫോറസ്റ്റ് കോഡ് 6.5.5 (vol I) ൽ നിഷ്കർഷിച്ച RTC Form No.31 ൽ ആരും തന്നെ കൈമാറിയതായി കാണുന്നില്ല. |
| 5. ശ്രീ വിഷ്ണു വി പി | 1. ചെമ്പ്രഇക്കോട്ടൂറിസത്തിൽനിന്നുള്ളവരവ് തുകയഥാസമയംഅടവാക്കുന്നതിൽഅമാന്തം വരുത്തിയിട്ടുണ്ട്. FDA യിലേക്ക് അടവാക്കേണ്ട തുക കൃത്യതയില്ലാതെ ട്രാൻസ്ഫർ ചെയ്യുന്നത് വഴി വി എസ് എസിന്റെ അക്കൗണ്ടിലെ മിനിമം ബാലൻസിനേക്കാൾ കൂടുതൽ തുകക്കുള്ള ചെക്ക് നൽകുകയും ചെക്ക് ബൌൺസ് ആവുകയും ചെയ്തിട്ടുണ്ട്. |

| | |
|---|---|
| | 2. വി എസ് എസ്സിന്റെ വരവ് ചെലവ് അക്കൗണ്ട് ക്രയവിക്രയങ്ങളിൽ യാതൊരുവിധ ശ്രദ്ധയും ചെലുത്തിയിട്ടില്ല.<br>3. പി എഫ് എം ഗൈഡ് ലൈൻ പ്രകാരമുള്ള നടപടിക്രമങ്ങളും രജിസ്റ്ററുകളുംസൂക്ഷിച്ചിട്ടില്ല.<br>4. ദീർഘകാല അവധിയിൽ പ്രവേശിക്കുന്ന സമയത്തോ സ്ഥലം മാറി പോകുന്ന സമയത്തോ നിയമാനുസൃതം നൽകേണ്ട ടിസി ആർ, ചാർജ് ലിസ്റ്റുകളും കൈമാറിയിട്ടില്ല.<br>5. ചെമ്പ്ര വനസംരക്ഷണസമിതിയുടെ ഫണ്ട് യഥാസമയം എഫ് ഡി എ അക്കൗണ്ടിലേക്ക് മാറ്റിയില്ല. നല്ലൊരു തുക FDAഅക്കൗണ്ടിലേക്ക് മാറ്റാതെ സാമ്പത്തിക തിരമറി നടത്തി.<br>6. കേരള ഫോറസ്റ്റ് കോഡ് vol. I chapter 3 ഖണ്ഡിക 3.3.12 ൽ (i) (ii) (iii) എന്നിവയിൽൽ ബിഎഫ്ഓമാർർ ചാർജ് കൈമാറുന്ന സമയത്തും ജോലി ചെയ്യുന്ന സമയത്തും പാലിക്കേണ്ട നിർഷ്കർഷകളെപറ്റി പ്രതിപാദിക്കുന്നുണ്ട്. കേരള ഫോറസ്റ്റ് കോഡിലെ അപ്പൻഡിക്സ് XIV ലും ചുമതലകളെ കുറിച്ച് പ്രതിപാദ്യമുണ്ട്.ഇപ്രകാരം കേരള ഫോറസ്റ്റ് കോഡ് 6.5.5 (vol I) ൽ നിഷ്കർഷിച്ച RTC Form No.31 ൽ ആരും തന്നെ കൈമാറിയിട്ടില്ല. |

9. കുറ്റക്കാരായ ഉദ്യോഗസ്ഥരെ സംബന്ധിച്ച വിവരങ്ങൾ :

| | |
|---|---|
| 1. ശ്രീ പി സുലൈമാൻ | അടുത്തുൺ പറ്റി |
| 2. ശ്രീ കെ.കെ സുനിൽ കുമാർIFS | DCF Research North, Thrissur |
| 3. ശ്രീ പി ധനേഷ് കുമാർ IFS | Working Plan Officer, Kozhikode |
| 4. ശ്രീ.അബ്ദുൽഅസീസ്. | അടുത്തുൺ പറ്റി |
| 5. ശ്രീ.പി.രഞ്ജിത്ത്കുമാർ | അടുത്തുൺ പറ്റി |
| 6. ശ്രീമതി.എ.ഷജ്ന | ACF, Wayanad Wildlife division |
| 7. ശ്രീ കെ.ജെ കുര്യാക്കോസ് | അടുത്തുൺ പറ്റി |
| 8. ശ്രീ ബി രഞ്ജിത്ത് | ACF, Vested Forest EC, Olavakkode |
| 9. ശ്രീ സി.പി അനീഷ് | ACF, SIP Eastern Circle |
| 10. ശ്രീ ബി ഹരിചന്ദ്രൻ | അടുത്തുൺ പറ്റി |
| 11. ശ്രീ കൃഷ്ണദാസ്.C | അടുത്തുൺ പറ്റി |
| 12. ശ്രീകെബാബുരാജ് | അടുത്തുൺ പറ്റി |
| 13. ശ്രീ. എം കെ ഷമീർ | അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, HRD TVM |
| 14. ശ്രീ ഡി ഹരിലാൽ | RFO, Perya Range |

| | |
|---|---|
| 15. ശ്രീ ഡി.ബെന്നി | RFO, Azhutha Range, PTR West |
| 16. ശ്രീ ഷിജു ജോസ് | Dy RFO, Bavali Timber Depot |
| 17. ശ്രീ കെ.പി.അഭിലാഷ് | Dy RFO, Chakkikuzhy FS, Kalikave Range Nilambur south |
| 18. ശ്രീ കെ.സനിൽ | Dy RFO, Sholayur FS, Sholayur Range, Vazhachal Division |
| 19. ശ്രീ.അരവിന്ദാക്ഷൻകണ്ടേത്തുംപാറ | Dy RFO, Vannanthura FS, Kanathalloor Range, Marayur Sandal Division |
| 20. ശ്രീ ഉണ്ണികൃഷ്ണൻ കെ.വി | അട്ടുത്തുൺ പറ്റി |
| 21. ശ്രീ ജിജിൽ കെ | SFO Kannavam Section, Kanavam Range |
| 22. ശ്രീ രാധാകൃഷ്ണൻ കെ.വി | അട്ടുത്തുൺ പറ്റി |
| 23. ശ്രീ ശശിധരൻ എം | അട്ടുത്തുൺ പറ്റി |
| 24. ശ്രീ സുനിൽ കമാർ ബി.പി | DyRFO Naikkaty FS |
| 25. ശ്രീ എ പ്രസന്നകമാർ | അട്ടുത്തുൺ പറ്റി |
| 26. ശ്രീ കെ സുന്ദരൻ | Dy RFO Muthanga FS |
| 27. ശ്രീ സംഗീത് ബി | BFO, Mundakkai FS, Meppady range |
| 28. ശ്രീ അജേഷ് പി എസ് | BFO, Irulam FS, Chethalath Range |
| 29. ശ്രീ രഞ്ജിത്ത്എം | BFO, RRT, S. Bathery |
| 30. ശ്രീ ബിനീഷ് പി പി | BFO, Muthanga Fs, Muthanga Range, |
| 31. ശ്രീ വിഷ്ണു വി പി | BFO, Thottamoola FS, Muthanga Range |

നിലവിൽ ഇതേ പരാതിയിൽ നമ്പർ VE-07/ 2024/WYD, VIG-E4-208/2024 പ്രകാരം പോലീസ് വിജിലൻസ് അന്വേഷണം നടക്കുന്നതിനാൽ പല ഫയലുകളും പോലീസ് വിജിലൻസിന്റെ കൈവശത്തിലാണെന്നും ആയതിനാൽ സമാന്തരമായ ഒരു അന്വേഷണം ഇത്തരുണത്തിൽ ദുഷ്കരമാണെന്നും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നിരുന്നാലും ലഭ്യമായ രേഖകളും മൊഴികളും മറ്റും അടിസ്ഥാനമാക്കിയാണ് പരാതിക്കാരന്റെ ആരോപണങ്ങളിൽ അന്വേഷണം നടത്തിയിട്ടുള്ളതെന്നും , APCCF (V&FI) രൂപീകരിച്ച പ്രത്യേക അന്വേഷണസംഘം ഇതേ വിഷയങ്ങളിൽ പരിശോധന നടത്തി അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മേൽ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം ശുപാർശകൾ സമർപ്പിച്ചിട്ടുണ്ട്.

<u>പൊതു ശുപാർശകൾ</u>

1. GO ( MS ) No 40/2017 പ്രകാരവും GO ( MS) 26/2006/ F& WLD പ്രകാരവും നിർദ്ദേശിച്ചിട്ടുള്ള നിർദ്ദിഷ്ട മാതൃകയിലുള്ള രജിസ്റ്ററുകളും ഫോറങ്ങളും യഥാവിധി സൂക്ഷിക്കുന്നുണ്ടെന്ന് എല്ലാ സമിതി/ഇക്കോ ടൂറിസം സെന്ററുകളിലും ഉറപ്പുവരുത്തുന്ന വഴി സാമ്പത്തികമായ തിരിമറികളും വി.എസ്എസിന്റെ പ്രവർത്തനക്ഷമതമില്ലായ്മയും പരിഹരിക്കാവുന്നതാണ്.
2. ചെമ്പ്ര വിഎസ്എസ് 2008 ൽ ആരംഭിച്ചിട്ടും 2022 മെയ് മാസത്തിൽ മാത്രമാണ് ഒരു പൊതുയോഗം കൂടാനായത്. ഇതുമൂലം പ്രവർത്തനങ്ങളിലെ സുതാര്യത നഷ്ടപ്പെട്ടു. അത് പരിഹരിക്കുന്നതിന് ബന്ധപ്പെട്ട റേഞ്ച് ഓഫീസർമാരോ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരോ കാര്യക്ഷമമായി പ്രവർത്തിച്ചതായി കാണുന്നില്ല. വി എസ് എസ്സിന്റെ പ്രവർത്തനങ്ങളിൽ ഡെപ്യൂട്ടി റെയിഞ്ച് ഓഫീസർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, സി.ഇ.ഒ എന്നിവരുടെ തുടർച്ചയായ മേൽനോട്ടം ഉറപ്പുവരുത്തേണ്ടതുണ്ട്.
3. ഇക്കോ ടൂറിസം സെൻററുകളിൽ നിന്നും ദൈനംദിനം ലഭിക്കുന്ന പണം F D A അക്കൗണ്ടിലേക്ക്

യഥാസമയം നിക്ഷേപിക്കുന്നില്ല എന്ന് കണ്ടെത്തിയിട്ടുണ്ട്. ഇത് FDA തലത്തിൽ ഉള്ള സൂക്ഷ്മത കുറവാണ്. FDA ഇക്കാര്യത്തിൽ നിരന്തര ശ്രദ്ധ ചെലുത്തേണ്ടതുണ്ട്.

4. ചെമ്പ്ര വി എസ് എസ് 2013 മാത്രമാണ് ഡിവിഷൻ തലത്തിലുള്ള ഓഡിറ്റിംഗ് നടത്തിയതായി കാണുന്നത്. അർദ്ധ വാർഷിക /വാർഷിക ഓഡിറ്റിങ്ങുകളും ജനറൽ ഓഡിറ്റും നടത്താത്തത് ഈ സാമ്പത്തിക ക്രമക്കേടിലേക്ക് വഴിവെച്ചിട്ടുണ്ട്.എല്ലാ രീതിയിലുള്ള ഓഡിറ്റിംഗും എല്ലാ തലങ്ങളിലും നടത്തുന്നുണ്ടെന്ന് ഡെപ്യൂട്ടി റേഞ്ച് ഓഫീസർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, സിഇഒ എന്നിവർ ഉറപ്പുവരുത്തേണ്ടതാണ്.
5. വിഎസ്എസിന്റെ സെക്രട്ടറിമാർക്ക് അക്കൗണ്ടിംഗ് സംബന്ധിച്ചും വി എസ് എസ് /ഇക്കോ ടൂറിസം പ്രവർത്തനങ്ങൾ സംബന്ധിച്ചുംപരിശീലനം നൽകേണ്ടതും പരിശീലനം നേടിയ ആളുകളെ മാത്രം വിഎസ്എസ് സെക്രട്ടറിമാരായി നിയമിക്കുന്നുള്ളൂ എന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്.
6. 2008 മുതൽ സൗത്ത് വയനാട് സി ഇ ഒ മാരായി പ്രവർത്തിച്ച ഉദ്യോഗസ്ഥർക്കും റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്കും ഡെപ്യൂട്ടി റേഞ്ച് ഓഫീസർമാർക്കും സെക്രട്ടറിമാർക്കും ഈ പാളിച്ചകളിൽ പങ്കാളിത്തമുണ്ട്. ഈ രീതിയിൽ പാളിച്ചകൾ ഉണ്ടാകുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട് .
7. എഫ് ഡി എ കളുടെ അക്കൌണ്ടുകളുടെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിനായി സമർപ്പിക്കുന്നതിന് പല ഡി എഫ് ഓ മാരും കാലതാമസം വരുത്തുന്നതായും, ആയത് യഥാസമയം തന്നെ ഓഡിറ്റ് പാർട്ടി മുമ്പാകെ സമർപ്പിക്കേണ്ടതാണെന്ന് കർശന നിർദ്ദേശം നൽകി കൊണ്ടുള്ള പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 07.04.2011 തീയ്യതിയിലെ 05/2011 നമ്പർ സർക്കുലർ ഉള്ളതാണ്.
8. ചെമ്പ്ര വിഎസ്എസിലെ സാമ്പത്തിക തിരിമറിയുമായി ബന്ധപ്പെട്ട് പ്രത്യേക അന്വേഷണസംഘം KFDDO/22731/2024/DFO FSKKD /P തീയതി 22 .05.2024 (ഈ ഓഫീസിലെ KFDIEN/244/2024-CFI and ENR/T dt 27/05/24) (KFDHQ 3599/2024-VIG/VE10 തീയതി 31.05 2024) അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകളും ശുപാർശകളും ഇവിടെ ബാധകമാണ്.
9. വി എസ് എസ്/ഇ ഡി സി എന്നിവയുടെ കാര്യത്തിൽ ആരോഗ്യപരമായ മേൽനോട്ടം വഹിക്കുന്നതിന് സി ഇ ഓ മാർക്ക് ഒരു പൊതു നിർദ്ദേശം നൽകാവുന്നതാണ്.

<u>മറ്റ് ശുപാർശകൾ</u>

1. കുറ്റക്കാരായ ഉദ്യോഗസ്ഥരിൽ 1)ശ്രീ അബ്ദുൾ അസീസ് ഐ.എഫ്.എസ്,2) ശ്രീ പി രഞ്ജിത്ത് കുമാർ (ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ)3) ശ്രീ പി സുലൈമാൻ(ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ), 4) ശ്രീ കൃഷ്ണദാസ് സി, (റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ 5) കെ ബാബുരാജ് (റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ) 6)ശ്രീ. കെ ജെ കുര്യാക്കോസ്,7) ശ്രീ ബി ഹരിചന്ദ്രൻ, 8)ശ്രീ. ഉണ്ണികൃഷ്ണൻ കെ വി, 9) ശ്രീ ശശിധരൻ എം, 10)ശ്രീഎ പ്രസന്നകുമാർ (ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ഗ്രേഡ്) 11)ശ്രീ. രാധാകൃഷ്ണൻ കെ വിഎന്നിവർ സർവീസിൽ നിന്ന് വിരമിച്ചവരാണ്. മേൽ പ്രതിപാദിച്ച നോട്ട പിശക് മൂലമാണ് ഇക്കോ ടൂറിസം പ്രവർത്തനം കാര്യക്ഷമമല്ലാതായത് എന്നതിനാൽ ടിയാന്മാർ ഓരോരുത്തർക്കും ഇക്കാര്യത്തിലുള്ള വകുപ്പിന്റെ അസന്തുഷ്ടി രേഖാമൂലം അറിയിക്കാവുന്നതാണെന്ന് ശുപാർശ ചെയ്യിട്ടുണ്ട്.
2. ചെമ്പ്ര ഇക്കോട്ടൂറിസത്തിൽനിന്നും 01.11.2022, 20.11.2022, 25.1.2022, 03.12.2022, 04.12.2022, 20.12.2022, 23.12.2022 എന്നീ തീയതികളിലെയും 2023 ജനുവരി മുതൽ 2024 ഫെബ്രുവരി വരെ പല തീയ്യതികളിലെയും വരവ് തുക യഥാസമയം അടവാക്കുന്നതിൽ സെക്രട്ടറിമാർ 2 മുതൽ 87 ദിവസം വരെ കാലതാമസം വരുത്തിയകാര്യം കണ്ടെത്തുന്നതിൽ വീഴ്ച്ച പറ്റിയതിനാലും മറ്റ് മേൽ പ്രതിപാദിച്ചവീഴ്ചകൾ

ഉള്ളതിനാലും ശ്രീമതി എ.ഷജ്ന, ശ്രീ.ഡി.ഹരിലാൽ, എന്നിവർക്ക് രേഖപ്പെടുത്താവുന്ന താക്കീത് നൽകുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്.

3. ശ്രീ കെ കെ സുനിൽ കുമാർ, ശ്രീ പി ധനേഷ്കുമാർ, ശ്രീ. ബി രഞ്ജിത്ത്, ശ്രീ സി പി അനീഷ്, ശ്രീ. എം കെ ഷമീർ, ശ്രീ. ഡി ബെന്നി, ശ്രീ. ഷിജു ജോസ്, ശ്രീ.കെ പി അഭിലാഷ്, ശ്രീ. കെ സനിൽ, ശ്രീ അരവിന്ദാക്ഷൻ കണ്ടേത്തുംപാറ, ശ്രീ ജിജിൽ കെ, ശ്രീ.സുനിൽ കുമാർ ബി.പി, ശ്രീ. കെ സുന്ദരൻ, എന്നിവർക്ക് അവരുടെ ഇനിയുള്ള സേവന കാലത്ത് ഇത്തരത്തിലുള്ള മേൽനോട്ട പിശക് സംഭവിക്കാതിരിക്കാൻ താക്കീത് നൽകാവുന്നതാണെന്ന് ശുപാർശ ചെയ്തിട്ടുണ്ട്.

4. ചെമ്പ്ര വിഎസ്എസിലെ സാമ്പത്തിക തിരിമറിയുമായി ബന്ധപ്പെട്ട് പ്രത്യേക അന്വേഷണസംഘം KFDDO/22731/2024 /DFO FSKKD /P തീയതി 22 .05.2024, (KFDHQ 3599/2024-VIG/VE10 തീയതി 31.05 2024) (ഈ ഓഫീസിലെ KFDIEN/244/2024-CFI and ENR/T dt 27/05/24) അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകളുടെയും ശുപാർശകളുടെയും അടിസ്ഥാനത്തിൽ , ശ്രീരഞ്ജിത്ത് എ എം, ശ്രീ ബിനീഷ് പി പി, ശ്രീവിഷ്ണുവി.പി എന്നീ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർക്കെതിരെ വകുപ്പ് തല നടപടികൾ സ്വീകരിച്ചു വരുന്നതിനാൽ മറ്റൊരു നടപടിക്ക് ശുപാർശ ചെയ്യേണ്ടതില്ലെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. ശ്രീ സംഗീത് ബി, ശ്രീ അജേഷ് പി എസ്, എന്നീ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർക്കെതിരെ പി. എഫ്. എം, ഇ. എം. എഫ് മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരമുള്ള രേഖകളും രജിസ്റ്ററുകളും സൂക്ഷിച്ചിട്ടില്ല, സ്ഥലംമാറ്റം ലഭിച്ച് പോകുമ്പോൾ ടി സി ആർ, ചാർജ്ജ് ലിസ്റ്റ് കൈമാറിയിട്ടില്ല എന്നീ കുറ്റങ്ങളാണ് കണ്ടെത്തിയിട്ടുള്ളത്. ഇത്തരം തെറ്റുകൾ ആവർത്തിക്കാതിരിക്കാൻ താക്കീത് നൽകി മറ്റ് നടപടികളിൽ നിന്ന് ഒഴിവാക്കാവുന്നതാണെന്ന് ശുപാർശ ചെയ്തിട്ടുണ്ട്.

മേൽ ശുപാർശകൾ അംഗീകരിക്കാവുന്നതാണെന്ന് ബോധിപ്പിച്ചു കൊള്ളുന്നു.

വിശ്വസ്തതയോടെ

ഫോറസ്റ്റ് കൺസർവേറ്റർ

igned by
eerthi R
ate: 11-04-2025 15:02:56

വി.പി ജയപ്രകാശ്
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
PEN:163184

ഡിവിഷണൽ ഫോറസ്റ്റ്ഓഫീസറുടെഓഫീസ്
ഫ്ളയിംഗ്സ്ക്വാഡ് ഡിവിഷൻ കോഴിക്കോട്
വനശ്രീമാത്തോട്ടം– 673 028
Phone: 0495 2416600
E mail ID: dfo-fs-kzkd.for@kerala.gov.in

**KFDDO/60262/2024-DFOFSKKD/P**

തിയ്യതി **08-04-2025**

# കേരള വനം–വന്യജീവി വകുപ്പ്
# (വിജിലൻസ് വിഭാഗം)
## അന്വേഷണ റിപ്പോർട്ട്
### ഭാഗം–1

ഫോറസ്റ്റ് കൺസർവേറ്റർ
ഇൻസ്പെക്ഷൻ & ഇവാല്യൂവേഷൻ
കോഴിക്കോട്

സർ,

| | | | |
|---|---|---|---|
| 1 | ഫ്ളയിങ് സ്ക്വാഡ് ഡിവിഷൻ | | കോഴിക്കോട് |
| 2 | വിഷയം | | സൗത്ത് വയനാട് ഡിവിഷൻ മേപ്പാടി റെയിഞ്ചിൽ ചെമ്പ്ര വനസംരക്ഷണ സമിതിയിൽ സാമ്പത്തിക ക്രമക്കേട് നടന്നതിൽ എല്ലാ സഹായ സഹകരണവും നൽകിയത് സൌത്ത് വയനാട് ഡി എഫ് ഒ ആയിരുന്ന ശ്രീമതി. എ ഷജ്നയും മേപ്പാടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ഡി ഹരിലാലും, വൈത്തിരി ഡെപ്യൂട്ടി റെയിഞ്ച് ഓഫീസർ അരവിന്ദാക്ഷൻ കണ്ടോത്ത്പാറയുമാണ് എന്നും മറ്റുമുള്ള പരാതിയിൽ അങ്ങയുടെ സൂചന 4 നിർദ്ദേശപ്രകാരം പുതുക്കി സമർപ്പിക്കുന്ന റിപ്പോർട്ട്. |
| 3 | പരാതിയുടെ ഇനം<br>VIP/CMO Portal/Others | | CMO Portal |
| 4 | സൂചന | | 1. CMO Portal നമ്പർ: G-3241002751<br>2. Additional Principal Chief Conservator of Forests (V&FI)യുടെ 06.11.2024 തീയ്യതിയിലെ KFDHQ/8138/2024 നമ്പർ കത്ത്<br>3. അങ്ങയുടെ 18.11.2024 തീയതിയിലെKFDIEN 594/2024/T നമ്പർ മേലെഴുത്ത്<br>4. അങ്ങയുടെ 26.03.2025 തീയതിയിലെKFDIEN 594/2024/Tനമ്പർ മേലെഴുത്ത് |
| 5 | പരാതിയുടെ സ്വഭാവം (വ്യാജപേരിലുള്ള പരാതി/ പേരോ മേൽവിലാസമോ | | ശരിയായ പേരും മേൽവിലാസവുമുള്ള പരാതി |

| | | |
|---|---|---|
| | ഇല്ലാത്ത പരാതി/ ശരിയായ പേരും മേൽവിലാസവുമുള്ള പരാതി) | |
| 6 | പരാതിക്കാരന്റെപേരും മേൽവിലാസവും | കെഷാജിർ അറാഫത്ത്, കാരാട്ട്, ബിലാത്തിക്കുളം കോളനിറോഡ്, എരഞ്ഞിപ്പാലം.പി.ഒ, കോഴിക്കോട്. |
| 7 | പരാതി ലഭിച്ച തിയ്യതി | 04.11.2024 |
| 8 | അന്വേഷണ റിപ്പോർട്ട് പുനഃ സമർപ്പിച്ച തിയതി | 04.04.2025 |
| 9 | അന്വേഷണ റിപ്പോർട്ടിന്റെ സ്വഭാവം<br>അന്തിമ റിപ്പോർട്ട്/പ്രാഥമിക റിപ്പോർട്ട് | അന്തിമ റിപ്പോർട്ട് |
| 10 | ആരോപണങ്ങൾ തെളിയിക്കപ്പെട്ടുവോ?<br>തെളിയിക്കപ്പെട്ടു /തെളിയിക്കപ്പെട്ടിട്ടില്ല/ഭാഗികമായി തെളിക്കപെട്ടു | ഭാഗികമായി തെളിയിക്കപ്പെട്ടു. |
| 11 | കുറ്റാരോപിതരായ ഉദ്യോഗസ്ഥർ | 1.എ ഷജ്ന, മുൻ സൗത്ത് വയനാട് ഡി എഫ് ഒ<br>2.ഡി.ഹരിലാൽ, മേപ്പാടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ,<br>3. അരവിന്ദാക്ഷൻകണ്ടേത്ത്പാറ, മുൻ വൈത്തിരി ഡെപ്യൂട്ടി റെയിഞ്ച് ഓഫീസർ |

## ഭാഗം 2

1. **ഫ്ളയിങ്സ്ക്വാഡ്ഡിവിഷൻ:**
   കോഴിക്കോട്ഫ്ലയിംഗ് സ്ക്വാഡ്ഡിവിഷൻ.
2. **CMO Portalനമ്പർ:G-3240901277**

**3.പരാതിയുടെ ചുരുക്കം**

സൗത്ത് വയനാട് ഡിവിഷൻ മേപ്പാടി റെയിഞ്ചിൽ ചെമ്പ്ര വനസംരക്ഷണ സമിതിയിൽ സാമ്പത്തിക ക്രമക്കേട് നടന്നതിൽ എല്ലാ സഹായ സഹകരണവും നൽകിയത് സൌത്ത് വയനാട് ഡി എഫ് ഒ ആയിരുന്ന ശ്രീമതി. എ ഷജ്നയും മേപ്പാടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ഡിഹരിലാലും, വൈത്തിരി ഡെപ്യൂട്ടി റെയിഞ്ച് ഓഫീസർ അരവിന്ദാക്ഷൻ കണ്ടോത്ത്പാറയുമാണ് എന്നും മറ്റുമുള്ള പരാതി.

**4. അന്വേഷണ വിവരം:**

സൗത്ത് വയനാട് ഫോറസ്റ്റ് ഡിവിഷൻ, മേപ്പാടി റെയിഞ്ച്, വൈത്തിരിഫോറസ്റ്റ് സ്റ്റേഷൻ, ചെമ്പ്ര വനസംരക്ഷണ സമിതി ഓഫീസ് എന്നിവിടങ്ങളിൽ പോയി രേഖകൾ പരിശോധിക്കുകയും തെളിവുകളും മൊഴികളും ശേഖരിക്കുകയും രഹസ്യാന്വേഷണം നടത്തുകയും ചെയ്തു. പരാതിക്കാരൻ 09.01.2025 തീയ്യതിയിൽ എന്റെ മുമ്പാകെ നൽകിയ മൊഴി അനുബന്ധം-1 ആയി ചേർക്കുന്നു.

GO(MS) 9/2009/F & WLD തീയതി 03.02.2009 സർക്കാർ ഗൈഡ് ലൈൻ പ്രകാരം 2019 ഒക്ടോബറിൽ ചെമ്പ്ര വന സംരക്ഷണ സമിതിക്ക് വേണ്ടി 5 ടിക്കറ്റ് മെഷീനുകൾ അനുവദിച്ചു എന്നും ടിക്കറ്റും മെഷീനുകൾ എല്ലാം അഞ്ചു ദിവസം കൊണ്ട് ഡൗൺലോഡ് ചെയ്യേണ്ടതും രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുണ്ട് എന്നും ഇപ്രകാരം രജിസ്റ്റർ മെയിന്റയിൻ ചെയ്തിട്ടില്ല എന്നാണ് പരാതിക്കാരൻ പറയുന്നത്. എന്നാൽ GO (MS)9/2009 തീയതി 03.02.2009 എന്നതിൽ പറയുന്നത് നിലവിലെ പി.എഫ് എം മാർഗ്ഗനിർദേശങ്ങളിൽ ചില മാറ്റം വരുത്തി ഗൈഡ് ലൈൻ പുതുക്കിക്കൊണ്ടുള്ള ഉത്തരവാണിത്. ഇതിൽ എവിടെയും ടിക്കറ്റ് മെഷിനെക്കുറിച്ചോ അനുബന്ധ വിഷയങ്ങളോ പറയുന്നില്ല (പകർപ്പ് അനുബന്ധം-02). എന്നാൽ 23.08.2017 സർക്കാർ ഇറക്കിയGO (MS) 40/2017/F&WLD പ്രകാരം ഇഎംഎഫിന്റെ പുതുക്കിയ ഗൈഡ് ലൈൻ പുറത്തിറക്കിയിട്ടുണ്ട്. ഇതിൽ1.2 (b) " e-ticket will be introduced in all eco tourism sites at the earliest till the ticket sale will be discontinued when the air ticketing come into existence"എന്ന് പറയുന്നുണ്ട് (പകർപ്പ് അനുബന്ധം 3). ഈ ഗൈഡ് ലൈൻ പ്രകാരം 7 രജിസ്റ്ററുകളാണ് ഇക്കോ ടൂറിസത്തിന്റെ ഭാഗമായി സമിതികൾ സൂക്ഷിക്കേണ്ടത്.

- Register 2- സ്റ്റോക്ക് രജിസ്റ്റർ -നിർദ്ദിഷ്ട മാതൃകയിൽ സൂക്ഷിച്ചുവരുന്നില്ല
- Register 4- നാൾവഴി രജിസ്റ്റർ- സൂക്ഷിക്കുന്നുണ്ടങ്കിലും നിർദ്ദിഷ്ട മാതൃക പിന്തുടരുന്നില്ല
- Register 5- പേരേട് (Ledger)- സൂക്ഷിക്കുന്നില്ല
- Register 9- പേരേട് ( Loan Ledger) –സൂക്ഷിക്കുന്നില്ല
- Register 10- തൊഴിൽ രജിസ്റ്റർ -നിർദ്ദിഷ്ട മാതൃകയിൽ സൂക്ഷിക്കുന്നില്ല
- Register 11- അപകടങ്ങൾ, അത്യാഹിതങ്ങൾ സംബന്ധിച്ച രജിസ്റ്റർ -സൂക്ഷിക്കുന്നില്ല.

**ഈ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം സമിതികൾ തയ്യാറാക്കേണ്ട ഫോറങ്ങൾ**

- Form 2- പ്രതിദിന റിപ്പോർട്ട്- സൂക്ഷിക്കുന്നുണ്ടങ്കിലും നിർദ്ദിഷ്ട മാതൃക പിന്തുടരുന്നില്ല
- Form 4- നാൾവഴിയുടെ പ്രതിമാസ സംഗ്രഹം –സൂക്ഷിക്കുന്നില്ലForm 5- സമിതി ഇ.ഡി.സി
- അക്കൗണ്ടിൽ നിന്ന് എഫ്.ഡി.എ അക്കൗണ്ടിലേക്ക് ഫണ്ട് മാറ്റിയതിനുള്ള അറിയിപ്പ്- മാസാവസാനം ഇത് സി.ഇ.ഒ ക്ക് നൽകേണ്ടതാണ്- സുക്ഷിക്കുന്നില്ല
- Form 6- പ്രവർത്തന ധനത്തിനുള്ള അപേക്ഷ – സൂക്ഷിക്കുന്നില്ല
- Form 7- തൊഴിൽ ദിനങ്ങൾ- (എല്ലാ മാസവും എഫ്.ഡി.എ ക്ക് സമർപ്പിക്കേണ്ടതാണ്) തൊഴിൽ രജിസ്റ്റർ മാത്രമാണ് സൂക്ഷിക്കുന്നത്.

2008 മെയ് മാസത്തിൽ വനം വകുപ്പിലെ E & TW വിഭാഗം പുറത്തിറക്കിയപി..എഫ്.എം മാർഗ്ഗനിർദ്ദേശത്തിൽ 49 ആം പേജിൽ സമിതികളിൽ സൂക്ഷിക്കേണ്ട രേഖകളും രജിസ്റ്ററുകളും പ്രതിപാദിക്കുന്നുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധം 3-A ആയി സമർപ്പിക്കുന്നു.

- അംഗത്വ രജിസ്റ്റർ - ഉണ്ട്
- ധാരണ പത്രം – ഉണ്ട്
- മിനുട്സ് ബുക്ക് (GB &EC) –സൂക്ഷിക്കുന്നുണ്ടെങ്കിലും പൂർണ്ണമല്ല
- നാൾവഴി- Core fund –
- പേരോട് (ledger) –ഇല്ല
- എസ്റ്റിമേറ്റ് രജിസ്റ്റർ - ഇല്ല
- പ്രവൃത്തി രജിസ്റ്റർ -ഇല്ല
- എം ബുക്ക് –ഇല്ല
- ബിൽ രജിസ്റ്റർ -ഇല്ല
- തൊഴിൽ രജിസ്റ്റർ - സൂക്ഷിക്കുന്നുണ്ട്
- നഴ്സറി ജേണൽ - NA
- പ്ലാന്റേഷൻ ജേണൽ - NA
- മാസാവലോകന റിപ്പോർട്ട് – ഇല്ല
- ഓഡിറ്റ് റിപ്പോർട്ട് (വാർഷിക- അർദ്ധ വാർഷിക)– ഇല്ല
- ചെക്ക് നോട്ട് (Operation fund, Core fund) - ഇല്ല

അന്വേഷണത്തിന്റെ ഭാഗമായി ശ്രീമതി ഷജ്ന എ എ.സി.എഫ്, ശ്രീ ഡി. ഹരിലാൽ ആർ.എഫ്.ഒ, ഡെപ്യൂട്ടി റെയിഞ്ചർമാരായ ശ്രീ അരവിന്ദാക്ഷൻ കണ്ടേത്തുപാറ, ശ്രീ ഷിജു ജോസ്, ശ്രീ കെ സനിൽ, കെ.പി അഭിലാഷ്, ശ്രീ ബെന്നി ആർ.എഫ്.ഒ, ശ്രീ എം.കെ സമീർ, എ.സി.എഫ്, ബി.എഫ്.ഒ മാരായ ശ്രീ വി.പി വിഷ്ണു, ശ്രീ അജീഷ് പി.എസ്, ശ്രീ സംഗീത് ബി, ശ്രീ രഞ്ജിത്ത് എം.എ, ശ്രീ ബിനീഷ് പി.പി എന്നിവരുടെ മൊഴികൾ ശേഖരിക്കുകയും വയനാട് ജില്ലാ ധനകാര്യ സ്ക്വാഡിന്റെ റിപ്പോർട്ട് ആയതിന് സി.ഇ.ഒ സൗത്ത് വയനാട് നൽകിയ മറുപടി എക്സ്റ്റേണൽ ഓഡിറ്റ് റിപ്പോർട്ടുകൾ, ചെമ്പ്ര വി.എസ്.എസിലെ മിനുട്സ് ബുക്ക് ചെമ്പ്ര വി.എസ്.എസിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് പ്രത്യേക അന്വേഷണ സംഘം സമർപ്പിച്ച റിപ്പോർട്ടും അനുബന്ധ രേഖകളും സർക്കാർ ഉത്തരവുകളും പരിശോധിക്കുകയുണ്ടായി.

<u>ശ്രീമതി. ഷജ്ന കരീം അസിസ്റ്റൻറ് ഫോറസ്റ്റ് കൺസർവേറ്ററുടെ</u> മൊഴിയിൽ 09.09.2021 നാണ് സൗത്ത് വയനാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ആയി ചാർജ് എടുത്ത് എന്നും B3-6833/2021 തീയ്യതി 26.10.2021 ആയി M/S ശങ്കർ മൂർത്തിക്ക് കത്ത് നൽക്കുകയും 2016 മുതൽ എഫ്ഡിഎയുടെ സിഎ ഓഡിറ്റ് നടത്തിയിട്ടുണ്ടെന്നും പറയുന്നു. സാമ്പത്തിക കുറ്റാന്വേഷണ വിഭാഗം ചെമ്പ്രയിൽ സാമ്പത്തിക ക്രമക്കേട് നടന്നു എന്ന രീതിയിൽ യാതൊരു റിപ്പോർട്ടും ടിയാരി സൌത്ത് വയനാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ആയിരുന്ന കാലയളവിൽ ലഭിച്ചിട്ടില്ല എന്ന് പറയുന്നു.2008 മുതൽതാൽക്കാലിക ഭരണസമിതി പ്രവർത്തനം നടത്തിയിരുന്ന ചെമ്പ്ര വി എസ് എസ് 14 വർഷങ്ങൾക്ക് ശേഷം 22.05.2022 ന് സ്ഥിരം സമിതി ആക്കിയതും ടിയാരിയുടെ കാലത്താണെന്നും പറയുന്നു. മാത്രമല്ല ചെമ്പ്ര വി എസ് എസിന്റെ എഫ്.ഡി.എ അക്കൌണ്ടിലേക്ക് വരേണ്ട വരവ് സമഗ്ര അന്വേഷണം നടത്തി അടവാക്കാൻ ബാക്കിയുള്ള തുക

തിരിച്ചെടപ്പിക്കുകയും കുറ്റക്കാരായ സെക്രട്ടറിമാർക്കെതിരെ നടപടി സ്വീകരിച്ചതും ടിയാരി ആണെന്നും മൊഴി നൽകിയിട്ടുണ്ട്. (പകർപ്പ് ആനുബന്ധം 15-A ആയി ചേർക്കുന്നു).

09.09.2021 നാണ് സൗത്ത് വയനാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ആയി ചാർജ് എടുത്ത് എന്നും B3-6833/2021 തീയ്യതി 26.10.2021 ആയി M/S ശങ്കർ മൂർത്തിക്ക് കത്ത് നൽകുകയും 2016 മുതൽ 2023-24 വരെ എഫ്ഡിഎയുടെ സിഎ ഓഡിറ്റ് നടത്തിയിട്ടുണ്ടെന്നും പറയുന്നു. എഫ്.ഡി.എ യുടെ എക്സ്റ്റേണൽ ഓഡിറ്റ് തുടക്കം മുതൽ തന്നെ നടത്തിയിട്ടുള്ളതായി കാണുന്നുണ്ട്. 2016 മുതൽ 2024 വരെയുള്ള ഓഡിറ്റ് നടത്തുന്നതിന് B3-6833/2021 തീയ്യതി 26.10.2021 ആയി M/S ശങ്കർ മൂർത്തിക്ക് സൗത്ത് വയനാട് ഡി.എഫ്.ഒ കത്ത് നൽകുകയും (പകർപ്പ് അനുബന്ധം15Q) M/S ശങ്കർ മൂർത്തി ഓഡിറ്റിങ്ങ് നടത്തിയതായും കാണുന്നുണ്ട് (പകർപ്പ് അനുബന്ധം 15S). എക്സ്റ്റേണൽ ഓഡിറ്റ് എഫ്.ഡി.എ തലത്തിൽ നടത്തിവരുന്നുണ്ട് എന്ന് വ്യക്തമാണ്. എന്നാൽ ഈ ഓഡിറ്റിങ്ങ് റിപ്പോർട്ടുകളിലൊന്നും തന്നെ ചെമ്പ്ര വി.എസ്.എസ് ന്റെ മാത്രമായ ന്യൂനതകൾ കണ്ടെത്തുക പ്രയാസമാണ്.

ജില്ലാ ധനകാര്യ പരിശോധന വിഭാഗത്തിന് നൽകി മറുപടിയിൽ ചെമ്പ്ര VSS ൽ കൈപ്പുസ്തകത്തിൽ നിർദ്ദേശിക്കപ്പെട്ട രീതിയിൽ പ്രശ്നപരിഹാര കമ്മിറ്റി രൂപീകരിച്ചിരുന്നു എന്നും പറയുന്നു. എന്നാൽ 14.08.2011 ന് സാമ്പത്തിക അഴിമതിആരോപിച്ച്എക്സിക്യൂട്ടീവ് കമ്മറ്റിയിൽ നിന്നും പുറത്താക്കിയ എൻ ഡി സാബു 2022 ൽ തിരികെ എക്സിക്യൂട്ടീവ് കമ്മറ്റിയിൽ ഉൾപ്പെടുത്തുമ്പോൾ പ്രശ്നപരിഹാര കമ്മിറ്റിയുടെ റിപ്പോർട്ടുകൾ ഒന്നും ലഭ്യമാക്കിയതായി കാണുന്നില്ല. മാത്രമല്ല 2008 മൂന്നു താൽക്കാലിക കമ്മിറ്റി മാത്രം നിലവിലുള്ള ഈ ചെമ്പ്ര വിഎസ് എസ്സിൽ പ്രശ്നപരിഹാര കമ്മിറ്റി ഇല്ലായിരുന്നു എന്ന് കാണാവുന്നതാണ്.

<u>ശ്രീ വി പി വിഷ്ണു ബീറ്റ് ഫോറസ്റ്റ് ഓഫീസർ</u> ടിയാൻ23.02.2025 നു നൽകിയ മൊഴിയിൽ 2022-23 വർഷത്തെ കണക്കുകൾ ഓഡിറ്റ് നടത്തുന്നതിനു വേണ്ടി സമർപ്പിച്ചിട്ടുണ്ടായിരുന്നു എന്നും സമിതി നിലവിൽ വന്നത് മുതൽക്കുള്ള കണക്കുകൾ ശരിയാക്കി ഒറ്റ മാസത്തിനുള്ളിൽ ഓഡിറ്റ് നടത്തണമെന്ന് മേൽ നിർദ്ദേശത്തെ തുടർന്നാണ് എഫ്ഡിഎ ക്ക് മേൽ കണക്കുകൾ നൽകിയത് എന്നും പറയുന്നു. "ഇക്കോ ടൂറിസം സെന്ററിലെ ഡെയിലി കളക്ഷൻ ബാങ്കിൽ അടക്കുന്നത് വേണ്ടത്ര ശ്രദ്ധ ചെലുത്താൻ സാധിക്കാതെ വന്നിട്ടുണ്ട്" എന്നും മുൻ സെക്രട്ടറി ടിയാന് ടി സി ആർ നൽകിയിട്ടില്ല എന്നുംതനിക്ക് ലഭിച്ച പല രേഖകളും ഭാഗികമായിരുന്നു എന്നും ഇത് ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറെ ധരിപ്പിച്ചിട്ടുള്ളതാണ് എന്നും മൊഴി നൽകിയിട്ടുണ്ട്. (പകർപ്പ് ആനുബന്ധം 15-B ആയി ചേർക്കുന്നു).

<u>ശ്രീ അജീഷ് പി എസ് ബീറ്റ് ഫോറസ്റ്റ് ഓഫീസർ</u> ടിയാൻ20.02.2025 നു നൽകിയ മൊഴിയിൽ ടിയാന്റെ കാലയളവായ 07.01.2019 മുതൽ 18.02.2020 വരെ യാതൊരു സാമ്പത്തിക ക്രമക്കേടും നടന്നിട്ടില്ല എന്ന് പറയുന്നു. PFM ഗൈഡ് ലൈൻ പ്രകാരമുള്ള നാൾവഴി, മിനുട്ട്സ് ബുക്ക് തുടങ്ങിയവ യഥാവിധി സൂക്ഷിച്ചിരുന്നുവെന്നും ചാർജ്ജ് ലിസ്റ്റ് ലഭ്യമായിട്ടില്ലായിരുന്നു എന്നും മൊഴി നൽകിയിട്ടുണ്ട്. (പകർപ്പ് ആനുബന്ധം 15-C ആയി ചേർക്കുന്നു).

<u>ശ്രീ സംഗീത് ബി, ബീറ്റ് ഫോറസ്റ്റ് ഓഫീസർ</u> 20.02.2025 നു നൽകിയ മൊഴിയിൽ 24.07.2014 മുതൽ 2018 വരെ ടിയാൻ സെക്രട്ടറിയായിരുന്നു എന്നും എഫ് ഡി എ യിലേക്ക് യഥാസമയം തന്നെ കലക്ഷൻ തുക അടവാക്കി വന്നിരുന്നു എന്നും കളക്ഷൻ രസീത് പകർപ്പുകൾ, ബാങ്ക് സ്റ്റേറ്റ്മെൻറ് എന്നിവ എഫ് ഡി

എ യിലേക്ക് കൈമാറിയിരുന്നു എന്നും നിർദ്ദേശിച്ച രജിസ്റ്ററുകളും രേഖകളും സൂക്ഷിച്ച് വന്നിരുന്നു എന്നും മൊഴി നൽകിയിട്ടുണ്ട്.(പകർപ്പ് ആനുബന്ധം 15-Dആയി ചേർക്കുന്നു).

ശ്രീ രഞ്ജിത്ത് എം എ,ബീറ്റ് ഫോറസ്റ്റ് ഓഫീസർ 20.02.2025ന് നൽകിയ മൊഴിയിൽ ടിയാൻ 19.02.2020 മുതൽ 28.09.2021 വരെയും 04.02.2023 മുതൽ 10.07.2023 വരെയും ചെമ്പ്ര വിഎസ്എസിന്റെ സെക്രട്ടറി ആയിരുന്നു എന്ന് പറയുന്നു. 15.02.2021 ന് ബഹു ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരമാണ്EDC വീണ്ടും തുറന്നുപ്രവർത്തനം ആരംഭിച്ചതെന്ന് മൊഴി നൽകിയിട്ടുണ്ട്. സ്റ്റേഷനിൽ നിന്ന് ഡ്യൂട്ടിക്ക് അയക്കുന്നവരാണ് അതത് ദിവസങ്ങളിലെ കളക്ഷൻ പിറ്റേന്ന് ബാങ്കിൽ നിക്ഷേപിച്ച് സ്ലിപ്പ് ടിയാനെ ഏൽപ്പിക്കാറുണ്ടായിരുന്നത് എന്നും മൊഴി നൽകുന്നു. ഇതൊരു സ്ഥിരം സംവിധാനം അല്ലാത്തതിനാൽ ഓഫീസ് ഡ്യൂട്ടികളും ഡെയിലി കളക്ഷൻ ബാങ്കിൽ അടവാക്കുന്നതിനും, രേഖകൾ എഴുതി സൂക്ഷിക്കുന്നതിനും മറ്റുമായി പ്രണീഷ് കെ, എന്നയാളെ ഗൈഡായി നിയോഗിച്ചതായി പറയുന്നു. ടിയാന്റെ പ്രവർത്തനം സെക്രട്ടറി എന്ന നിലയിൽ പരിശോധിച്ചു ഉറപ്പുവരുത്താറുണ്ട് എന്നും പറയുന്നു.FDAയ്ക്കുള്ള ചെക്ക് മടങ്ങിയ കാര്യം പ്രണീഷ് സെക്രട്ടറിയായ ടിയാനെ അറിയിച്ചില്ല എന്നും പറയുന്നു. ഇതുമായി ബന്ധപ്പെട്ട് FDA യിൽ നിന്നും ഒരറിയിപ്പും ലഭിച്ചിട്ടില്ലായിരുന്നു എന്നും പറയുന്നു. സെക്രട്ടറി നിലയിൽ മാത്രമല്ല വനം കുറ്റകൃത്യം തടയൽ, കേസുകൾ എടുക്കൽ, മറ്റു ഡ്യൂട്ടികൾ എന്നിവയ്ക്ക് പുറമെയാണ് സെക്രട്ടറിയുടെ ജോലി ചെയ്തിരുന്നത് എന്നും ഗൈഡ് ആയി പ്രവർത്തിച്ച പ്രണീഷിനെ വിശ്വസിച്ചതാണ് എനിക്ക് തെറ്റ് പറ്റിയതിന് കാരണം എന്നുംപറയുന്നു. PFM guideline പ്രകാരം തന്റെ മുൻഗാമികൾ സൂക്ഷിച്ചുവന്നിരുന്നരജിസ്റ്ററുകൾ തന്നെയാണ് ടിയാനും സൂക്ഷിച്ചിരുന്നത് എന്നും പല രജിസ്റ്ററുകളിലും മുൻപിനാലെയുള്ള പല വിവരങ്ങളും ചേർത്തിട്ടുണ്ടായിരുന്നില്ല. സി ഇ ഓ തലത്തിലോ റേഞ്ച് ഫോറസ്റ്റ് ഓഫീസർ, ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസർ തലങ്ങളിലോ ഇത്തരത്തിൽ ഒരു പരിശോധനയും നടത്തിയിട്ടില്ല എന്നും പറയുന്നു. ഇതുമായി ബന്ധപ്പെട്ട് ടിയാന് ഒരു പരിശീലനവും ലഭിച്ചിട്ടില്ല എന്നും ചാർജ് കൈമാറുമ്പോൾ ടി സി ആർ കൈമാറണമെന്ന് ടിയാന് അറിയില്ലായിരുന്നു എന്നുംFDA അക്കൌണ്ടിലേക്ക്നിക്ഷേപിക്കേണ്ട തുക ഗൈഡായിരുന്ന പ്രബീഷ് കെ തന്നെയാണ് തിരിമറി നടത്തിയത് എന്നും ഇത് സംബന്ധിച്ച് CEO യിൽ നിന്നും റെയിഞ്ച് ഫോറസ്റ്റ് ഓഫീസറിൽ നിന്നും യാതൊരു വിവരങ്ങളും ലഭിച്ചിട്ടില്ല എന്നും യഥാസമയം ഓഡിറ്റ് നടത്താത്തത് FDA യുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ് എന്നും മൊഴി നൽകിയിട്ടുണ്ട്. (പകർപ്പ് ആനുബന്ധം 15-Eആയി ചേർക്കുന്നു).

ഇതിൽ നിന്നും ചെമ്പ്ര വിഎസ്എസ്സിന്റെ ഇക്കോ ടൂറിസം കേന്ദ്രത്തിൽ നിന്നുള്ളകലക്ഷൻ യഥാസമയം FDA അക്കൌണ്ടിലേക്ക് അടവാക്കുന്നതിൽ ഗുരുതരമായ വീഴ്ച വന്നിട്ടുള്ളതായും സെക്രട്ടറി എന്ന നിലയിൽ ഇത് കൃത്യമായി പരിശോധിച്ച് പരിഹരിക്കുന്നതിന് നടപടി എടുത്തിട്ടില്ല എന്നും കാണാവുന്നതാണ്. മാത്രമല്ല PFM ഗൈഡ് ലൈൻ, EMF ഗൈഡ് ലൈൻ എന്നിവകകളിൽ പറയുന്ന രജിസ്റ്റുകൾ ഒന്നും നിഷ്കർഷിക്കപ്പെട്ട രീതിയിൽ സൂക്ഷിച്ചിരുന്നില്ല എന്നും കാണുന്നു. മാത്രമല്ല FDA തലത്തിലോ VSS തലത്തിലോ യഥാസമയം ഓഡിറ്റുകൾ ഒന്നും നടന്നിട്ടില്ല എന്നും വ്യക്തമാണ്.

ബിനീഷ് പി പി ബീറ്റ് ഫോറസ്റ്റ് ഓഫീസർ 21.02.2025 നു നൽകിയ മൊഴിയിൽ ടിയാൻ എല്ലാ ദിവസവും ET ഡ്യൂട്ടിയിലേക്ക് നിയോഗിക്കാതിരുന്നതിനാൽ 9 കിലോമീറ്റർ അകലെയുള്ള ഇക്കോ ടൂറിസം കേന്ദ്രത്തിലേക്ക് എത്തി പ്രതിദിന കലക്ഷൻ പരിശോധിച്ചു യഥാസമയം അടവാക്കാൻ സാധിച്ചിരുന്നില്ല

എന്ന് മൊഴിനൽകിയിട്ടുണ്ട്. ഇതിനുവേണ്ടി VSS ഏകസിക്യൂട്ടീവ് കമ്മറ്റിയുടെ തീരുമാനപ്രകാരം പ്രണീഷ് കെ എന്നയാളെ ടിക്കറ്റ് കൗണ്ടർ ഡ്യൂട്ടിയും അനുബന്ധ ഡ്യൂട്ടികളും നൽകി നിയോഗിച്ചിരുന്നു. VSS ന്റെവരവ് ചെലവ് കണക്കുകൾഎനിക്കറിയാവുന്ന രീതിയിൽ പരിശോധിച്ചു തിരുത്തലുകൾ വരുത്താറുണ്ടായിരുന്നു.PFM ഗൈഡ് ലൈൻ സംബന്ധിച്ചോ EMFഗൈഡ് ലൈൻ സംബന്ധിച്ചോഎനിക്ക് അറിവില്ലായിരുന്നു.ഇതുമായി ബന്ധപ്പെട്ട് എനിക്ക് പരിശീലനമൊന്നും ലഭിച്ചിട്ടില്ല. ചാർജ്ജ് ലിസ്റ്റ്ഞാൻ വാങ്ങുകയോ ട്രാൻസ്ഫർ ആയ സമയത്ത് നൽകുകയോ ചെയ്തിട്ടില്ല. ശ്രീ പ്രണീഷ് കെ എന്നയാളുടെ പ്രവർത്തനങ്ങൾ ക്രമക്കേടുകൾ ഇല്ലാതെ നടത്താൻ ടിയാൻ ശ്രമിച്ചിട്ടുണ്ട് എന്നും പറയുന്നു. (പകർപ്പ് ആനുബന്ധം 15-Fആയി ചേർക്കുന്നു).

**ശ്രീ ഷിജുജോസ് ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസറുടെ** മൊഴിയിൽ 2018 ജൂൺ മാസം അവസാനത്തോടെ വൈത്തിരി ഫോറസ്റ്റ് സ്റ്റേഷന് താൽക്കാലിക ചാർജായിരുന്നു തനിക്ക് ഉണ്ടായിരുന്നത്. മൂന്നുമാസത്തിൽ താഴെ മാത്രമേ വൈത്തിരി ഫോറസ്റ്റ് സ്റ്റേഷന്റെ താൽക്കാലിക ചുമതല വഹിച്ചിട്ടുള്ളൂ. ആയതിനാൽ തന്നെ ടിയാനെ കുറ്റാരോപിതരായ ഉദ്യോഗസ്ഥരുടെ പട്ടികയിൽ നിന്ന് ഒഴിവാക്കണം എന്നും പറയുന്നു(പകർപ്പ് ആനുബന്ധം 15-Gആയി ചേർക്കുന്നു).

**ശ്രീ ഡി ബെന്നി റേഞ്ച് ഫോറസ്റ്റ് ഓഫീസർ** 28.02.2025 തീയതിയിൽ നൽകിയ മൊഴിയിൽ 08.01.2018 മുതൽ 30.07.2018 വരെ വൈത്തിരി ഫോറസ്റ്റ് സ്റ്റേഷനിൽ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ആയിരുന്നു എന്നും ഈ സമയത്ത് ചെമ്പ്ര ഇക്കോ ടൂറിസം പ്രവർത്തിച്ചിരുന്നില്ല എന്നും ശ്രീ സംഗീത് ബീറ്റ് ഫോറസ്റ്റ് ഓഫീസർ അന്ന് സെക്രട്ടറി ആയിരുന്നു എന്നും ആവശ്യമായ രജിസ്റ്ററുകളും ഫോറങ്ങളും സൂക്ഷിച്ചിട്ടുണ്ടായിരുന്നു എന്നും പറയുന്നു. ഓഡിറ്റിംഗ് യഥാസമയം നടത്തിയതായും FDA അക്കൗണ്ടിലേക്ക് സെക്രട്ടറി പണം കൃത്യമായി അടയ്ക്കാറുണ്ടെന്നും മൊഴിയിൽ പറയുന്നു.(പകർപ്പ് ആനുബന്ധം 15-Hആയി ചേർക്കുന്നു).

**ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായ ശ്രീ. കെ. സനിൽ** 28.02.2025 ന് നല്കിയ മൊഴിയിൽ 18.02.2021 മുതൽ 04.06.2022 വരെ വൈത്തിരി ഫോറസ്റ്റ് സ്റ്റേഷൻ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ആയി ജോലി ചെയ്തിട്ടുണ്ടെന്നും ചെമ്പ്ര വിഎസ് സെക്രട്ടറിക്ക് മറ്റു ജോലികളൊന്നും കൊടുത്തിരുന്നില്ലെന്നും VSS ന്റെ പ്രവർത്തനങ്ങൾ റേഞ്ച് തല കോഡിനേറ്ററും ഡിവിഷൻ തല കോഡിനേറ്ററും പരിശോധന നടത്തി അപാകങ്ങൾ ഇല്ല എന്ന് ഉറപ്പുവരുത്താറുണ്ടെന്നും മൊഴി നൽകിയിട്ടുണ്ട്. ആകസ്മികമായി മാത്രമാണ് ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ എന്ന നിലയിൽ രജിസ്റ്ററുകളും ഫോമുകളും പരിശോധിക്കാറുള്ളൂ എന്നും പറയുന്നു. VSS ന്റെ സാമ്പത്തിക വിഷയങ്ങൾ FDA ആണ് നടത്താറുള്ളത് എന്നും CEO നിയമിക്കുന്ന ഒരു ഓഡിറ്റർ ഉൾപ്പെടുന്ന സമിതിയാണ് ഓഡിറ്റ് നടത്തി റിപ്പോർട്ട് സമർപ്പിക്കേണ്ടത് എന്നും ടിയാന്റെ കാലത്ത് ക്രമക്കേടുകൾ ഒന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല എന്നും പറയുന്നു. ഈ കാലയളവിൽ ഏതെങ്കിലും തരത്തിലുള്ള ക്രമക്കേടുകൾ ഉണ്ടായിട്ടുണ്ടെങ്കിൽ അത് എന്നെ അറിയിച്ചിട്ടില്ല എന്നും പറയുന്നു. ടിയാന്റെ കാലയളവിൽ ബിനീഷ് BFO ആണ് സെക്രട്ടറിയായി തുടർന്നിരുന്നത്.30.09.2021 മുതൽ 10.10.2021 വരെ സെക്രട്ടറി ആർജിത അവധിയിൽ ആയിരുന്നപ്പോൾ നടപടിക്രമങ്ങളിലെ കാലതാമസം മനസ്സിലാക്കിയത് കൊണ്ട് മറ്റാർക്കും ചാർജ് നൽകിയിട്ടില്ല എന്നും മൊഴി നല്കിയിട്ടുണ്ട്. (പകർപ്പ് ആനുബന്ധം 15-Iആയി ചേർക്കുന്നു).

**ശ്രീ എം കെ ഷമീർ, എ സി എഫ്** 27.02.2025 നൽകിയ മൊഴി പ്രകാരം ടിയാൻ 02.01.2021 മുതൽ 15.10.2021 വരെ മേപ്പാടി റേഞ്ച് ഫോറസ്റ്റ് ഓഫീസർ ആയി ജോലി നോക്കിയിരുന്നു എന്നും ഈ കാലയളവിൽ കോവിഡ് കാരണം ഇക്കോ ടൂറിസത്തിന്റെ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കേണ്ടതായി വന്നിട്ടുണ്ട് എന്നും പറയുന്നു. നിരവധി തവണ ടൂറിസത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ട് എന്നും നിരവധി തവണ തന്റെ മുൻഗാമികൾ ചെമ്പ്ര VSS ന്റെ തെരഞ്ഞെടുപ്പ് നടത്താൻ ശ്രമിച്ചിട്ടുണ്ടെങ്കിലും നടന്നില്ല എന്നും തെരഞ്ഞെടുപ്പ് നടത്താനുള്ള ശ്രമത്തിനൊടുവിൽ ടിയാൻ വാളയാർ SFTI യിലേക്ക് സ്ഥലം മാറിപ്പോയതെന്നും പറയുന്നു, ടിയാൻ ജോലി ചെയ്ത സമയത്ത് ഇവിടെ സാമ്പത്തിക തിരിമറികൾ ഒന്നും നടന്നിട്ടില്ല എന്നും സന്ദർശക ഫീസ് യഥാസമയം അടവാക്കിയിട്ടുണ്ട് എന്നും പറയുന്നു. (പകർപ്പ് ആനുബന്ധം 15-Jആയി ചേർക്കുന്നു).

16.10.2018 മുതൽ 18.02.2021 വരെ ഡെപ്യൂട്ടി റെയിഞ്ചോഫീസർ ആയിരുന്ന കെ.പി അഭിലാഷ് 04.03.2025 ന് നൽകിയ മൊഴിയിൽ ടിയാൻറെ കാലയളവിൽ ഇക്കോടൂറിസം പ്രവർത്തനം നിർത്തി വെച്ചിരുന്നു എന്നും കാട്ടു തീ പ്രതിരോധ പ്രവർത്തനം മാത്രമേ നടത്തിയിട്ടുള്ളുവെന്നും പറയുന്നു. സെക്രട്ടറി മാർക്ക് സമിതിയിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകളെക്കുറിച്ച് നിർദ്ദേശകൾ നൽകിയിരുന്നു എന്നും പറയുന്നു. എന്നാൽ ചെമ്പ്ര vss ഓഫീസിൽ പരിശോധനകൾ നടത്തി രജിസ്റ്ററുകൾ സൂക്ഷിച്ചിരുന്നോ എന്നും ഓഡിറ്റുകൾ നടന്നിട്ടുണ്ടോ എന്നും പരിശോധിച്ചതായി കാണുന്നില്ല. (പകർപ്പ് ആനുബന്ധം 15-K ആയി ചേർക്കുന്നു).

വനം വകുപ്പിൽ നിന്ന് അടുത്തുൺ പറ്റിയ റേഞ്ച് ഫോറസ്റ്റ് ഓഫീസർമാരായ ശ്രീ. ബാബുരാജ്, ശ്രീ സി കൃഷ്ണദാസ്, ഡി എഫ് ഒ മാരായ ശ്രീ. രഞ്ജിത്ത് കുമാർ,ശ്രീ. അബ്ദുൾ അസീസ് IFS എന്നിവരുടെ മൊഴി ലഭ്യമാക്കുന്നതിനു വേണ്ടി ടിയാൻമാരെ ഫോൺ മുഖാന്തിരവും മറ്റും ബന്ധപ്പെട്ടെങ്കിലും മൊഴികൾ ലഭ്യമായില്ല.

05.03.2024 ന് ജില്ലാ ധനകാര്യ പരിശോധനാ സ്ക്വാഡ് ചെമ്പ്ര വി എസ് എസ് പരിശോധിച്ചതായി കാണുന്നു. അന്നേദിവസം ഇക്കോ ടൂറിസവുമായി ബന്ധപ്പെട്ട് പരിശോധിച്ചതിൽ കണ്ടെത്തിയ 51,39,737രൂപയുടെ വ്യത്യാസം സംബന്ധിച്ചു രശീതുകൾ, വൗച്ചറുകൾ, വരവ് ചെലവ് കണക്കുകൾ, ടിക്കറ്റ് മെഷീൻ എന്നിവ സംബന്ധിച്ചും വിശദാംശങ്ങൾ ആരാഞ്ഞതായും കാണുന്നു (പകർപ്പ് അനുബന്ധം 10)

ധനകാര്യ പരിശോധന വിഭാഗം 05.03.2024ന് നൽകിയ അന്വേഷണക്കുറിപ്പിന് മറുപടിയായി സി.ഇ.ഒ സൗത്ത് വയനാട് B3-KFDDO-13862/2024 തീയതി 05.04.2024 ന് ഒരു മറുപടി റിപ്പോർട്ട് സമർപ്പിച്ചതായി കാണുന്നു (പകർപ്പ് അനുബന്ധം 11). ഈ റിപ്പോർട്ട് പ്രകാരം 2008 വർഷത്തിൽ താൽക്കാലിക സമിതിയുടെ കീഴിൽ വിഎസ്എസ് പ്രവർത്തനം ആരംഭിച്ചുവെങ്കിലും 2022 മെയ് മാസത്തിൽ മാത്രമാണ് സ്ഥിരം സമിതി നിലവിൽ വന്നതെന്ന് പറയുന്നു. രാഷ്ട്രീയ കാരണങ്ങളും കയ്യേറ്റ വിഷയങ്ങളുമാണ് സ്ഥിരം സമിതി തെരഞ്ഞെടുപ്പിന് തടസ്സമായി നിന്നത് എന്ന് പറയുന്നു. ഇക്കാര്യം മേപ്പാടി RFO, South Wayanad DFOക്ക് നൽകിയ എ1-80/2014 തീ: 26.05.2014 കത്തിൽ പ്രതിപാദിക്കുന്നുണ്ട്. (പകർപ്പ് അനുബന്ധം 12). മാത്രമല്ലബി3-6148/2008 തീ: 13.02.2015 നമ്പറായി സി ഇ ഓ, APCCF (E& TW) ന് അയച്ച കത്തിലും ഇക്കാര്യം പ്രതിപാദിക്കുന്നുണ്ട്. (പകർപ്പ് അനുബന്ധം 13).

ചെമ്പ്ര വനസംരക്ഷണ സമിതിയിൽ ജീവനക്കാർ, ഗൈഡുകൾ എന്നിവരെ നിയമിക്കുന്നതിന്റെ മാനദണ്ഡം ആരാഞ്ഞതിൽ വി എസ് എസ്സിന്റെ പ്രവർത്തനങ്ങൾക്ക് ആധാരമായ കൈപ്പുസ്തകത്തിൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം ആണെന്ന് പറഞ്ഞിട്ടുണ്ട്. 2022ൽ സ്ഥിരം സമിതി നിലവിൽ വരുന്നത് വരെ ഉണ്ടായിരുന്ന താൽക്കാലിക സമിതി അംഗങ്ങളെഗൈഡുമാരായി നിയോഗിക്കുന്നതിന് മുൻതൂക്കം നൽകിയിട്ടുള്ളതായി പറയുന്നു. **മ്യൂച്ചൽ ബെനിഫിറ്റ് ഷെയറിങ്** എന്ന തത്വത്തിന് വിധേയമായാണ് ഈ ഗൈഡുമാരെ നിയോഗിച്ചിട്ടുള്ളത്.

എന്നാൽ സൗത്ത് വയനാട് സി ഇ ഓ 06.04.2024 ന് റേഞ്ച് ഫോറസ്റ്റ് ഓഫീസർ മേപ്പാടിക്ക് നൽകിയ B3 578/2023 നമ്പർ ഡി.ഒ.ലെറ്റർ പ്രകാരം 2024 ജനുവരി, ഫെബ്രുവരി മാസങ്ങളിലെ ദിവസ കലക്ഷൻ തുക എഫ് ഡി എ അക്കൗണ്ടിലേക്ക് എത്തിയതായി കാണാത്തതിനാൽ ഓഫീസിലെ ഹെഡ് അക്കൗണ്ടൻറ്റിന്റെ നേതൃത്വത്തിലുള്ള അഞ്ചംഗ സംഘം 05.04.2024 ന് ചെമ്പ്ര വി എസ് എസ് അക്കൗണ്ടുകൾ പരിശോധിക്കുകയും വരവ് തുകയിൽ വലിയ വ്യത്യാസമുള്ളതായി കാണുകയും ചെയ്തിട്ടുണ്ട് എന്നും ഇതുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തി റിപ്പോർട്ട് നൽകണമെന്നും രേഖകൾ ഹാജരാക്കാനുമാണ് നിർദ്ദേശിച്ചിട്ടുള്ളത്. പകർപ്പ് അനുബന്ധം 14 ആയി ചേർത്തിട്ടുണ്ട്.

ഇതിനെ തുടർന്ന് 08.05.2024ന് സാമ്പത്തിക ക്രമക്കേടുകൾ സംബന്ധിച്ച~ സ്വതന്ത്ര അന്വേഷണ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചതായും കാണുന്നു (പകർപ്പ് അനുബന്ധം 15). മേൽ സൂചിപ്പിച്ച കാര്യങ്ങളിൽ നിന്നും സാമ്പത്തിക കുറ്റാന്വേഷണ ഏജൻസി അല്ല മറിച്ച് വയനാട് ജില്ല ധനകാര്യ പരിശോധന സ്ക്വാഡാണ് 05.03.2024ന് പരിശോധന നടത്തിയത് എന്നും ഈ പരിശോധനയുടെ ഭാഗമായല്ല അഴിമതികൾ കണ്ടെത്തിയിട്ടുള്ളത് എന്നും മറിച്ച് 2024 ജനുവരി, ഫെബ്രുവരി മാസങ്ങളിലെ ചെമ്പ്ര വി എസ്എസ്സിന്റെ വരുമാനം സൗത്ത് വയനാട് എഫ്ഡിഎ അക്കൗണ്ടിലേക്ക് വരവ് കാണാത്തതിൽ ആണ് അന്വേഷണം ആരംഭിച്ചതെന്നും സമർപ്പിക്കപ്പെട്ട അനുബന്ധങ്ങളിൽ നിന്നും കാണാനാവും. എന്നാൽ ജില്ലാ ധനകാര്യ പരിശോധന സ്ക്വാഡിന്റെ പരിശോധനയും അതിനെത്തുടർന്നുള്ള വിശദാംശങ്ങൾ ആരായലും ഒരേ സമയത്ത് തന്നെയാണ് നടന്നിട്ടുള്ളത് എന്നതിനാൽ ഈ പരിശോധന ആണ് സിഇഒ തലത്തിൽ സമഗ്ര പരിശോധനയിലേക്ക് എത്തിച്ചിട്ടുള്ളത് എന്നത് നിസ്തർക്കമാണ്.

വന സംരക്ഷണ സമിതിയുടെ ഓഫീസിൽ സൂക്ഷിച്ചിട്ടുള്ള വിവിധ ഇനങ്ങളിൽ ഉള്ള ടിക്കറ്റുകൾ പ്രകാരം 2008-09 മുതൽ 2014-15 വരെ പിരിച്ചെടുത്ത തുക 33,53,885/- രൂപയാണ്. എന്നാൽ എഫ് ഡി എ യുടെ കണക്കുകൾ പ്രകാരം 2008-09 മുതൽ 2014-15 വരെയുള്ള കളക്ഷൻ തുക 84,93,622/-രൂപയാണ് 51,39,737/-രൂപയുടെ വ്യത്യാസമാണ് കാണുന്നത്. ടിക്കറ്റ് കളക്ഷൻ തുകയിൽ വ്യത്യാസം വന്നതിനുള്ള ജില്ല ധനകാര്യ പരിശോധന സ്ക്വാഡ് വിശദീകരണം ആരാഞ്ഞതിൽ താഴെ പറയും പ്രകാരം മറുപടി നല്കിയതായി കാണുന്നു.

സമിതി നിലവിൽ വന്നത് മുതൽ 2008 മുതൽ 2012 ഒക്ടോബർ മാസം വരെ എഫ് ഡി എ അനുവദിച്ച സീൽ ചെയ്തു നൽകുന്ന പേപ്പർ ടിക്കറ്റുകൾ ആയിരുന്നു സന്ദർശക പാസായി അനുവദിച്ചിരുന്നത്. ആയതിന്റെ കൗണ്ടർ ഫോയിലുകൾ ലഭ്യമാണ്. എന്നാൽ ടി ടിക്കറ്റുകളുടെ പകർപ്പുകൾ ഫിനാൻസ് സ്ക്വാഡ് പരിശോധനയ്ക്ക് വന്ന സമയത്ത് ഹാജരാക്കാൻ കഴിഞ്ഞില്ലെന്ന് മേപ്പാടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, സി. ഇ. ഒ സൌത്ത് വയനാട് ഓഫീസിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.ആയതിന്റെ

കണക്കുകൾ ലഭ്യമല്ലാത്തതാണ് പരിശോധന വേളയിൽ 51,39,737/- രൂപ കുറവായി കണ്ടിട്ടുള്ളത് എന്ന് അനുമാനിക്കുന്നു എന്നും, 2012 ഒക്ടോബർ മുതൽ ടിക്കറ്റ് മെഷീൻ ഉപയോഗിച്ച് തുടങ്ങിയെങ്കിലും ചില സമയങ്ങളിൽ ടിക്കറ്റ് മെഷീൻ പ്രവർത്തനരഹിതമായ സാഹചര്യങ്ങളിൽ പേപ്പർ ടിക്കറ്റുകൾ ഉപയോഗിച്ചതായും ആയത് സമിതിയുടെ കളക്ഷൻ രജിസ്റ്റർ രേഖപ്പെടുത്തിയിട്ടുള്ളതായും, സമിതിയുടെ എക്സ്റ്റേണൽ ഓഡിറ്റ് നടക്കുന്നതിനാൽ 2012 മുതൽ 2015 വരെയുള്ള ടിക്കറ്റ് മെഷീൻ ഉപയോഗിച്ചിട്ടുള്ള ടിക്കറ്റ് വിവരങ്ങൾ ഫിനാൻസ് സ്ക്വാഡിന് മുമ്പാകെ ഹാജരാക്കുവാൻ സാധിച്ചിട്ടില്ല എന്നും ആയത് പരിശോധനയ്ക്കായി ഹാജരാക്കാമെന്നും റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, മേപ്പാടി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

എഫ്ഡിഎയുടെ നിയന്ത്രണത്തിലുള്ള വന സംരക്ഷണസമിതിയുടെ രശീതുകളും വൗച്ചറുകളും സമിതിക്ക് ടിക്കറ്റ് ഏർപ്പെടുത്തിയ 2008 വർഷം മുതൽ വനസംരക്ഷണ സമിതിയുടെ പേരിൽ അച്ചടിച്ച് എഫ് ഡി എയുടെ ഓഫീസിൽ നിന്നും വിതരണം നടത്തുവാൻ ഉണ്ടായ കാരണം ആരാഞ്ഞതിൽ താഴെ പറയും പ്രകാരം മറുപടി നല്കിയതായി കാണുന്നു.

സമിതി നിലവിൽ വന്നതിനുശേഷം 2012 വർഷം അവസാനത്തോടെയാണ് ഇക്കോ ടൂറിസം കേന്ദ്രത്തിൽ ടിക്കറ്റ് മെഷീൻ ഉപയോഗത്തിൽ വന്നത് അന്നുവരെ എഫ് ഡി എ യിൽ നിന്ന് അനുവദിക്കുന്ന സീൽ വെച്ച കൗണ്ടർ ഫോയിലോടു കൂടിയ പേപ്പർ ടിക്കറ്റുകൾ ആയിരുന്നു ഉപയോഗിച്ചിരുന്നത്.ആയതിന്റെ കണക്കുകൾ മാസാമാസം ചേരുന്ന എക്സിക്യൂട്ടീവ് യോഗങ്ങൾ ചേർന്ന് അവലോകനം നടത്തിയിരുന്നു. ആയതുമായി ബന്ധപ്പെട്ട നാൾവഴി രജിസ്റ്റർ സമിതി എഴുതി സൂക്ഷിച്ചിട്ടുള്ളതാണ് എന്നും പറയുന്നു. ടിക്കറ്റ് കളക്ഷൻ തുകയിൽ വ്യത്യാസം വന്നതിനുള്ള ജില്ല ധനകാര്യ പരിശോധന സ്ക്വാഡ് വിശദീകരണം ആരാഞ്ഞതിൽ താഴെ പറയും പ്രകാരം മറുപടി നല്കിയതായി കാണുന്നു.

സമിതി നിലവിൽ വന്നത് മുതൽ 2008 മുതൽ 2012 ഒക്ടോബർ മാസം വരെ എഫ് ഡി എ അനുവദിച്ച സീൽ ചെയ്തു നൽകുന്ന പേപ്പർ ടിക്കറ്റുകൾ ആയിരുന്നു സന്ദർശക പാസായി അനുവദിച്ചിരുന്നത്. ആയതിന്റെ കൗണ്ടർ ഫോയിലുകൾ ലഭ്യമാണ്. എന്നാൽ ടി ടിക്കറ്റുകളുടെ പകർപ്പുകൾ ഫിനാൻസ് സ്ക്വാഡ് പരിശോധനയ്ക്ക് വന്ന സമയത്ത് ഹാജരാക്കാൻ കഴിഞ്ഞില്ലെന്ന് മേപ്പാടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, സി. ഇ. ഒ സൌത്ത് വയനാട് ഓഫീസിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.ആയതിന്റെ കണക്കുകൾ ലഭ്യമല്ലാത്തതാണ് പരിശോധന വേളയിൽ 51,39,737/- രൂപ കുറവായി കണ്ടിട്ടുള്ളത് എന്ന് അനുമാനിക്കുന്നു എന്നും, 2012 ഒക്ടോബർ മുതൽ ടിക്കറ്റ് മെഷീൻ ഉപയോഗിച്ച് തുടങ്ങിയെങ്കിലും ചില സമയങ്ങളിൽ ടിക്കറ്റ് മെഷീൻ പ്രവർത്തനരഹിതമായ സാഹചര്യങ്ങളിൽ പേപ്പർ ടിക്കറ്റുകൾ ഉപയോഗിച്ചതായും ആയത് സമിതിയുടെ കളക്ഷൻ രജിസ്റ്റർ രേഖപ്പെടുത്തിയിട്ടുള്ളതായും, സമിതിയുടെ എക്സ്റ്റേണൽ ഓഡിറ്റ് നടക്കുന്നതിനാൽ 2012 മുതൽ 2015 വരെയുള്ള ടിക്കറ്റ് മെഷീൻ ഉപയോഗിച്ചിട്ടുള്ള ടിക്കറ്റ് വിവരങ്ങൾ ഫിനാൻസ് സ്ക്വാഡിന് മുമ്പാകെ ഹാജരാക്കുവാൻ സാധിച്ചിട്ടില്ല എന്നും ആയത് പരിശോധനയ്ക്കായി ഹാജരാക്കാമെന്നും റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, മേപ്പാടി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## ഓഡിറ്റിംഗ്

**GO (MS) No. 26/2006/F&WLDതീയതി 20.07.2006** പ്രകാരം പ്രസിദ്ധീകരിച്ച ഗൈഡ് ലൈനിലെ **13.4** ഖണ്ഡിക ഓഡിറ്റിങ്ങിനെ കുറിച്ച് പ്രതിപാദിക്കുന്നു. (ഉത്തരവിന്റെ പകർപ്പ് അനുബന്ധം 4 ആയി സമർപ്പിക്കുന്നു.) എക്സിക്യൂട്ടീവ് കമ്മിറ്റി മെമ്പർമാർ അല്ലാത്ത രണ്ട് വി എസ് എസ് മെമ്പർമാരെ

ജനറൽബോഡി ഓഡിറ്റർമാരായി തെരഞ്ഞെടുക്കേണ്ടതുണ്ട്. ഇവർ വിഎസ്എസുകളുടെ 6 മാസത്തിലൊരിക്കലുള്ള പൊതുയോഗത്തിനു മുമ്പായി കണക്കുകൾ ഓഡിറ്റിംഗ് നടത്തി റിപ്പോർട്ട് പൊതുയോഗത്തിൽ അവതരിപ്പിക്കേണ്ടതുണ്ട്. വാർഷിക ഓഡിറ്റിങ്ങിൽ ആണെങ്കിൽ ഈ രണ്ട് മെമ്പർമാർക്ക് പുറമേ ബന്ധപ്പെട്ട സി.ഇ.ഓ നിഷ്കർഷിക്കുന്ന ഒരു പ്രതിനിധി കൂടി ഉൾപ്പെടുന്ന കമ്മിറ്റിയാണ് ഓഡിറ്റിംഗ് നടത്തേണ്ടത്. ഇത് ഇന്റേണൽ ഓഡിറ്റിംഗ് ക്രമീകരണം ആണ്. എന്നാൽ SFDA തലത്തിൽ External ഓഡിറ്റിംഗ് നടത്തുന്നതിനായി ഒരു പാനൽ 2009-10 വർഷത്തിൽ രൂപീകരിച്ചിട്ടുണ്ട്. ഈ പാനലിലുള്ള ഏജൻസികളെ വെച്ചാണ് എസ്റ്റേണൽ ഓഡിറ്റിംഗ് നടത്തേണ്ടത്. ഇതിനുപുറമേ എക്കൗണ്ടൻറ് ജനറൽ ഓഫീസിൽ നിന്നോ വനം വകുപ്പിന്റെ ആഭ്യന്തര ഓഡിറ്റിംഗ് വിഭാഗമോ വി എസ് എസ് കളുടെയും FDA കളുടെയും ജനറൽ ഓഡിറ്റിംഗ് നടത്താവുന്നതാണ്. ഇത് സംബന്ധിച്ച് **വനം വകുപ്പ് മേധാവി 05/2011 നമ്പറായി 07.04.2011 ൽ ഒരു സർക്കുലർ** പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധം 32 ആയി ഉൾച്ചേർപ്പാക്കിയിട്ടുണ്ട്.

ഓഡിറ്റിംഗ് സംബന്ധിച്ച് ചെമ്പ്ര വി എസ്എസ്സിന്റെ രേഖകൾ പരിശോധിച്ചതിൽ VSS നിയോഗിച്ച VSS മെമ്പർമാർ ഉൾപ്പെടുന്ന ഓഡിറ്റ് ടീം ഓഡിറ്റിംഗ് നടത്തിയിട്ടുള്ളതായി കാണുന്നില്ല. അർദ്ധ വാർഷിക രീതിയിൽ നടത്തേണ്ട ഇത്തരം ഓഡിറ്റുകൾ സമയാസമയങ്ങളിൽ ചെയ്തതായി കാണുന്നില്ല. ചെമ്പ്ര VSS ജനറൽബോഡി 07.09.2008 ൽ 87 പേർ പങ്കെടുത്തു ചേർന്നിട്ടു ഉള്ളതായി അനുബന്ധം 5ആയി ചേർത്തിട്ടുള്ള മിനുട്ട്സിന്റെ പകർപ്പിൽ നിന്നും മനസ്സിലാവുന്നു. ഈ യോഗത്തിന്റെ ഭാഗമായി ചെമ്പ്ര ഇക്കോടൂറിസം നടപ്പിലാക്കുന്നതിന് ഒരു താൽക്കാലിക കമ്മിറ്റിയെ നിയോഗിച്ചിട്ടുള്ളതായി കാണാം. ഇതിനുശേഷം ചെമ്പ്ര വി എസ്എസ്സിന്റെ പൊതുയോഗം 22.05.2022 ന് മാത്രം നടന്നതായാണ് കാണുന്നത്. ഇതിനിടയിലുള്ള കാലത്ത് വിഎസ്എസ് ഓഡിറ്റർമാരെ തെരഞ്ഞെടുക്കാത്തതാകാം ഓഡിറ്റ് നടക്കാത്തത് എന്ന് കാണുന്നു. (മിനുസിന്റെ പകർപ്പ് അനുബന്ധം 6)

ഇതിനിടയിൽ വനംവകുപ്പിന്റെ ഡിവിഷൻ കേന്ദ്രീകരിച്ചുള്ള ഒരു ആഭ്യന്തര ഓഡിറ്റ് 21.05.2013നും 22.05.2013 നുമായി നടന്നിട്ടുള്ളതായി ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പിൽ നിന്നും മനസ്സിലാവുന്നു.ഈ ഓഡിറ്റ് പ്രകാരം ചില ന്യൂനതകൾ കണ്ടെത്തിയിട്ടുണ്ട് (പകർപ്പ് അനുബന്ധം 7). അതിനുശേഷം 15.02.2023 ന് ഡിവിഷനിൽ നിന്ന് ഇന്റേണൽ ഓഡിറ്റ് നടത്തിയിട്ടുള്ളതായും ന്യൂനതകൾ കണ്ടെത്തിയിട്ടുള്ളതായും അനുബന്ധം 8 ആയുള്ള സിഇയുടെ B3-578/2023 തീയതി 21.02.2023 കത്തിൽ കാണുന്നു.

ആയതിനാൽ കാലാകാലങ്ങളിൽ ചെമ്പ്ര വി.എസ്.എസ് ൽ നടത്തേണ്ടിയിരുന്ന പരിശോധനയും ഓഡിറ്റിങ്ങും നടത്തുന്നതിൽ വിഎസ്എസ് തലത്തിലും എഫ്.ഡി.എ തലത്തിലും വീഴ്ച സംഭവിച്ചതായി കാണാം. ഇതോടൊപ്പം തന്നെ വി.എസ്.എസ് ന്റെ അക്കൗണ്ട് അംഗീകൃത പാനൽ എക്സ്റ്റേണൽ ഓഡിറ്റ് ഏജൻസികളെ വെച്ച് എക്സ്റ്റേണൽ ഓഡിറ്റ് വർഷാവർഷങ്ങളിൽ ചെയ്തത് സംബന്ധിച്ച് അന്വേഷിച്ചതിൽ 01.02.2024 ന് RAJAN & Co. CA Auditingഎന്ന സ്ഥാപനം ഒരു സ്വതന്ത്ര ഓഡിറ്റിംഗ് നടത്തിയതായി കാണുന്നുണ്ടെങ്കിലും (പകർപ്പ് അനുബന്ധം-09) വർഷാവർഷങ്ങളിൽ ഓഡിറ്റ് നടത്തിവരുന്നതായി കാണുന്നില്ല.

എന്നാൽ എഫ്.ഡി.എ തലത്തിൽ 2018-19 സാമ്പത്തിക വർഷം മുതൽ 2022-23 സമ്പത്തിക വർഷം വരെയുള്ള **എക്സ്റ്റേണൽ ഓഡിറ്റിങ്ങ് (CA ഓഡിറ്റിങ്ങ്)** നടത്തിയതായും കാണുന്നുണ്ട്. (പകർപ്പ

അനുബന്ധം-15 S) 2008-09 മുതൽ 2015-16 വരെ യഥാസമയങ്ങളിൽ തന്നെ ഓഡിറ്റ് നടന്നതായി കാണുന്നു. 2016-17 മുതൽ 2022-2023 വരെയുള്ള ഓഡിറ്റ് റിപ്പോർട്ട് 2024 ജനുവരി, മെയ് മാസങ്ങളിലായി സമർപ്പിച്ചതായാണ് കാണുന്നത്. 2016-17 മുതൽ 2022-2023 വരെയുള്ള ഓഡിറ്റ് നടത്തിയത് M/s ശങ്കർക് & മൂർത്തി, ചാർട്ടേഡ് അക്കൌണ്ടന്റ്സ്, പുതിയറ, കോഴിക്കോട് എന്ന സ്ഥാപനത്തിന് വേണ്ടി ചാർട്ടേഡ് അക്കൌണ്ടന്റായ ശ്രീ എ മണി ആണ്. ടി സ്ഥാപനത്തിൽ നേരിട്ടെത്തി അന്വേഷണം നടത്തുകയുണ്ടായി. ശ്രീ എ മണി സ്ഥലത്തില്ലാത്തതിനാൽ ടിയാനുമായി മൊബൈൽ ഫോണിൽ സംസാരിച്ചതിൽ 2016 മുതൽ 2021 വരെയുള്ള ഓഡിറ്റിംഗ് നടത്തുന്നതിന് 2021 ൽ സൌത്ത് വയനാട് ഡി എഫ് ഓ അപക്ഷിച്ചിരുന്നെങ്കിലും ഓഡിറ്റ് നടത്തേണ്ട ഫയലുകൾ പൂർണ്ണമായും സമർപ്പിക്കാത്തതിനാൽ നിരവധി കത്തിടപാടുകൾക്ക് ശേഷം 2023 ലെ അപേക്ഷ പ്രകാരമാണ് 2022-23 വരെയുള്ള ഓഡിറ്റിംഗ് നടത്തി 2024 ജനുവരി, മെയ് മാസങ്ങളിലായി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതെന്നും നാട്ടിലെത്തിയാലുടൻ രേഖാമൂലം കത്ത് നൽകാമെന്നും അറിയിച്ചു.

<u>റിട്ട. ക്ലർക്ക് ശ്രീ പ്രഭാകരനെ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ചത് സംബന്ധിച്ച്</u>

09.09.2021 മുതൽ 08.05.2024 വരെ സൌത്ത് വയനാട് ഡിവിഷൻ സി ഇ ഒ ആയി പ്രവർത്തിച്ചിരുന്നത് ശ്രീമതി ഷജ്ന കരീം എന്നവരാണ്. വനം വകുപ്പിൽ നിന്നും അടുത്തൂൺ പറ്റിയ ശ്രീ പ്രഭാകരൻ എന്നയാളെ എഫ്. ഡി. എയുടെ സഹായിയായി ദിവസവേതനത്തിൽ നിയമിച്ചിട്ടുള്ളത് എഫ്.ഡി.എയുമായി ബന്ധപ്പെട്ട അഴിമതി നടത്താൻ വേണ്ടിയാണെന്നും ചെയ്ത അഴിമതികളുമായി ബന്ധപ്പെട്ട് രേഖകൾ ശരിയാക്കുന്നതിന് വേണ്ടിയാണെന്നും പരാതിക്കാരൻ അനുബന്ധം 1 ആയി നല്കിയ മൊഴിയിൽ പറയുന്നു.

എന്നാൽ പരാതിക്കാരന്റെ മൊഴിയിൽ പറയും പ്രകാരം ഹാജരാക്കിയ F1/332/2021/F&WLD തീയതി 23.09.2021 (പകർപ്പ് അഅ ബന്ധം-16 ആയി ചേർക്കുന്നു) എന്ന വനം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ കത്തിൽ 56 വയസ്സിനു മുകളിൽ പ്രായമായവരെ ജോലിക്ക് വെക്കരുത് എന്ന നിർദ്ദേശമാണ് വന്നിട്ടുള്ളത്. വിരമിച്ച ജീവനക്കാരെ ദിവസ വേതനക്കാരായി വെക്കരുത് എന്ന് മുൻപിനാലെ നിർദ്ദേശം ഉള്ളതായി അറിവുള്ളതാണ്. വിവിധ ഫോറസ്റ്റ് ട്രിബ്യൂണലുകളിലും മറ്റുമായി നൂറ്റി ഇരുപത്തി അഞ്ചോളം കേസുകൾ പെൻഡിങ് ഉള്ളതും ഇവയ്ക്ക് പ്രതിവാദ പത്രിക സമർപ്പിക്കുന്നതിനും എഫ്ഡിഎയുമായി ബന്ധപ്പെട്ട പ്രവർത്തികളിൽ സഹായിക്കുന്നതിനും ആയി റിട്ടയേർഡ് സീനിയർ ക്ലാർക്ക് ആയിരുന്ന എൻ പ്രഭാകരൻ എന്നയാളുടെ സേവനം മൂന്ന് വർഷത്തേക്ക് ലഭ്യമാക്കുന്നതിന് അന്നത്തെ ഡി എഫ് ഒ ആയിരുന്ന ശ്രീമതി ഷജ്നഇ1-557/2021 തീ: 03.11.2021നമ്പറായി ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (നോർത്തേൺ സർക്കിൾ)ന് ഒരു കത്ത് നല്കിയതായി കാണുന്നു. (കത്തിന്റെ പകർപ്പ് അനുബന്ധം 17) ഇത് സംബന്ധിച്ചു 26.04.2022 ന് എഫ്1/99/2022/വനം നമ്പറായി വനം പ്രിൻസിപ്പൽ സെക്രട്ടറി വിശദാംശങ്ങൾ ആരാഞ്ഞിട്ടുള്ള കത്ത് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണ)ത്തിന് നൽകിയതായി കാണുന്നു (പകർപ്പ് അനുബന്ധം 18). ഈ കത്തിൽ ശ്രീ പ്രഭാകരന്റെ സേവനം ഉടൻ പ്രാബല്യത്തോടെ അവസാനിപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ ശ്രീ പ്രഭാകരൻ എന്നയാളെ ദിവസ വേതന അടിസ്ഥാനത്തിൽ നിയമിച്ചത് നിയതമല്ല എന്ന് കാണുന്നു.

ശ്രീ പ്രഭാകരൻ, റിട്ടയേർഡ് സീനിയർ ക്ലർക്ക് നല്കിയ മൊഴിയിൽ സ്ഥലവുമായി ബന്ധപ്പെട്ട് വിവിധ കോടതികളിൽ നടക്കുന്ന കേസുകളിൽ ഡി എഫ് ഒ യെ സഹായിക്കുകയാണ് ചെയ്തിരുന്നതെന്നും

എഫ് ഡി എ, വി എസ് എസ് എന്നിവയുടെ വരവ് ചിലവ് കണക്കുകൾ കൈകാര്യം ചെയ്യുന്നതും മറ്റുമായി തനിക്ക് യാതൊരു വിധ ബന്ധവുമില്ല എന്നും പറയുന്നു. ടിയാന്റെ മൊഴിയിൽ വനഭൂമി സംബന്ധിച്ച് വിവിധ കോടതികളിൽ നടന്നുവരുന്ന കേസുകളുമായി ബന്ധപ്പെട്ട വ്യവഹാര കാര്യങ്ങൾ നടത്തുകയാണ് താൻ ചെയ്തിരുന്നത് എന്നും എഫ്.ഡി.എ യുമായി ബന്ധപ്പെട്ട യാതൊരു കാര്യത്തിനും താൻ ഇടപെട്ടിട്ടില്ല എന്നുമാണ് പറയുന്നത്. ടി മൊഴി പകർപ്പ് അനുബന്ധം 19 ആയി ചേർക്കുന്നു. എന്നാൽ ശ്രീ പ്രഭാകരൻ എന്നയാളെ മൂന്നുവർഷത്തേക്ക് നിയോഗിക്കുന്നത് അന്നത്തെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നൽകിയ അനുബന്ധം -17 ആയ ശുപാർശ കത്തിൽ നിലവിലുള്ള കേസുകൾ നോക്കുന്നതിനോടൊപ്പം എഫ്.ഡി.എ യെ സഹായിക്കുന്നതിനും കൂടി വേണ്ടിയാണ് ടിയാനെ നിയോഗിക്കുന്നത് എന്ന് കാണുന്നു. ഈ മൊഴി ആയതിനാൽ പൂർണ്ണമായും ശരിയല്ല.

<u>അനുബന്ധം 15 A ആയി ചേർത്തിട്ടുള്ള ശ്രീമതി. ഷജ്ന കരീം അസിസ്റ്റൻറ് ഫോറസ്റ്റ് കൺസർവേറ്ററുടെ</u> മൊഴിയിൽ ചെമ്പ്ര വി എസ് എസിന്റെ എഫ്.ഡി.എ അക്കൌണ്ടിലേക്ക് വരേണ്ട വരവ് സമഗ്ര അന്വേഷണം നടത്തി അടവാക്കാൻ ബാക്കിയുള്ള തുക തിരിച്ചെടപ്പിക്കുകയും കുറ്റക്കാരായ സെക്രട്ടറിമാർക്കെതിരെ നടപടി സ്വീകരിച്ചതും ടിയാരി ആണെന്ന് പറയുന്നു.

2011 ഏപ്രിൽ മാസം മുതൽ ശ്രീ പ്രഭാകരൻ സൗത്ത് വയനാട് ഡിവിഷനിൽ ഡെയിലി വെജസിന് ജോലി ചെയ്തു വരുന്നുണ്ടെന്നും 2021 ൽ ഡി എഫ് ഓ ആയി ചാർജ് എടുത്ത ഞാനല്ല ടിയാനെ നിയമിച്ചത് എന്നും ശ്രീമതി ഷജ്ന മൊഴിയിൽ പറയുന്നു. മാത്രമല്ല ശ്രീ പ്രഭാകരൻ ടിയാരിയുടെ കൂടെ 6 മാസം മാത്രമേ ജോലി ചെയ്തുള്ളു എന്നും ചെമ്പ്ര ഇക്കോ ടൂറിസം കാര്യങ്ങൾ ഒന്നും ടിയാനെ ഏല്പിച്ചിട്ടില്ല എന്നും മൊഴി നൽകിയിട്ടുണ്ട്.

സർവീസിൽനിന്ന് വിരമിച്ച ശ്രീ എൻ പ്രഭാകരനെ 2011 ഏപ്രിൽ മാസം മുതൽ ദിവസ വേതന അടിസ്ഥാനത്തിൽ സൗത്ത് വയനാട് ഡിവിഷനിൽ നിയോഗിച്ചുവരുന്നുണ്ട്എന്നും പല കേസുകളിലും statement of facts ഉം മറ്റു വിവരങ്ങളും തയ്യാറാക്കുന്നത് വിദഗ്ധനായതുകൊണ്ടാണ് ടിയാനെ നിയോഗിച്ചിരുന്നത് എന്നും പറയുന്നു. APCCF (RN) ന്റെ B3-119/2013 തീയതി 07.02.2017 ഉത്തരവ് പ്രകാരം ഭൂമി സംബന്ധിച്ച വിദഗ്ധ സമിതിയിലും ടിയാനെ അംഗമാക്കിയിട്ടുള്ളതായി പറയുന്നു. 09.09.2021 ശ്രീമതി ഷജ്ന DFO ആയി ചാർജെടുത്തതിനു ശേഷം CCF (NC) ക്ക് നൽകിയ റിക്വസ്റ്റിന്റെ അടിസ്ഥാനത്തിൽ E2-2043/2020 തീയതി 03.12.2021 പ്രകാരമാണ് പ്രഭാകരന്റെ സേവനം തുടർന്നും ഉപയോഗിച്ചതെന്നും പറയുന്നു. പിന്നീട് ടിയാന്റെ സേവനം അവസാനിപ്പിക്കുന്നതിന് വേണ്ടി അറിയിച്ചതിനെ തുടർന്ന് 01.04.2022 മുതൽ ടിയാനെ നിയോഗിച്ചിട്ടില്ല. ചെമ്പ്ര VSS ഉമായി ബന്ധപ്പെട്ട യാതൊരു ജോലികളും ടിയാൻ ചെയ്തിട്ടില്ല എന്നും ബോധിപ്പിച്ചിട്ടുണ്ട്. മാത്രമല്ല 20.02.2025 ന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) ശ്രീ പ്രഭാകരന്റെ നിയമനത്തെ സംബന്ധിച്ച് ഫയൽ അവസാനിപ്പിച്ചിട്ടുള്ളതായും ടിയാരി സമർപ്പിച്ച അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) ന്റെ ഇ6-1868/2022 തീയതി 20.02.2025 കത്തിൽ പറയുന്നുണ്ട് (പകർപ്പ് അനുബന്ധം --19 A)

എന്നാൽ ഇപ്രകാരം നിയമിച്ചത് അഴിമതി നടത്തുന്നതിനാണെന്നോ അഴിമതി മറച്ചുവെക്കുന്നതിനാണെന്നോ തെളിയിക്കാനാവുന്നില്ല. പരാതിക്കാരന്റെ വാദമനുസരിച്ച് ഇദ്ദേഹം ജോലിയിൽ വ്യാപൃതനായിരുന്ന കാലത്തേക്കാൾ കൂടുതൽ വരുമാനം എഫ് ഡി എ യിലേക്ക് വന്നിട്ടുള്ളത്

തട്ടിപ്പുകൾ ഒന്നും കൂടുതൽ നടക്കാത്തതിനാലാണ് എന്ന് പറയുന്നു. ടിയാൻ ജോലിയിൽ ഉണ്ടായിരുന്ന 2020 -21 കാലത്ത് ചെമ്പ്ര ഇക്കോ ടൂറിസം പ്രവർത്തിച്ചിട്ടില്ല എന്നാണ് അനുബന്ധം - 13 ആയുള്ള ജില്ല ധനകാര്യ പരിശോധന സ്ക്വാഡിന് നൽകിയ മറുപടിയുടെ അവസാനഭാഗത്തെ പട്ടിക പ്രകാരം കാണുന്നത്.ബഹു: ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരവും കോവിഡ് മഹാമാരി മൂലവും 25.02.2019 മുതൽ 10.08.2021 വരെയുള്ള കാലയളവിൽ ചെമ്പ്ര ഇക്കോ ടൂറിസം കേന്ദ്രം അടച്ചിട്ടിരിക്കുകയായിരുന്നു എന്ന് അന്വേഷണത്തിൽ അറിയാൻ സാധിച്ചിട്ടുണ്ട്.

2021 -22 ൽ 38,50,597/- രൂപയാണ് ചെമ്പ്ര ഇക്കോ ടൂറിസത്തിന്റെ വരുമാനം എന്ന് കാണുന്നു. പ്രഭാകരൻ എന്നയാളെ ഒഴിവാക്കിയതിനു ശേഷം 2022-23 ലെ വരുമാനം 1,20,90,136/- രൂപയാണെന്ന് കാണാം. ഇത് അഴിമതി നടത്താത്തത് കൊണ്ട് വർദ്ധിച്ചതാണെന്ന് പറയുക പ്രയാസമാണ്. 2021-22 സാമ്പത്തിക വർഷത്തിൽ 16.08.2021 മുതലാണ് ചെമ്പ്ര ഇക്കോടൂറിസം രണ്ടാമതും പ്രവർത്തിച്ചുതുടങ്ങിയത്. കോവിഡ് മഹാമാരിയുടെ ഭാഗമായി അടച്ചിടപ്പെട്ട കാലഘട്ടമായതിനാലാണ് 2020-21ൽ വരുമാനം കുറയാൻ കാരണമെന്ന് കാണാവുന്നതാണ്. മാത്രമല്ല മഹാമാരി 2021-22 വർഷത്തിലും നിലവിലിരുന്നതിനാലാകാം വരുമാനത്തിൽ തൊട്ടടുത്ത വർഷത്തേക്കാൾ കുറവ് വന്നത്. സൌത്ത് വയനാട് എഫ് ഡി എ യുടെ കളക്ഷൻ സ്റ്റേറ്റ്മെന്റ് അനുബന്ധം 20 ആയി സമർപ്പിക്കുന്നു.

ചെമ്പ്ര ഇക്കോടൂറിസത്തിന്റെ 16.08.2018 മുതൽ 16.02.2024 വരെയുള്ള ഡെയിലി കളക്ഷനുകൾ എഫ് ഡി എ യുടെ അക്കൗണ്ടിലേക്ക് അടവാക്കുന്നതിന് ഉണ്ടായ വീഴ്ച സംബന്ധിച്ച് ഒരു പ്രത്യേക അന്വേഷണസംഘം KFDDO/22731/2024/DFOFSKKD/P ആയി ഒരു അന്വേഷണ റിപ്പോർട്ട് 22.05.2024ന് സമർപ്പിച്ചിട്ടുള്ളതാണ്. വിഎസ്എസി ന്റെ പ്രവർത്തികളിൽ യഥാസമയങ്ങളിൽ ഓഡിറ്റുകൾ നടത്തുകയും മറ്റു പരിശോധനകൾ നടത്തുന്നുണ്ടോ എന്ന് പരിശോധിക്കുകയും ചെയ്യുന്നതിന് സി.ഇ.ഒ എന്ന നിലക്ക് ഉത്തരവാദിത്വം ഉള്ളതാണ്. വിഎസ്എസ് കളുടെ വാർഷിക ഓഡിറ്റിംഗിന് പൊതുയോഗം തെരഞ്ഞെടുക്കപ്പെട്ട രണ്ട് ഓഡിറ്റർമാർക്ക് പുറമേ സിഇഒയുടെ പ്രതിനിധി കൂടി ഉണ്ടാവണമെന്ന് നിഷ്കർഷയുണ്ട്. എന്നാൽ താൽകാലിക സമിതിയുടെ നേതൃത്വത്തിലാണ് ചെമ്പ്ര വിഎസ്എസ് 2008 മുതൽ 2022 വരെ പ്രവർത്തിച്ചത് എന്നുള്ളതിനാലാകാം ഇപ്രകാരം ഓഡിറ്റിംഗ് നടക്കാതിരുന്നത്. വലിയ രീതിയിൽ ഇക്കോ ടൂറിസം പ്രവർത്തനം നടക്കുന്ന ഒരു വിഎസ്എസ് എന്ന നിലക്ക് നിയതമായ പരിശോധനയും ഓഡിറ്റിങ്ങും നടത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതായിരുന്നു. ഇതിന് 2008 മുതൽ ഉള്ള സി ഇ ഒ മാർക്കും റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്കും ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്കും ബാധ്യത ഉണ്ടായിരുന്നതാണ്. 2017 ൽ ഇ എം എഫ് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചതിന് ശേഷവും സമഗ്ര നടപടി സ്വീകരിക്കാത്തതാണ് ഇത്തരത്തിൽ പ്രശ്നങ്ങൾ സങ്കീർണമാക്കിയത് എന്ന് കാണാം.

**അനുബന്ധം 24** ആയി ചേർത്തിട്ടുള്ള ശ്രീ ഹരിലാൽ റേഞ്ച് ഫോറസ്റ്റ് ഓഫീസറുടെ മൊഴിയിൽ ശ്രീ പ്രഭാകരൻ എന്നയാൾ 2013 വർഷം വനം വകുപ്പിലെ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ നിന്നും വിരമിച്ച ആളാണെന്നും ടിയാനെ തനിക്ക് നേരത്തെ അറിയാമെന്നും തന്റെ സുഹൃത്താണെന്നും പറയുന്നു. താൻ താമസിച്ചിരുന്ന ക്വാർട്ടേഴ്സിൽ പ്രഭാകരൻ അതിഥിയായി താമസിച്ചിട്ടുണ്ട്. ടിയാൻ ചില ജീവനക്കാരുടെ എസ്റ്റാബ്ലിഷ്മെന്റ് കാര്യങ്ങൾ വ്യക്തിപരമായി ചെയ്തു കൊടുക്കുന്നതിനായി വയനാട്ടിൽ വന്നപ്പോൾ

ഓഫീസിലും വന്നിട്ടുണ്ട്. ചെമ്പ്ര ഇക്കോ ടൂറിസവുമായി ബന്ധപ്പെട്ട രേഖകൾ തിരുത്തുന്നതിനായി ശ്രീ എൻ പ്രഭാകരനെ വിളിച്ചുവരുത്തി എന്നു പറയുന്നത് തീർത്തും തെറ്റായ ആരോപണമാണ് എന്ന് പറയുന്നു.

മേൽ ആരോപണവുമായി ബന്ധപ്പെട്ട് **അനുബന്ധം 19** ആയി ചേർത്തിട്ടുള്ള ശ്രീ എൻ പ്രഭാകരൻ നൽകിയ മൊഴിയിൽ തന്റെ സുഹൃത്തും റിട്ടയേർഡ് റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുമായ ടി ശശികുമാറിന്റെ ശമ്പള കുടിശ്ശികയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചെയ്തു കൊടുക്കുന്നതിനായി മേപ്പാടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസിൽ പോയിരുന്നു എന്നും അന്നേ ദിവസം സുഹൃത്തായ ശ്രീ ഹരിലാലിന്റെ ക്വാർട്ടേഴ്സിൽ തങ്ങി പിറ്റേന്നാണ് പോയതെന്നും പറയുന്നു. ചെമ്പ്രയിലെ സാമ്പത്തിക തിരിമറികളുമായി ബന്ധപ്പെട്ടാണ് താൻ മേപ്പാടിയിൽ പോയതെന്നും മറ്റുമുള്ള ആരോപണം തികച്ചും സത്യവിരുദ്ധം ആണെന്ന് പറയുന്നു.

**ശ്രീ. എൻ ഡി സാബുവിനെ വീണ്ടും എക്സിക്യൂട്ടീവ് കമ്മിറ്റി അംഗമായി തിരഞ്ഞെടുത്തതുമായി ബന്ധപ്പെട്ട്**

ഈ ആരോപണവുമായി ബന്ധപ്പെട്ട് ജില്ലാ ധനകാര്യ പരിശോധനാ വിഭാഗത്തിന് DFO നൽകിയ റിപ്പോർട്ടിൽ താഴെ പറയും പ്രകാരം കാണുന്നു.സാമ്പത്തിക അഴിമതി ആരോപിക്കപ്പെട്ട 14.08.2011 ന് പുറത്താക്കിയ ഒരാളെ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ വീണ്ടും എടുത്തതായി കാണുന്നതുമായി ബന്ധപ്പെട്ട് താഴെപ്പറയും പ്രകാരം മറുപടി കാണുന്നു. കുറ്റാരോപിതനായ വ്യക്തിയെ കുറ്റക്കാരൻ അല്ലെന്ന് കാണുന്ന പക്ഷം തിരിച്ചെടുക്കാൻ സമിതിക്ക് അധികാരമുണ്ട്. ഇതിനായി ഒരു പ്രശ്നപരിഹാര കമ്മിറ്റി സമിതിക്ക് കീഴിലുണ്ട്. സമിതിയിലെ അംഗത്വം വ്യക്തിപരമായ ചില നേട്ടങ്ങൾക്ക് ടിയാൻ ഉപയോഗിച്ചതിനാലാണ് പുറത്താക്കപ്പെട്ടത്. ഈ സാഹചര്യത്തിൽ ടിയാൻ പൂർണമായും ഒഴിവായ സാഹചര്യത്തിലാണ് പുതിയ സമിതിയിൽ അംഗത്വം നൽകിയത്. ജനറൽ ബോഡിയിലെ യോഗത്തിലാണ് ടിയാൻ വീണ്ടും തെരഞ്ഞെടുത്തക്കപ്പെട്ടത്. ഈ ആരോപണവുമായി ബന്ധപ്പെട്ട് ജില്ലാ ധനകാര്യ പരിശോധനാ വിഭാഗത്തിന് DFO നൽകിയ റിപ്പോർട്ടിൽ താഴെ പറയും പ്രകാരം കാണുന്നു.

Go (MS) 26/2006/F&WLDതീ 20.07.2006 ആയി പുറത്തിറക്കിയ PFM മാർഗനിർദ്ദേശങ്ങളിൽ ഖണ്ഡിക 6.1 ൽ മെമ്പർഷിപ്പിനെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്. എന്നാൽ ഖണ്ഡിക 6.3 ൽ VSS ലേക്ക് പുതിയ മെമ്പർമാരെ ചേർക്കുന്നതുമായി ബന്ധപ്പെട്ടുള്ള നിർദ്ദേശങ്ങളാണ് ഉള്ളത്. ഇത് പ്രകാരം വർഷത്തിലൊരിക്കൽ പുതിയ മെമ്പർമാരെ എക്സിക്യൂട്ടീവ് കമ്മറ്റിയുടെ ശുപാർശ പ്രകാരം DFOക്ക് എടുക്കാവുന്നതാണ്. ഇതിനായി മെമ്പറാവാൻ ആഗ്രഹിക്കുന്നയാൾ അപേക്ഷ നൽകേണ്ടതും ഗ്രീവൻസ് &റിഡ്രസ്സൽ കമ്മറ്റി പരിശോധിച്ച് എക്സിക്യൂട്ടീവ് കമ്മറ്റിക്ക് റിപ്പോർട്ട് നൽകേണ്ടതും എക്സിക്യൂട്ടീവ് കമ്മറ്റി ഇത് പൊതുയോഗത്തിൽ വെച്ച് അംഗീകാരം വാങ്ങി നടപടി സ്വീകരിക്കേണ്ടതുമാണ്. എന്നാൽ ശ്രീ. ND സാബുവിന്റെ വി എസ് എസിലെ മെമ്പർഷിപ്പ് തുടർന്ന് പോരുന്നതാണ് എന്ന് കാണുന്നു.

22.05.2022ൽ ഏപിജെ അബ്ദുൾ കലാം കമ്മ്യൂണിറ്റി ഹാളിൽ വെച്ച് നടത്തിയ പൊതുയോഗത്തിൽ പുതിയ എക്സിക്യൂട്ടീവ് കമ്മറ്റിഅംഗങ്ങളെ തെരഞ്ഞെടുത്തതായി അനുബന്ധം -6 ആയിട്ടുള്ള മിനുട്ട്സിന്റെ 15 ആം പേജിൽ കാണുന്നു. ഇതിൽ ഒമ്പതാമത്തെ അംഗമായി ND സാബുവിനെയും തെരഞ്ഞെടുത്തിട്ടുണ്ട്.

വി എസ് എസ് സെക്രട്ടറി ആയിരുന്ന ബിനീഷ് പി പി അവധിയിൽ പോയ സമയത്ത് ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസർ ആയിരുന്ന ശ്രീ അരവിന്ദാക്ഷൻ കണ്ടേത്ത്പാറ തന്നെ സെക്രട്ടറിയുടെ ചുമതല നിർവ്വഹിച്ചു എന്നആരോപണവുമായി ബന്ധപ്പെട്ട് മേപ്പാടി റേഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ ഡി ഹരിലാൽ

നൽകിയ മൊഴിയിൽ 2012 കാലത്തിൽ ചെമ്പ്ര എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ അംഗമായിരുന്ന ശ്രീ എൻ ടി സാബു സാമ്പത്തിക തിരിമറി നടത്തിയതല്ല മറിച്ച് ചെമ്പ്ര ഭാഗത്തെ സ്വകാര്യസ്ഥലങ്ങളിൽ ടൂറിസ്റ്റുകളെ താമസിപ്പിച്ച് സ്വകാര്യ കമ്പനികളുമായി ചേർന്ന് പ്രവർത്തിച്ചതിന് ആണ് ടിയാനെഎക്സിക്യൂട്ടീവ് കമ്മിറ്റിയിൽ നിന്നും പുറത്താക്കിയത്. 22.05.2022ന്മേപ്പാടി ഗ്രാമപഞ്ചായത്ത് ഹാളിൽ വച്ച് ചേർന്ന ചെമ്പ്ര വിഎസ്എസ് പൊതുയോഗത്തിൽ എക്സിക്യൂട്ടീവ് അംഗങ്ങളെ തിരഞ്ഞെടുക്കുകയും ആയതിൽ എൻ ടി സാബുവിനെ വീണ്ടും എക്സിക്യൂട്ടീവ് കമ്മിറ്റി അംഗമായി തിരഞ്ഞെടുക്കുകയാണ് ഉണ്ടായത് എന്നും പറയുന്നു. ടി മൊഴിപ്പകർപ്പ് അനുബന്ധം 24 ആയി ചേർക്കുന്നു .

ശ്രീ ബിനീഷ് പി പി അനുബന്ധം 15-F ആയുള്ള മൊഴിയിൽ ദീർഘകാല അവധിയിൽ പ്രവേശിക്കുന്ന സമായത്തോ സ്ഥലം മാറി പോകുന്ന സമായത്തോ ചാർജ് ലിസ്റ്റ് കൈമാറിയിട്ടില്ല എന്നും ലീവനുവദിച്ചു കൊണ്ടുള്ള ഉത്തരവിൽ ഇതു സംബന്ധിച്ച യാതൊരുവിധ നിർദ്ദേശങ്ങളും ലഭിച്ചിരുന്നില്ല എന്നും പറയുന്നു.

ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസർ ആയിരുന്ന ശ്രീ അരവിന്ദാക്ഷൻ കണ്ടേത്ത്പാറയുടെ അനുബന്ധം–28 ആയുള്ള മൊഴിയിൽ, ശ്രീ ബിനീഷ് പി പി അവധിയിൽ പോകുന്ന സമയത്ത് ടിയാന്റെ ജോലി സ്റ്റേഷനിലെ ശ്രീ രഞ്ജിത്ത് എം എ ബി എഫ് ഒ യക്ക് രേഖാമൂലം നല്കിയിരുന്നു എന്ന് പറയുന്നു.

ശ്രീ ബിനീഷ് പി പി ചെമ്പ്ര വി എസ് എസ്സിന്റെ സെക്രട്ടറി ആയി തുടരവേ 2023 ജനുവരി 22 മുതൽ അവധിയിൽ പ്രവേശിപ്പിച്ചതായും വി എസ് എസിന് താൽക്കാലികമായി സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നതിന് മേപ്പാടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്ക് അപേക്ഷ നൽകിയതായും (പകർപ്പ് അനുബന്ധം-25) കാണുന്നു. ഈ അനുബന്ധത്തിൽ ശ്രീ രഞ്ജിത്ത് എം. എ ക്ക് താൽക്കാലികമായി സെക്രട്ടറിയുടെ ചുമതല നൽകുന്നതിന് വൈത്തിരി ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശുപാർശ എഴുതിയതായി കാണുന്നു.

ഈ കാലയളവിൽ 28.01.2023 ന് ന് 1,03,878/- രൂപ ബാങ്കിൽ നിക്ഷേപിച്ചിട്ടില്ല എന്ന് സൗത്ത് വയനാട് ഡിവിഷനിൽ നിന്നും നിയോഗിച്ച പ്രത്യേക അന്വേഷണ സംഘത്തിന്റെ റിപ്പോർട്ടിൽ പേജ് നമ്പർ മൂന്നിൽ കാണുന്നു പകർപ്പ് അനുബന്ധം –15 ആയി ചേർത്തിട്ടുണ്ട്.

ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസർ ആയിരുന്ന ശ്രീ അരവിന്ദാക്ഷൻ കണ്ടേത്ത്പാറയുടെ അനുബന്ധം – 28 ആയിട്ടുള്ള മൊഴിയിൽ, ശ്രീ എം എ രഞ്ജിത്ത് ബത്തേരി ആർആർടിയിലേക്ക് സ്ഥലം മാറിപ്പോയത്തു മുതൽ ടിയാൻ വി എസ് എസ് സെക്രട്ടറിയുടെ ചാർജ് ഏറ്റെടുത്തിട്ടില്ല എന്ന് പറയുന്നു. പരാതിക്കാരന്റെ മൊഴിയിൽ വിഷ്ണു വി പി 10.07.2023ന് വൈത്തിരി ഫോറസ്റ്റ് സ്റ്റേഷനിൽ ജോയിൻ ചെയ്തിരുന്നു എന്നും 19.06.2023ന് ശ്രീ വിഷ്ണുവിനെ വി എസ് എസ് സെക്രട്ടറിയാക്കാൻ ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസർ ശുപാർശ നൽകിയിരുന്നു എന്നും പറയുന്നുണ്ട്.

എന്നാൽ വിഷ്ണു ചുമതലെ ഏൽക്കുന്നത് 19.08.2023 നായിരുന്നു എന്നും ഇതിനിടയിൽ 13.07.2023ൽ 15,91,972രൂപയുടെ ചെക്ക് ബൗൺസ് ആയിട്ടുണ്ടെന്നും പരാതിക്കാരൻ പറയുന്നു. ഈ പണം നഷ്ടമാക്കിയത് അരവിന്ദാക്ഷൻ കണ്ടേത്ത്പാറയാണെന്ന് ആരോപിക്കുന്നു. ഇതിനായാണ് ടിസിആർ പോലും നൽകാൻ നിഷ്കർഷിക്കാത്തത് എന്നും പറയുന്നു. എന്നാൽ വൈത്തിരി ഫോറസ്റ്റ് സ്റ്റേഷനിലെ 19.06.2023ലെ ജനറൽ ഡയറി പ്രകാരം 19.06.2023 ന് രാവിലെ 9 മണിക്ക് നോർത്ത് വയനാട് ഡി.എഫ്.ഒ യുടെ E1-925/2023 തീയതി 26.05.2023 ഉത്തരവുപ്രകാരം ശ്രീ വിഷ്ണു വി പി ജോലിക്ക് ഹാജരായതായി കാണുന്നു. (പകർപ്പ്

അനുബന്ധം–29ആയി ചേർക്കുന്നു).ശ്രീ വി പി വിഷ്ണുവിനെ 11.07.2023 ന് ചെമ്പ്ര VSS സെക്രട്ടറിയായി നിയമിച്ചു കൊണ്ടുള്ള സൗത്ത് വയനാട് DFO യുടെ ഉത്തരവുള്ളതായും കാണുന്നു. (പകർപ്പ് അനുബന്ധം-30) ഈ ഉത്തരവിൽ ശ്രീ വി പി വിഷ്ണു ബീറ്റ് ഫോറസ്റ്റ് ഓഫീസറെ 11.07.2023 മുതൽ ചെമ്പ്ര വി എസ് എസ് സെക്രട്ടറി ആയി നിയമിക്കുന്നു എന്നാണ് പറയുന്നത്. എന്നാൽ ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസർ ആയിരുന്നു അരവിന്ദാക്ഷൻ കണ്ടേത്തുപാറ 17.11.2024 നൽകിയ മൊഴിയിൽ (അനുബന്ധം-28) "11.07.2023 ന് ശ്രീ വിഷ്ണു വി പിയെ സെക്രട്ടറിയായി നിയമിച്ചു എങ്കിലും ടി സി ആർ തയ്യാറാക്കി ചാർജ് കൈമാറുന്നത് 14.07.2023 ന് ആണെന്ന് പറയുന്നു." പരാതിക്കാരന്റെ മൊഴി പ്രകാരം 13.07.2023ന് വി എസ് എസ് ന്റെ 15,91,972/-രൂപയുടെ ചെക്ക് ബൗൺസ് ആയതായും ഇത് ഡെപ്യൂട്ടി റെയിഞ്ചർക്ക് അഴിമതി നടത്താൻ ആയിട്ടാണെന്നും ആരോപിക്കുന്നു. പ്രത്യേക അന്വേഷണ സംഘത്തിന് മുമ്പാകെ ശ്രീ വി പി വിഷ്ണു നൽകിയ മൊഴിയിൽ 11.07.2023നാണ് സെക്രട്ടറിയുടെ ചാർജ് ഏറ്റെടുത്തത് എങ്കിലും 19.08.2023ന് ശ്രീ രഞ്ജിത്ത് റിലീവ് ആകുന്നത് വരെ രഞ്ജിത്തിന്റെ കാലത്തെ രേഖകൾ ശരിയാക്കുന്നതിന് വേണ്ടി ശ്രീ വിഷ്ണു ഒന്നും ശ്രദ്ധിച്ചിട്ടില്ല എന്നും പറയുന്നുണ്ട്. (അനുബന്ധം 15). അനുബന്ധം 15-E ആയി ചേർത്തിട്ടുള്ള ശ്രീ രഞ്ജിത്ത് എ എമ്മിന്റെ മൊഴിയില് ടിയാൻ 10.07.2023 വരെ സെക്രട്ടറിയുടെ ചുമതല വഹിച്ചതായും പറയുന്നു.

സൗത്ത് വയനാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിലെ ഹെഡ് അക്കൗണ്ടന്റിന്റെ നേതൃത്വത്തിലുള്ള അഞ്ചംഗ സംഘവും സ്വതന്ത്ര അന്വേഷണ കമ്മറ്റിയും ചെമ്പ്ര ഇക്കോ ടൂറിസവുമായി ബന്ധപ്പെട്ട സാമ്പത്തീക ക്രയവിക്രയങ്ങളിൽ വിശദമായ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതിനാലും ബഹുമാനപ്പെട്ട അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വി & എഫ് ഐ) നിയോഗിച്ച പ്രത്യേക അന്വേഷണ സംഘം KFDDO/22731/24-DFOFSKKD/P (APCCF [V&FI] യുടെ KFDHQ/3599/24-VIG/VE10) ഇക്കാര്യത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതിനാലും നിലവിൽ പോലീസ് വിജിലൻസിന്റെ അന്വേഷണം നടക്കുന്നതിനാലും ഈ ഓഫീസിൽ നിന്ന് സാമ്പത്തിക ക്രയവിക്രയങ്ങളിൽ പരിശോധന നടത്തിയിട്ടില്ല.

1. ശ്രീ എം.എ രഞ്ജിത്ത് ചെമ്പ്ര വി.എസ്.എസ് സെക്രട്ടറി സ്ഥാനം 11.07.2023 ന് ഒഴിഞ്ഞതായും 19.08.2023 ന് ടിയാൻ വൈത്തിരി സ്റ്റേഷനിൽ നിന്ന് റിലീവ് ആയതായും കണക്കാക്കുന്നു. എന്നാൽ 11.07.2023 മുതൽ 19.08.2023 വരെ വി.എസ്.എസ് ന്റെ ദൈനംദിന കണക്കുകൾ ക്രമീകരിക്കുന്നതിനുവേണ്ടി അവിടെതന്നെ നിന്നതായും കണക്കാക്കുന്നു.
2. ശ്രീ വിഷ്ണു വി.പി 19.06 2023 ന് വൈത്തിരി ഫോറസ്റ്റ് സ്റ്റേഷനിൽ ജോയിൻ ചെയ്തിട്ടുണ്ട്. അന്നേ ദിവസം തന്നെ ടിയാനെ സെക്രട്ടറിയാക്കുന്നതിനുള്ള ശുപാർശ സമർപ്പിക്കപ്പെട്ടിട്ടുണ്ട്. പരാതിക്കാരന്റെ വാദം ഇക്കാര്യത്തിൽ ശരിയല്ല. സൗത്ത് വയാനട് ഡി.എഫ്.ഒ .യുടെ ഉത്തരവ് പ്രകാരം 11.07.2023 മുതൽ സെക്രട്ടറിയുടെ ചുമതല വിഷ്ണുവിന് നൽകിയതായും കാണുന്നു. ആയതിനാൽ 13.07.2023 ന് 1591972/- രൂപയുടെ ചെക്ക് വിഷ്ണു സെക്രട്ടറിയായിരുന്ന സമയത്ത് മടങ്ങിയതായി കണക്കാക്കുന്നു.

5. <u>അന്വേഷണത്തിൽ കണ്ടെത്തിയ പുതിയ വിവരം:</u> 2016-17 മുതൽ 2022-2023 വരെയുള്ള ഓഡിറ്റ് റിപ്പോർട്ട് 2024 ജനുവരി, മെയ് മാസങ്ങളിലായി സമർപ്പിച്ചതായാണ് കാണുന്നത്. 2016-17 മുതൽ 2022-2023 വരെയുള്ള ഓഡിറ്റ് നടത്തിയത് M/s ശങ്കർക് & മൂർത്തി, ചാർട്ടേഡ് അക്കൌണ്ടന്റ്സ്, പുതിയറ, കോഴിക്കോട് എന്ന സ്ഥാപനത്തിന് വേണ്ടി ചാർട്ടേഡ് അക്കൌണ്ടന്റായ ശ്രീ എ മണി ആണ്. ടി സ്ഥാപനത്തിൽ നേരിട്ടെത്തി അന്വേഷണം നടത്തുകയുണ്ടായി. ശ്രീ എ മണി സ്ഥലത്തില്ലാത്തതിനാൽ ടിയാനുമായി മൊബൈൽ ഫോണിൽ സംസാരിച്ചതിൽ 2016 മുതൽ 2021 വരെയുള്ള ഓഡിറ്റിംഗ് നടത്തുന്നതിന് 2021 ൽ സൌത്ത് വയനാട് ഡി എഫ് ഓ അപക്ഷിച്ചിരുന്നെങ്കിലും ഓഡിറ്റ് നടത്തേണ്ട ഫയലുകൾ പൂർണ്ണമായും സമർപ്പിക്കാത്തതിനാൽ നിരവധി കത്തിടപാടുകൾക്ക് ശേഷം 2023 ലെ അപേക്ഷ പ്രകാരമാണ് 2022-23 വരെയുള്ള ഓഡിറ്റിംഗ് നടത്തി 2024 ജനുവരി, മെയ് മാസങ്ങളിലായി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതെന്നും നാട്ടിലെത്തിയാലുടൻ രേഖാമൂലം കത്ത് നൽകാമെന്നും അറിയിച്ചു.

<u>6. പരാതിയിലെ പ്രധാന ആരോപണങ്ങളും ആയതിന്മേലുള്ള കണ്ടെത്തലുകളും:</u>

<u>ആരോപണം 1</u>

**ചെമ്പ്ര ഇക്കോ ടൂറിസം സെന്ററിൽ 2012 മുതൽ ടിക്കറ്റ് മെഷീനുകൾ അനുവദിച്ചിട്ടുള്ളതാണ്. 2012 മുതൽ ഫോറസ്റ്റ് ഉദ്യോഗസ്ഥർ ടിക്കറ്റ് മെഷീനുകൾ ഡൗൺലോഡ് ചെയ്ത് രജിസ്റ്ററിൽ ചേർക്കുകയോ രജിസ്റ്റർ മെയിന്റയിൻ ചെയ്യുകയോ ചെയ്തിട്ടില്ല.**

<u>കണ്ടെത്തലുകൾ</u>

1. 2012 മുതൽ ചെമ്പ്ര ഇക്കോ ടൂറിസത്തിൽ ടിക്കറ്റ് മെഷീൻ ഉപയോഗിച്ച് വരുന്നതായി കാണുന്നു. (ആനുബന്ധം-15 M, ആനുബന്ധം—11, ആനുബന്ധം-15A)
2. **ടിക്കറ്റ് മെഷീനുകൾ ഡൗൺലോഡ് ചെയ്ത് സൂക്ഷിക്കുന്ന രീതി കാണുന്നുണ്ട്.** (ആനുബന്ധം-15 M)
3. 2012 മുതൽ 2017 വരെ ഡെയിലി കലക്ഷൻ രജിസ്റ്ററുകൾ സുക്ഷിച്ചുവരുന്നതായി കാണുന്നു. (പകർപ്പ് ആനുബന്ധം 15-N ആയി ചേർക്കുന്നു).
4. 2012 ൽ ടിക്കറ്റ് മെഷീനുകൾ അനുവദിച്ചതു മുതൽ ഡെയിലി കളക്ഷൻ രജിസ്റ്റർ എന്ന രീതിയിലൊരു രജിസ്റ്റർ സൂക്ഷിച്ചു വരുന്നതായി കാണുന്നു. GO (MS) 40/2017/F&WLD -EMF മാർഗ്ഗനിർദ്ദേശങ്ങൾ വന്നതുമുതൽ ഈ ഉത്തരവിൽ നിഷ്കർഷിക്കും പ്രകാരം ഡെയിലി കലക്ഷൻ രജിസ്റ്ററിൽ മാറ്റം വരുത്തിയിട്ടില്ല. (പകർപ്പ് ആനുബന്ധം 15-P ആയി ചേർക്കുന്നു).

   ആയതിനാൽ ഈ ആരോപണം തെറ്റാണെന്ന് കാണാവുന്നതാണ് .

<u>ആരോപണം 2</u>

***സാമ്പത്തിക കുറ്റന്വേഷണ ഏജൻസി 2024ൽ സൗത്ത് വയനാട് ഡിവിഷനിലും ചെമ്പ്രയിലും റെയിഡ് നടത്തുകയും സാമ്പത്തിക തിരിമറി നടന്നെന്ന് വ്യക്തമായതിനെ തുടർന്ന് അപഹരിച്ച പണം തിരികെ അടപ്പിക്കുകയും സെക്രട്ടറിമാരായിരുന്ന ജീവനക്കാരെ സസ്പെന്റ് ചെയ്യുകയും ചെയ്തു. 2012 മുതൽ ഈ കാലയളവ് വരെ ഇന്റേർണൽ ഓഡിറ്റ്, എക്സ്റ്റേണൽ ഓഡിറ്റ്, ജനറൽ ഓഡിറ്റ് എന്നിവ നടത്തിയിട്ടില്ല.***

**കണ്ടെത്തൽ**

1. ആരോപണത്തിൽ ഉന്നയിക്കുന്നതുപോലെ സാമ്പത്തിക കുറ്റാന്വേഷണ ഏജൻസിയല്ല സൗത്ത് വയനാട് ഡിവിഷനിലും ചെമ്പ്ര വി.എസ്.എസിലും പരിശോധന നടത്തിയത് മറിച്ച് വയനാട് ജില്ലാ ധനകാര്യ വിഭാഗമാണ്.

2. 2024 ൽ 2300485/DFISEM/166/2022-FIN തീയതി 15.06.2024 നമ്പർ (അ[illegible]) ആയുള്ള ജില്ലാ ധനകാര്യ പരിശോധന വിഭാഗത്തിന്റെ റിപ്പോർട്ട് പ്രകാരം മേൽ ആരോപണത്തിൽ പറയുന്ന രീതിയിൽ സാമ്പത്തിക തിരിമറി നടന്നതായോ അപഹരിച്ച പണം തിരികെ നൽകിയതായോ കാണുന്നില്ല.

3. ജില്ല ധനകാര്യ വിഭാഗത്തിന്റെ അന്വേഷണക്കുറിപ്പിന് സൌത്ത് വയനാട് സി ഇ ഒ 05.04.2024 തീയ്യതിയായി KFDDO-13682/2024/B3 നമ്പറായി (അനുബന്ധം-13) നൽകിയ മറുപടിയിൽ ചെമ്പ്ര ഇക്കോ ടൂറിസത്തിലെ കളക്ഷൻ തുകയിൽ തിരിമറി നടന്നത് കണ്ടെത്തിയതായി പറയുന്നില്ല.

4. സൗത്ത് വയനാട് എഫ്.ഡി.ഒ യിലെ സ്പെഷൽ ഇൻവെസ്റ്റിഗേഷൻ കമ്മിറ്റിയുടെ 08.05.2024 ലെ റിപ്പോർട്ടിലെ ചെമ്പ്ര ഇക്കോ ടൂറിസത്തിലെ കളക്ഷൻ തുകയിൽ തിരിമറി നടന്നത് കണ്ടെത്തലിനെ തുടർന്ന് ബഹുമാനപ്പെട്ട അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വി & എഫ് ഐ) നിയോഗിച്ച പ്രത്യേക അന്വേഷണ സംഘം kKFDDO/22731/2024-DFOFSKKKD/P (APCCF [V&FI] യുടെ KFDHQ/3599/2024-VIG/VE10) ഇക്കാര്യത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്.

5. ക്രമക്കേട് കണ്ടെത്തിയതിനെ തുടർന്ന് 11.04.2024 ന് 1507000/-, 12[illegible]/-, 16.04.2024 ന് 83255/- രുപയും ചേർത്ത് ആകെ 1602255/- രൂപ ക്യാഷായി സമിതിയുടെ മേപ്പാടിയിലെ ബാങ്ക് ഓഫ് ബറോഡ അക്കൌണ്ടിൽ നിക്ഷപിച്ചിട്ടുണ്ട് എന്ന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വി & എഫ് ഐ) നിയോഗിച്ച പ്രത്യേക അന്വേഷണ സംഘം സമർപ്പിച്ച KFDDO/22731/2024-DFOFSKKKD/P നമ്പർ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യം അനുബന്ധം 15 ആയി ചേർത്ത ഡിവിഷൻ തല അന്വേഷണ കമ്മറ്റി റിപ്പോർട്ടിലും പറയുന്നുണ്ട്.

6. പ്രത്യേക അന്വേഷണ സംഘം ചെമ്പ്ര ഇക്കോ ടുറിസത്തിലെ കളക്ഷൻ തുകയിൽ തിരിമറി നടന്നത് കണ്ടെത്തിയിനെ തുടർന്ന് തിരിമറി നടത്തിയ തുക തിരിച്ചടപ്പിച്ചിട്ടുള്ളതും ഉത്തരവാദികളായി കണ്ടെത്തിയ സെക്രട്ടറിമാരായിരുന്ന ബി എഫ് ഓ മാരെ സസ്പെൻഡ് ചെയ്തിട്ടുള്ളതും ശരിയാണ്. (അനുബന്ധം-31)

7. 2024 ൽ 2300485/DFISEM/166/2022-FIN തീയതി 15.06.2024 നമ്പർ ആയുള്ള ജില്ലാ ധനകാര്യ പരിശോധന വിഭാഗത്തിന്റെ പരിശോധന തന്നെയാണ് ഇതേ കാലയളവിൽ ചെമ്പ്ര VSS ലെ തിരിമറികൾ കണ്ടെത്താൻ പ്രേരകമായത് എന്ന് കാണാവുന്നതാണ്.

8. ചെമ്പ്ര വി എസ് എസിൽ **ഇന്റേണൽ ഓഡിറ്റ്** -- 2008 മുതൽ 2022 വരെ നടത്തിയിട്ടില്ല. (ഡിവിഷൻ തലത്തിൽ 2013, 2023 ഇന്റേണൽ ഓഡിറ്റ് നടത്തിയിട്ടുള്ളതായി കാണുന്നുണ്ട്. പകർപ്പ് അനുബന്ധം 7,8 ആയി ചേർത്തിട്ടുണ്ട്)

**ഏ ജി ഓഡിറ്റ്**- നടത്തിയിട്ടില്ല.

9. എക്സ്റ്റേണൽ ഓഡിറ്റ്- K RAJAN & co Chartered Accountants മുഖേന ചെമ്പ്ര വി എസ് എസിലെ 2022-23 വർഷത്തെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റ് ചെയ്തതായി കാണുന്നുണ്ട്. പകർപ്പ് അനുബന്ധം 9 ആയി ചേർത്തിട്ടുണ്ട്)

10. എന്നാൽ എഫ്.ഡി.എ തലത്തിൽ 2018-19 സാമ്പത്തിക വർഷം മുതൽ 2022-23 സമ്പത്തിക വർഷം വരെയുള്ള **എക്സ്റ്റേണൽ ഓഡിറ്റിങ്ങ് (CA ഓഡിറ്റിങ്ങ്)** നടത്തിയതായും കാണുന്നുണ്ട്. (പകർപ്പ അനുബന്ധം-15 S) 2008-09 മുതൽ 2015-16 വരെ യഥാസമയങ്ങളിൽ തന്നെ ഓഡിറ്റ് നടന്നതായി കാണുന്നു. 2016-17 മുതൽ 2022-2023 വരെയുള്ള ഓഡിറ്റ് റിപ്പോർട്ട് 2024 ജനുവരി, മെയ് മാസങ്ങളിലായി സമർപ്പിച്ചതായാണ് കാണുന്നത്.

11. ശ്രീമതി എ ഷജ്നയുടെ അനുബന്ധം 15A ആയി ചേർത്ത മൊഴിയിൽ 2021 ൽ ഓഡിറ്റിംഗ് നടത്തുന്നതിനായി കത്ത് നൽകിയിരുന്നു എന്ന് പറയുന്നത് ശരിയാണെങ്കിലും ഓഡിറ്റിംഗിന് വിധേയമാക്കേണ്ട ഫയലുകൾ പൂർണ്ണമായും ഹാജരാക്കാത്തതിനാൽ നിരവധി കത്തിടപാടുകൾക്ക് ശേഷം 2013 ലെ അപേക്ഷ പ്രകാരമാണ് 2016-17 മുതൽ 2022-2023 വരെയുള്ള ഓഡിറ്റ് നടത്തിയിട്ടുള്ളത് എന്ന് ഓഡിറ്റ് നടത്തിയ ശ്രീ എ മണി ഫോണിലൂടെ അറിയിക്കുകയുണ്ടായി.

**ആരോപണം 3**

**സൗത്ത് വയനാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ആയിരുന്ന ശ്രീമതി ഷജ്ന ഇക്കോ ടൂറിസത്തിൽ നടന്ന അഴിമതിക്ക് കൂട്ടുനിന്നു. വനംവകുപ്പിൽ നിന്ന് വിരമിച്ച ശ്രീ പ്രഭാകരൻ എന്നയാളെ സൗത്ത് വയനാട് എഫ് ഡി എ യുടെ ജോലികൾ ചെയ്യാനായി സഹായിയായി നിയമിച്ചു. എഫ് ഡി എ വഴി നടക്കുന്ന അഴിമതികൾ മറയ്ക്കാനും അഴിമതി നടത്താനും ഇത് സഹായിച്ചു . പരാതിയെ തുടർന്ന് ടിയാനെ സർക്കാർ നിർദ്ദേശിച്ച ശേഷം പുറത്താക്കുകയും ഇതിലൂടെ എഫ് ഡി എയുടെ വരുമാനം വർദ്ധിക്കുകയും ചെയ്തു**

**കണ്ടെത്തൽ**

1. വിവിധ ഫോറസ്റ്റ് കേസുകളിൽ പ്രതിവാദ പത്രിക സമർപ്പിക്കുന്നതിനും എഫ്ഡിഎയുമായി ബന്ധപ്പെട്ട പ്രവർത്തികളിൽ സഹായിക്കാനും കൂടി വേണ്ടിയാണ് ശ്രീ. പ്രഭാകരൻ എന്നയാളെ നിയോഗിച്ചത് എന്ന് കാണുന്നു. എന്നാൽ നിലമ്പൂർ നോർത്ത് വനം ഡിവിഷനൽ റിട്ടയർ ചെയ്ത ജീവനക്കാരെ നിയോഗിച്ചതുമായി ബന്ധപ്പെട്ടു വന്ന പരാമർശങ്ങൾ അടിസ്ഥാനമായി 2018 ഇത്തരത്തിൽ പുനർനിയമനം ഒഴിവാക്കാൻ നിർദ്ദേശം ഉള്ളതായി കാണുന്നു. ആയതിനാൽ ഇക്കാര്യത്തിൽ ടിയാനെ ദിവസവേതനക്കാരനായി നിയോഗിച്ചത് ഉചിതമല്ല. മാത്രമല്ല ടിയാന്റെ വേതനം FDA ഫണ്ടിൽ നിന്നു തന്നെയാണ് നൽകിയിരിക്കുന്നത് എന്ന് അന്നത്തെ ചെക്ക് നോട്ട് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യക്തമാണ്. പകർപ്പ് അനുബന്ധം-21 ആയി ചേർക്കുന്നു. GO (P) 604/1970/FINതീയതി 16.08.1970 പ്രകാരം റിട്ടയർ ചെയ്ത് ഉദ്യോഗസ്ഥരെ പുനർ നിയമിക്കുന്നത് തടയുന്നുണ്ട് (പകർപ്പ് അനുബന്ധം-22). ഇത് പ്രകാരവും ശ്രീ പ്രഭാകരനെ നിയോഗിച്ചത് അപാകമാണെന്ന് കാണുന്നു. മാത്രമല്ല അനുബന്ധം 18 ആയി ചേർത്തിട്ടുള്ള സർക്കാർ ഉത്തരവിൽ ടിയാന്റെ സേവനം ഉടൻ പ്രാബല്യത്തിൽ അവസാനിപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൽ നിന്നും ടിയാനെ നിയോഗിച്ചത് ശരിയല്ല എന്ന് കാണുന്നു.

2. എഫ്ഡിഎ വഴി അഴിമതികൾ നടത്താനാണ് ശ്രീ. പ്രഭാകരനെ നിയോഗിച്ചിട്ടുള്ളത് എന്നത് തെളിയിക്കത്തക്ക രേഖകൾ ഒന്നും തന്നെ ഇല്ല.
3. ശ്രീ പ്രഭാകരൻ എന്നയാളെ നിയോഗിച്ച കാലത്തും പുറത്താക്കിയതിനു ശേഷവും ചെമ്പ്ര ഇക്കോ ടൂറിസത്തിൽ വന്നിട്ടുള്ള വരുമാന വ്യത്യാസം ടിയാൻ അഴിമതിക്ക് കൂട്ടുനിന്നത് കൊണ്ടാണ് എന്ന് കണ്ടെത്താനായിട്ടില്ല.

ആരോപണം 4

**2012ൽ സാമ്പത്തിക തിരിമറിയെ തുടർന്ന് ചെമ്പ്ര വി എസ് എസിൽ നിന്നും പുറത്താക്കിയ എൻ ഡി സാബു എന്നയാളെ 22.05.2022 ന് എ പി ജെ അബ്ദുൾ കലാം കമ്മ്യൂണിറ്റി ഹാളിൽ നടന്ന വി എസ് എസ് യോഗത്തിൽ വീണ്ടും ഉൾപ്പെടുത്തി. യോഗാദ്ധ്യക്ഷൻ മേപ്പാടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ഡി ഹരിലാൽ ആയിരുന്നു . ഈ പ്രവർത്തി ഡി എഫ് ഒയും അംഗീകരിച്ചു . ഇത് രണ്ട് പേർക്കും അഴിമതി നടത്തുന്നതിനായിരുന്നു.**

കണ്ടെത്തലുകൾ

1. 14.08.2011ലെ എക്സിക്യൂട്ടീവ് കമ്മറ്റിയോഗത്തിൽ ഒന്നാം തീരുമാനത്തിൽ "സമിതിക്ക് കിട്ടേണ്ട സർവ്വീസ് ചാർജ് തുക സമിതിയുടെ പേരിൽ വ്യാജമായി പിരിച്ചെടുത്തതിനാൽ ആണ് ND സാബുവിനെ എക്സിക്യൂട്ടീവ് കമ്മറ്റിയിൽ നിന്ന് പുറത്താക്കിയിട്ടുള്ളത്" എന്ന് കാണുന്നു. (ടി യോഗത്തിലെ മിനുട്ട്സ് ന്റെ പകർപ്പ് അനുബന്ധം -23 ആയി ചേർക്കുന്നു) എന്നാൽ ശ്രീ. ND സാബുവിന്റെ വി എസ് എസിലെ മെമ്പർഷിപ്പ് തുടർന്ന് പോരുന്നതാണ് എന്ന് കാണുന്നു.
2. 22.05.2022 ന് നടന്ന തെരഞ്ഞെടുപ്പ് പൊതുയോഗത്തിൽ ചെമ്പ്ര വി എസ് എസിൽ അംഗമായിരുന്ന ശ്രീ എൻ ഡി സാബുവിനെ എക്സിക്യൂട്ടീവ് കമ്മറ്റിയിലേക്ക് തെരഞ്ഞെടുത്തത് പി എഫ് എം മാർഗ്ഗ നിർദ്ദേശങ്ങളിലെ ഖണ്ഡിക 7.3.4 പ്രകാരം എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പാലിച്ചാണെന്ന് കാണുന്നുണ്ട്.
3. ശ്രീ എൻ ഡി സാബുവിനെ എക്സിക്യൂട്ടീവ് കമ്മറ്റിയിലേക്ക് തെരഞ്ഞെടുത്തത് റെയ്ഞ്ച് ഓഫീസർ ഹരിലാൽ, ഡി എഫ് ഓ എന്നിവർക്ക് അഴിമതി നടത്താനാണെന്ന ആരോപണം തെളിയിക്കാനാവാത്തതാണ്.

ആരോപണം 5

**സർക്കാർ കത്ത് എഫ്1/99/2020 വനം തീ.20.04.2022 പ്രകാരം എഫ് ഡി എ സഹായിയെന്ന** ജോലിയിൽ നിന്ന് പുറത്താക്കിയ ശ്രീ പ്രഭാകരൻ എന്നയാളെ **വിജിലൻസ്** അന്വേഷണത്തിൽ **നിന്ന് രക്ഷ നേടാനായി പേപ്പറുകൾ ശരിയാക്കാൻ മേപ്പാടി റെയിഞ്ച് ഓഫീസിലും ക്വാർട്ടേഴ്സിലും വിളിച്ചു വരുത്തി ഡി ഹരിലാൽ ആർ എഫ് ഓ രേഖകളിൽ തിരിമറി നടത്തി .**

കണ്ടെത്തൽ

വിജിലൻസ് അന്വേഷണത്തിൽ നിന്നും സാമ്പത്തിക കുറ്റാരോപണങ്ങളിൽ നിന്നും രക്ഷ നേടുന്നതിന് രേഖകൾ ശരിയാക്കാൻ ശ്രീ പ്രഭാകരൻ ഫോറസ്റ്റ് ഓഫീസർ ആയ ഹരിലാലിന്റെ ക്വാർട്ടേഴ്സിലും ഓഫീസിലും ചെന്നിരുന്നു എന്ന ആരോപണം തെളിയിക്കാനാവാത്തതാണ്.

ആരോപണം 6

29.11.2021 ന് വി എസ് എസ് സെക്രട്ടറി ആയിരുന്ന ബിനീഷ് പി പി എന്നയാൾ എ1-10/23 തീ. 23.01.2023 ഉത്തരവ് പ്രകാരം 23.01.23 മുതൽ 25.02.2023 വരെ അവധിയിൽ പോയിരുന്നു. ഈ സമയം ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസർ ആയിരുന്ന ശ്രീ അരവിന്ദാക്ഷൻ കണ്ടേത്ത്പാറ തന്നെ സെക്രട്ടറിയുടെ ചുമതല നിർവ്വഹിച്ചു. എന്നാൽ ടി സി ആർ കൊടുക്കുകയോ വാങ്ങുകയോ ചെയ്യുകയോ കൈപ്പുസ്തക പ്രകാരം പുതിയ സെക്രട്ടറിയെ നിയമിക്കുകയോ ചെയ്തിട്ടില്ല. ഈ കാലയളവിൽ 1,03,878/-രൂപ അപഹരിക്കപ്പെട്ടു. പണം അപഹരിക്കാനാണ് ഡെപ്യൂട്ടി റെയിഞ്ച് ഓഫീസർ മറ്റൊരാൾക്ക് സെക്രട്ടറിയുടെ ചുമതല നല്കാതിരുന്നത്

കണ്ടെത്തലുകൾ

1. ശ്രീ ബിനീഷ് പി പി 23.1..2023 മുതൽ 25.2.2023വരെ അവധിയിൽ പോയിരുന്നു എന്നത് വാസ്തവമാണ്. (സൗത്ത് വയനാട് ഡിവിഷന്റെ 23.02.2023 തീയ്യതിയിലെ സേവന ഉത്തരവ് നമ്പർ 06/2023)
2. ശ്രീ ബിനീഷ് പി പി 23.1..2023 മുതൽ 25.2.2023വരെ അവധിയിൽ പോയ കാലയളവിൽ Kerala Forest Code Vol. I ഖണ്ഡിക 6.5.5 ൽ നിഷ്കർഷിക്കുന്ന വിധത്തിൽ പകരം ഒരാൾക്ക് ടി സി ആർ നൽകുകയോ രേഖകൾ കൈമാറുകയോ ചെയ്തതായി കാണുന്നില്ല. മാത്രമല്ല വി.എസ്.എസിന്റെ ചുമതലകൾ കൈമാറുന്നത് സംബന്ധിച്ച് ചാർജ്ജ് ലിസ്റ്റിന്റെ മാതൃക കൈപ്പുസ്തകത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. ഈ മാതൃകയിൽ ടി സി ആർ കൈമാറിയതായും കാണുന്നില്ല. (മാതൃക പകർപ്പ് അനുബന്ധം 26 ആയി ചേർക്കുന്നു.) ഇതിനു മുന്നോടിയായി പകരം ചുമതല നൽകേണ്ടയാൾക്ക് ടി സി ആർ കൈമാറണമെന്ന് റേഞ്ച് ഫോറസ്റ്റ് ഓഫീസറോ ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസറോ രേഖ മൂലം അറിയിപ്പ് നൽകിയതായി കാണുന്നില്ല. ആയതിനാൽ എന്നാൽ ടി സി ആർ കൊടുക്കുകയോ വാങ്ങുകയോ ചെയ്യുകയോ കൈപ്പുസ്തക പ്രകാരം പുതിയ സെക്രട്ടറിയെ നിയമിക്കുകയോ ചെയ്തിട്ടില്ല എന്ന ആരോപണം ശരിയാണ്.
3. വി എസ് എസ് സെക്രട്ടറിയെ മാറ്റി നിയമിക്കുന്നതിന് ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസറുടെയും റേഞ്ച് ഫോറസ്റ്റ് ഓഫീസറുടെയും നിയത ഫോർമാറ്റിലുള്ള ശുപാർശ സി.ഇ.ഒ ക്ക് സമർപ്പിക്കേണ്ടതുണ്ട്. ഇപ്രകാരം ഒന്നും ചെയ്തതായി കാണുന്നില്ല.
4. പണം അപഹരിക്കുന്നതിനാണ് ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ സെക്രട്ടറിയുടെ ചുമതല മറ്റൊരാൾക്ക് നല്കാതിരുന്നത് എന്ന ആരോപണം തെളിയിക്കപ്പെട്ടിട്ടില്ല.
5. ബിനീഷ് പി പി അവധിയിൽ പ്രവേശിക്കുകയും മറ്റൊരാൾക്ക് ചാർജ് നൽകാതിരിക്കുകയും ചെയ്ത സമയത്താണ് 28.01.2023 ന് 1,03,878/- രൂപ ബാങ്കിലേക്ക് അടവ് വരാതിരുന്നത് (അനുബന്ധം 15 ചേർത്തിട്ടുള്ള ഡിവിഷൻ തല അന്വേഷണ സംഘത്തിന്റ റിപ്പോർട്ടിൽ പേജ് നമ്പർ 6). ഇതിന് ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസർ ഉൾപ്പെടെയുള്ളവർ ഉത്തരവാദികളാണ്.

ആരോപണം 7

**വി എസ് എസിന്റെ എഫ് ഡി എയിലേക്ക് പണം നല്കേണ്ട ചെക്കുകൾ കരുതി കൂട്ടി മടക്കുന്നതിന് 2021 വർഷത്തിൽ കാരണക്കാരനായ രഞ്ജിത്ത് എം എയെ 04.02.2023 മുതൽ ചെമ്പ്ര സെക്രട്ടറി ആക്കി . ഈ സമയത്തും നിയമപരമായി ടി സി ആർ നല്കിയിട്ടില്ല . ടിയാന്റെ പിന്നീടുള്ള സമയത്തും (01.03.23) വി എസ് എസിന്റെ എഫ് ഡി എയിലേക്ക് നല്കിയ ചെക്ക് മടങ്ങിയിട്ടുണ്ട് . ഇത് പണം തട്ടാനുള്ള കരുതിക്കൂട്ടിയുള്ള നടപടി ആണ് .**

**കണ്ടെത്തൽ**

1. ശ്രീ എം എ രഞ്ജിത്ത് 2020 ഫെബ്രുവരി മുതൽ 2021 നവംബർ വരെയും 2023 ഫെബ്രുവരി 4 മുതൽ 2023 ജൂലൈ 10 വരെയും ചെമ്പ്ര വിഎസ് എസ് സെക്രട്ടറിയായിരുന്നു. ടിയാൻ 2020-21 ൽ വി എസ് എസ് സെക്രട്ടറിയായിരുന്ന സമയത്ത് 27.09.2021 നും 04.10.2021 നും മിനിമം ബാലൻസ് ഇല്ലാത്തതിനാൽ ബാങ്ക് 73.75 രൂപ ഈടാക്കിയതായി കാണുന്നു. എന്നാൽ ബാലൻസ് തുക പരിശോധിച്ചതിൽ 27.09.2021 ന് 10,99,793.01 രൂപയും 04.10.2021ന് 13,09,288.26 രൂപയും ഉണ്ടായിരുന്നതായി കാണുന്നു. ഇതിൽ നിന്നും മിനിമം ബാലൻസ് പോലും നോക്കാതെ FDA യിലേക്ക് തുക കൈമാറാനുള്ള ചെക്ക് നൽകിയിരുന്നതായി കണക്കാക്കുന്നു. മാത്രമല്ല ടിയാന്റെ കാലഘട്ടത്തിൽ FDA യിലേക്ക് അടവ് ചെല്ലുന്നത് നിരവധി തവണ കാലവിളമ്പം ഉണ്ടായതായും കാണുന്നു. (ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെൻറ് പകർപ്പ് അനുബന്ധം -27ആയി ചേർക്കുന്നു.
2. FDA യിലേക്ക് അടവാക്കേണ്ട തുക കൃത്യതയില്ലാതെ ട്രാൻസ്ഫർ ചെയ്യുന്നത് വഴി വി എസ് എസിന്റെ അക്കൗണ്ടിലെ മിനിമം ബാലൻസിനേക്കാൾ കൂടുതൽ തുകക്കുള്ള ചെക്ക് നൽകുകയും ചെക്ക് ബൌൺസ് ആവുകയും ചെയ്തിട്ടുണ്ട്.
3. ദീർഘകാല അവധിയിൽ പ്രവേശിക്കുന്ന സമയത്തോ സ്ഥലം മാറി പോകുന്ന സമയത്തോ നിയമാനുസൃതം നൽകേണ്ട ചാർജ്ജ് കൈമാറ്റ വ്യവസ്ഥകളോ, ചാർജ് ലിസ്റ്റുകളോ കൈമാറിയിട്ടില്ല.
4. ഒരാൾ ദീർഘകാല അവധിയിലോ, സ്ഥലം മാറി പോകുമ്പോഴോ ചാർജ് കൈമാറുന്നത് സംബന്ധിച്ച് യാതൊരു ഉത്തരവും ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫിസർ, റേഞ്ച് ഫോറസ്റ്റ് ഓഫീസർ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ എന്നിവർ നൽകിയിട്ടില്ല. എന്നിരുന്നാലും 04.02.2023 ന് ശ്രീ എം എ രഞ്ജിത്തിനെ ചെമ്പ്ര വിഎസ് എസ് സെക്രട്ടറി ആക്കിയത് പണാപഹരണം നടത്താൻ ആണെന്ന് തെളിയിക്കാനായിട്ടില്ല.

ആരോപണം 8

***ഇ1-925/23 തീ.26.05.2023 പ്രകാരം ശ്രീ രഞ്ജിത്ത് എം എ , ബത്തേരി ആർ ആർ ടിയിലേക്ക് സ്ഥലം മാറി പോയപ്പോൾ 27.05.23 മുതൽ 19.08.23 വരെ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ സെക്രട്ടറിയുടെ ചുമതല വഹിച്ചു. ഈ കാലയളവിലും ടി സി ആർ കൈമാറിയിട്ടില്ല . 13.07.23 നു വി എസ് എസിന്റെ എഫ് ഡി എയിലേക്കുള്ള 15,91,972/-രൂപയുടെ ചെക്ക് അക്കൌണ്ടിൽ പണമില്ലാത്തതിനാൽ മടങ്ങിയതും ദുരൂഹമാണ് . അഴിമതി നടത്താനാണ് ഈ ചാർജ് ഏറ്റെടുത്തത് .***

കണ്ടെത്തലുകൾ

1. 19.06.2023ന് വൈത്തിരി ഫോറസ്റ്റ് സ്റ്റേഷനിൽ ജോയിൻ ചെയ്ത ശ്രീ വി പി വിഷ്ണുവിനെ വി എസ് എസ് സെക്രട്ടറി ആക്കുന്നത് 11.07.2023നാണ് എന്നാൽ ചെമ്പ്ര വി എസ് എസ്സിന്റെ കാര്യങ്ങൾ ഒന്നും തന്നെ 19.08.2023 വരെ ടിയാൻ നോക്കിയിരുന്നില്ല എന്ന് അനുബന്ധം 15 B ആയി ചേർത്തിട്ടുള്ള ടിയാന്റെ മൊഴിയിൽ നിന്നും വ്യകതമാണ്.
2. 13.07.2023ന് 15,91,972/-രൂപയുടെ ചെക്ക് നൽകിയത് മതിയായ തുകയില്ലാത്തതിനാൽ പിഴ ഈടാക്കിയതായി കാണുന്നു. വി എസ് എസ്സിന്റെ വരവ് ചെലവ് അക്കൗണ്ട് ക്രയവിക്രയങ്ങളിൽ യാതൊരുവിധ ശ്രദ്ധയും ചെലുത്തിയിട്ടില്ല എന്ന് കാണാം.
3. ശ്രീ എം എ രഞ്ജിത്ത് വൈത്തിരി ഫോറസ്റ്റ് സ്റ്റേഷനിൽ നിന്ന് വിടുതൽ ചെയ്യുന്നത് 19.08.2023 നാണ് ആയതിനാൽ 11.07.2023 മുതൽ 19.08.2023 വരെ വനസംരക്ഷണ സമിതിയുടെ പ്രവർത്തനങ്ങളിൽ മാന്ദ്യവും നോട്ടക്കുറവും ഉണ്ടായതായി കാണുന്നു.
4. നോർത്ത് വയനാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ 31.05.2024 തീയതിയിലെ ഇ1-1818/2024 നമ്പർ ഉത്തരവ് പ്രകാരം ചെമ്പ്ര വി എസ് എസ്സിന്റെ സെക്രട്ടറിമാരായിരുന്ന ശ്രീ. പി. പി. ബിനീഷ്, ശ്രീ എം.. രഞ്ജിത്ത്, ശ്രീ. വിഷണു. വി. പി എന്നിവരെ സസ്പെൻഡ് ചെയ്തിട്ടുള്ളതാണ്. (പകർപ്പ് അനുബന്ധം-21)
5. സെക്രട്ടറിമാർ സ്ഥലം മാറിപ്പോകുന്ന സമയത്ത് ചാർജ് കൈമാറ്റത്തിന് നിഷ്കർഷിക്കുന്ന നിയതമായ യാതൊരു രേഖകളും കൈമാറിയിട്ടില്ല.
6. വി എസ് എസ്സിന്റെ ദൈനംദിന കണക്കുകളും ചുമതലകളും സെക്രട്ടറിമാർ കൃത്യമായി ഏറ്റെടുത്ത് നടത്താതിരുന്നതിനാൽ ദിവസ വേതനത്തിന് വെച്ച ഗൈഡായ ശ്രീ പ്രണീഷിന്റെ കുറ്റമായി ഇത് കാണാനാവില്ല.
7. ശ്രീ അരവിന്ദാക്ഷൻ കണ്ടേത്തുപാറ ചെമ്പ്ര വി.എസ്.എസ് സെക്രട്ടറിയായി ചുമതല വഹിച്ചിട്ടില്ല.
8. ഇക്കാര്യങ്ങളെല്ലാം പണാപഹരണമോ/അഴിമതിയോ നടത്താനാണ് ചെയ്തതെന്ന് തെളിയിക്കാനാവുന്നില്ല.

**7.ആരോപണങ്ങൾ തെളിയിക്കപ്പെട്ടുവോ / ഭാഗികമായി തെളിയിക്കപ്പെട്ടുവോ:**

ഭാഗികമായി തെളിയിക്കപ്പെട്ടു.

**8..കുറ്റക്കാരായ വ്യക്തികൾ / ഉദ്യോഗസ്ഥർ, സംഭവിച്ച വീഴ്ചകൾ:**

2008 ൽ ചെമ്പ്ര വി.എസ്.എസ് ആരംഭിച്ചതുമുതൽ 2017 വരെ സൗത്ത് വയനാട് എഫ്.ഡി.എ സി.ഇ.ഒ മാരായിരുന്ന ഉദ്യോഗസ്ഥരുടെ പേരുവിവരങ്ങൾ

| ഉദ്യോഗസ്ഥർ | കാലഘട്ടം | വീഴ്ചകൾ |
|---|---|---|
| 1. ശ്രീ പി സുലൈമാൻ | 01.02.2008-30.06.2008 | • GO (Ms) 26/2006/F&WLD Dt: 20.07.2006 ഉത്തരവിലെ 14 ആം നിർദ്ദേശം റിവ്യൂ ഓഫ് |

| | | |
|---|---|---|
| 2. ശ്രീ കെ.കെ സുനിൽ കുമാർ | 01.07.2008-29.07.2011 | പി.എഫ്.എം എന്നതാണ്. ഇതിൽ റെയിഞ്ച് ഓഫീസറും ഡി.എഫ്.ഒ യും കൺസർവേറ്ററും വിഎസ്എസിന്റെ ന്യൂനതകൾ പരിഹരിക്കാൻ ബാദ്ധ്യസ്ഥരാണ്. |
| 3. ശ്രീ പി ധനേഷ് കുമാർ | 29.07.2011-12.06.2015 | • GO (Ms) 26/2006/F&WLD Dt: 20.07.2006 ഉത്തരവിലെ 8 ആം നിർദ്ദേശത്തിൽ (iv) ൽ "The Divisional Forest Officer or his nominated officer shall be responsible for the activities of the VSS |
| 4. ശ്രീ അബ്ദുൾ അസീസ് | 12.06.2015-13.04.2018 | ….. the shortcomings and observations noted during the review shall be acted upon by the VSS" എന്ന് കാണുന്നു.<br>• 2008 മുതൽ 2017 വരെയുള്ള സി.ഇ.ഒ മാർക്ക് മേൽനോട്ടത്തിൽ അപാകം വന്നിട്ടുണ്ട് എന്ന് കാണാമെങ്കിലും നിശ്ചിത കാര്യത്തിൽ നിശ്ചിതമായ അമാന്തം സംഭവിച്ചു എന്ന് കണ്ടെത്തുക ദുഷ്കരമാണ്.<br>• സമിതിയുടെ ഓഡിറ്റിംഗ് യഥാസമയത്ത് നടത്തുകയോ വനസംരക്ഷണ സമിതി പ്രവർത്തനങ്ങൾ സമയാസമയങ്ങളിൽ വിലയിരുത്തു കയോ ചെയ്തില്ല<br>• ഇക്കോ ടൂറിസം പ്രവർത്തനങ്ങളും മായി ബന്ധപ്പെട്ട GO(Ms) No. 40/2017 പ്രകാരമുള്ള രജിസ്റ്ററുകളും ഫോറങ്ങളും സൂക്ഷിക്കുന്നു ണ്ടോ എന്ന് പരിശോധന നടത്തി ഉറപ്പ് വരുത്തിയിട്ടില്ല. |

2008 ൽ ചെമ്പ്ര വി.എസ്.എസ് ആരംഭിച്ചതുമുതൽ 2017 വരെ മേപ്പാടി റെയിഞ്ച് ഓഫീസർമാരായിരുന്ന ഉദ്യോഗസ്ഥരുടെ പേരുവിവരങ്ങൾ

| ഉദ്യോഗസ്ഥർ | കാലഘട്ടം | വീഴ്ചകൾ |
|---|---|---|
| 1. ശ്രീ കെ.ജെ കുര്യാക്കോസ് | 19.01.2009-19.06.2009 | • GO (Ms) 26/2006/F&WLD Dt: 20.07.2006 ഉത്തരവിലെ 14 ആം നിർദ്ദേശം റിവ്യൂ ഓഫ് പി.എഫ്.എം എന്നതാണ്. ഇതിൽ റെയിഞ്ച് |
| 2. ശ്രീ ബി രഞ്ജിത്ത് | 19.06.2009-27.07.2012 | ഓഫീസറും ഡി.എഫ്.ഒ യും കൺസർവേറ്ററും വിഎസ്എസിന്റെ ന്യൂനതകൾ പരിഹരിക്കാൻ ബാദ്ധ്യസ്ഥരാണ്. |
| 3. ശ്രീ സി.പി അനീഷ് | 27.07.2012-24.02.2016 | • പി എഫ് എം ഗൈഡ് ലൈൻ പ്രകാരമുള്ള നടപടിക്രമങ്ങളും രജിസ്റ്ററുകളും സൂക്ഷിക്കുന്നു ണ്ടോ എന്ന് ഉറപ്പുവരുത്തിയതായി കാണുന്നില്ല.<br>• കേരള ഫോറസ്റ്റ് കോഡ് vol I ഖണ്ഡിക 3.3.10 ലെ |
| 4. ശ്രീ ബി ഹരിചന്ദ്രൻ | 16.03.2016-27.10.2017 | (i) (ii) (c) (d) (f) (g) എന്നീ നിഷ്കർഷകൾ ബന്ധപ്പെട്ട റേഞ്ച് ഫോറസ്റ്റ് ഓഫീസർമാർ കൃത്യതയോടെ ചെയ്തതായി പറയാനാകില്ല. 3.3.10 (ii) (c) യിൽ "He is responsible for the execution of all works in the range, collection and remittance of |

| | | |
|---|---|---|
| | | revenue and prompt and correct payment of sums due for work executed"<br>• 3.3.10 (ii) (d) "He shall carry out all inspections diligently and see that all subordinates do the works properly..............." പറയുന്നു.<br>• 3.3.10 (ii) (f) ൽ " ensure the correct maintenance of accounts relating to revenue and expenditure............................" ഇക്കാര്യങ്ങൾ ഒന്നും തന്നെ ബന്ധപ്പെട്ട റേഞ്ച് ഫോറസ്റ്റ് ഓഫീസർമാർ പാലിച്ചിട്ടില്ല എന്ന് കാണാവുന്നതാണ്<br>• 2008 മുതൽ 2017 വരെയുള്ള ആർ.എഫ്.ഒ മാർക്ക് മേൽ നോട്ടത്തിൽ അപാകം വന്നിട്ടുണ്ട് എന്ന് കാണാമെങ്കിലും നിശ്ചിത കാര്യത്തിൽ നിശ്ചിതമായ അമാന്തം സംഭവിച്ചു എന്ന് കണ്ടെത്തുക ദുഷ്കരമാണ്.<br>• സമിതിയുടെ ഓഡിറ്റിംഗ് യഥാസമയത്ത് നടത്തുകയോ വനസംരക്ഷണ സമിതി പ്രവർത്തനങ്ങൾ സമയാസമയങ്ങളിൽ വിലയിരുത്തു കയോ ചെയ്തില്ല. |

**വൈത്തിരി മോഡൽ ഫോറസ്റ്റ് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നക് 2017 ലാണ്. അതുവരെ ചെമ്പ്ര വി.എസ്.എസ് കോട്ടപ്പടി സെക്ഷന് കീഴിലായിരുന്നു. 2008 മുതൽ 2017 വരെ ടി സെക്ഷനിലെ സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരായിരുന്ന ഉദ്യോഗസ്ഥരുടെ പേരുവിവരങ്ങൾ**

| ഉദ്യോഗസ്ഥർ | കാലഘട്ടം | വീഴ്ചകൾ |
|---|---|---|
| 1. ശ്രീ ഉണ്ണികൃഷ്ണൻ കെ.വി | 2008-2012 | • ഇക്കോ ടൂറിസം പ്രവർത്തനങ്ങളും മായി ബന്ധപ്പെട്ട GO(Ms) No. 40/2017 പ്രകാരമുള്ള രജിസ്റ്ററുകളും ഫോറങ്ങളും സൂക്ഷിക്കുന്നുണ്ടോ എന്ന് പരിശോധന നടത്തിയതായി കാണുന്നില്ല.<br>• പി എഫ് എം ഗൈഡ് ലൈൻ പ്രകാരമുള്ള നടപടിക്രമങ്ങളും രജിസ്റ്ററുകളും സൂക്ഷിക്കുന്നു ണ്ടോ എന്ന് ഉറപ്പുവരുത്തിയതായി കാണുന്നില്ല.<br>• വി എസ് എസ് സെക്രട്ടറിമാർ ചാർജ് കൈമാറുമ്പോൾ ടി സി ആറും ചാർജ് ലിസ്റ്റും നൽകുന്നുണ്ടോ എന്ന് ഉറപ്പുവരുത്തിയില്ല. |
| 2. ശ്രീ അരവിന്ദാക്ഷൻ കണ്ടെത്തുംപാറ | 2012-2016 | |

| | | |
|---|---|---|
| 3. ശ്രീ ജിജിൽ കെ | 2016-2018 | • കേരള ഫോറസ്റ്റ് കോഡ് volume I, ഖണ്ഡിക 3.3.2 (4) ൽ " the Section Officer (Deputy Range Forest Officer) shall verify and submit the beat verification certificate to the Range Forest Officer for his review" ഇതിൽ നിന്നും RTC യും BVC യും പരിശോധിക്കേണ്ട ചുമതല സെക്ഷൻ ഫോറസ്റ്റ് ഓഫീസർക്കുണ്ട്. |

**2008 മുതൽ 2017 വരെ ചെമ്പ്ര വി.എസ്.എസ് ന്റെ സെക്രട്ടറിമാരായിരുന്ന ഉദ്യോഗസ്ഥരുടെ പേരുവിവരങ്ങൾ**

| ഉദ്യോഗസ്ഥർ | കാലഘട്ടം | വീഴ്ചകൾ |
|---|---|---|
| 1. ശ്രീ രാധാകൃഷ്ണൻ കെ.വി | 2008-2009 | • ഇക്കോ ടൂറിസം പ്രവർത്തനങ്ങളും മായി ബന്ധപ്പെട്ട GO(Ms) No. 40/2017 പ്രകാരമുള്ള രജിസ്റ്ററുകളും ഫോറങ്ങളും സൂക്ഷിക്കുന്നുണ്ടോ എന്ന് പരിശോധന നടത്തിയതായി കാണുന്നില്ല.<br>• പി എഫ് എം ഗൈഡ് ലൈൻ പ്രകാരമുള്ള നടപടിക്രമങ്ങളും രജിസ്റ്ററുകളും സൂക്ഷിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തിയതായി കാണുന്നില്ല.<br>• വി എസ് എസ് സെക്രട്ടറിമാർ സ്ഥലം മാറി പോകുമ്പോൾ ടി സി ആറും ചാർജ് ലിസ്റ്റും നൽകുന്നുണ്ടോ എന്ന് ഉറപ്പുവരുത്തിയില്ല.<br>• ദീർഘകാല അവധിയിൽ പ്രവേശിക്കുന്ന സമയത്തോ സ്ഥലം മാറി പോകുന്ന സമയത്തോ നിയമാനുസൃതം നൽകേണ്ട ടിസി ആർ, ചാർജ് ലിസ്റ്റുകളും കൈമാറിയിട്ടില്ല.<br>• കേരള ഫോറസ്റ്റ് കോഡ് vol. I chapter 3 ഖണ്ഡിക 3.3.12 ൽ (i) (ii) (iii) എന്നിവയിൽ ബി.എഫ്.ഓ മാർ ചാർജ് കൈമാറുന്ന സമയത്തും ജോലി ചെയ്യുന്ന സമയത്തും പാലിക്കേണ്ട നിർഷ്കർഷകളെപറ്റി പ്രതിപാദിക്കുന്നുണ്ട്. കേരള ഫോറസ്റ്റ് കോഡിലെ അപ്പൻഡിക്സ് XIV ലും ചുമതലകളെ കുറിച്ച് പ്രതിപാദ്യമുണ്ട്. ഇപ്രകാരം കേരള ഫോറസ്റ്റ് കോഡ് 6.5.5 (vol 1) ൽ നിഷ്കർഷിച്ച RTC Form |
| 2. ശ്രീ ശശിധരൻ എം | 2009-2010 | |
| 3. ശ്രീ സുനിൽ കുമാർ ബി.പി | 2010-2011 | |
| 4. ശ്രീ എ പ്രസന്നകുമാർ | 2011 | |
| 5. കെ സുന്ദരൻ | 2011-2014 | |

| | | |
|---|---|---|
| | | No.31 ൽ ആരും തന്നെ കൈമാറിയതായി കാണുന്നില്ല. |

GO (Ms) 40/2017/F&WLD Dt: 23.08.2017 പ്രകാരം പരിഷ്ക്കരിക്കപ്പെട്ട നിഷ്ക്കർഷിത മാർഗ്ഗ നിർദേശങ്ങൾ ആ കാലയാളവിന് ശേഷം പോലും യഥാവിധി പിന്തുടരാനോ അപ്രകാരം ചെയ്യുന്നുണ്ടെന്ന് ഉറപ്പ് വരുത്താനോ സാധിക്കാത്തതിനാലാണ് ഇത്തരത്തിൽ ഒരു സാമ്പത്തീക അരക്ഷിതത്വം വന്നതെന്ന് കാണുന്നു. ആയതിനാൽ 2017 മുതലുള്ള ഉദ്യോഗസ്ഥരാണ് ഈ അരക്ഷിതാവസ്ഥയ്ക്ക് കാരണക്കാരെന്ന് കാണാവുന്നതാണ്

| ഉദ്യോഗസ്ഥർ | സംഭവിച്ച വീഴ്ചകൾ |
|---|---|
| 1. പി.രഞ്ജിത്ത്കുമാർ, റിട്ട. എ.സി.എഫ് (13.04.2018-09.09.2021) | • സമിതിയുടെ ഓഡിറ്റിംഗ് യഥാസമയത്ത് നടത്തുകയോ വനസംരക്ഷണ സമിതി പ്രവർത്തനങ്ങൾ സമയാസമയങ്ങളിൽ വിലയിരുത്തു കയോ ചെയ്തില്ല.<br>• ഇക്കോ ടൂറിസം പ്രവർത്തനങ്ങളും മായി ബന്ധപ്പെട്ട GO(Ms) No. 40/2017 പ്രകാരമുള്ള രജിസ്റ്ററുകളും ഫോറങ്ങളും സൂക്ഷിക്കുന്നു ണ്ടോ എന്ന് പരിശോധന നടത്തി ഉറപ്പ് വരുത്തിയിട്ടില്ല.<br>• ചെമ്പ്ര വനസംരക്ഷണസമിതിയിൽ നിന്ന് യഥാസമയം FDA അക്കൗണ്ടിലേക്ക് പണം അടവാക്കുന്നുണ്ടോ എന്നും പരിശോധന നടത്തിയില്ല.<br>• പി എഫ് എം ഗൈഡ് ലൈൻ പ്രകാരമുള്ള നടപടിക്രമങ്ങളും രജിസ്റ്ററുകളുംസൂക്ഷിക്കുന്നുണ്ടോ എന്ന്ഉറപ്പുവരുത്തിയില്ല.<br>• വി എസ് എസ് സെക്രട്ടറിമാർ ചാർജ് കൈമാറുമ്പോൾ ടി സി ആറും ചാർജ് ലിസ്റ്റും നൽകുന്നുണ്ടോ എന്ന് ഉറപ്പുവരുത്തിയില്ല.<br>• ബി എഫ് ഓ മാരുടെ സ്ഥലം മാറ്റ ഉത്തരവ് നടപ്പിലാക്കുമ്പോൾ വി എസ് എസ് സെക്രട്ടറിയുടെ ചാർജ്ജ് വഹിക്കുന്നവർക്ക് പകരം സെക്രട്ടറിയെ നിയമിക്കുന്നതിന് യഥാസമയം നടപടികൾ സ്വീകരിച്ചില്ല.<br>• കേരള ഫോറസ്റ്റ് കോഡ് വോള്യം Iഖണ്ഡിക 3.3.6(XI)പ്രകാരം "DFO is responsible for proper assessment and prompt realization of departmental revenue" കേരള ഫോറസ്റ്റ് കോഡ് വോള്യം I ഖണ്ഡിക 3.3.6 (XVII) "He shall discharge all other function |

| | |
|---|---|
| | specified as devolving upon him in this code or in any other Code or order of government" ഇക്കാര്യങ്ങൾ പാലിച്ചതായി കാണുന്നില്ല. |
| 2. ശ്രീമതി.എ.ഷജ്ന (09.09.2021-08.05.2024) | • ഓഡിറ്റിംഗ് യഥാസമയത്ത് നടത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്താനോ വനസംരക്ഷണ സമിതി പ്രവർത്തനങ്ങൾ സമയാസമയങ്ങളിൽ വിലയിരുത്താനോ സാധിച്ചതായി കാണുന്നില്ല.<br>• ഇക്കോ ടൂറിസം പ്രവർത്തനങ്ങളും മായി ബന്ധപ്പെട്ട GO(Ms) No. 40/2017 പ്രകാരമുള്ള രജിസ്റ്ററുകളും ഫോറങ്ങളും സൂക്ഷിക്കുന്നു ണ്ടോ എന്ന് പരിശോധന നടത്തി ഉറപ്പ് വരുത്തിയതായി കാണുന്നില്ല.<br>• 27.09.2021, 04.10.2021 എന്നീ തീയതികളിൽ FDA അക്കൌണ്ടിലേക്ക് അടവാക്കുന്നതിന് ബാങ്കിലേക്ക് സമർപ്പിച്ച ചെക്ക് മടങ്ങിയതായും ആയതിന് ബാങ്ക് പിഴ ഈടാക്കിയതായും അനുബന്ധം 27 ആയി ചേർത്ത ബാങ്ക് സ്റ്റേറ്റ്മെന്റിൽ കാണുന്നു. ശ്രീമതി.എ.ഷജ്ന സൌത്ത് വയനാട് ഡി എഫ് ഓ ആയി ചാർജ്ജ് എടുക്കുന്നത് 09.09.2021 ലാണ്.<br>• ചെമ്പ്ര ഇക്കോ ടൂറിസത്തിൽ നിന്നും 01.11.2022, 20.11.2022, 25.1.2022, 03.12.2022, 04.12.2022, 20.12.2022, 23.12.2022 എന്നീ തീയതികളിലെയും 2023 ജനുവരി മുതൽ 2024 ഫെബ്രുവരി വരെ പല തീയ്യതികളിലെയും വരവ് തുക യഥാസമയം അടവാക്കുന്നതിൽ സെക്രട്ടറിമാർ 2 മുതൽ 87 ദിവസം വരെ കാലതാമസം വരുത്തിയിട്ടുണ്ട്. (അനുബന്ധം-15). ഇത് യഥാസമയം പരിശോധനക്ക് വിധേയമാക്കിയിട്ടില്ല.<br>• ചെമ്പ്ര വനസംരക്ഷണസമിതിയിൽ നിന്ന് യഥാസമയം FDA അക്കൗണ്ടിലേക്ക് പണം അടവാക്കുന്നുണ്ടോ എന്നും പരിശോധന നടത്തിയില്ല.<br>• പി എഫ് എം ഗൈഡ് ലൈൻ പ്രകാരമുള്ള നടപടിക്രമങ്ങളും രജിസ്റ്ററുകളും സൂക്ഷിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തിയില്ല.<br>• വി എസ് എസ് സെക്രട്ടറിമാർ ചാർജ് കൈമാറുമ്പോൾ ടി സി ആറും ചാർജ് ലിസ്റ്റും നൽകുന്നുണ്ടോ എന്ന് ഉറപ്പുവരുത്തിയില്ല.<br>• ബി എഫ് ഓ മാരുടെ സ്ഥലം മാറ്റ ഉത്തരവ് നടപ്പിലാക്കുമ്പോൾ വി എസ് എസ് സെക്രട്ടറിയുടെ ചാർജ്ജ് വഹിക്കുന്നവർക്ക് പകരം സെക്രട്ടറിയെ നിയമിക്കുന്നതിന് യഥാസമയം നടപടികൾ |

| | |
|---|---|
| | സ്വീകരിച്ചില്ല.<br>• കേരള ഫോറസ്റ്റ് കോഡ് വോള്യം Iഖണ്ഡിക 3.3.6(XI)പ്രകാരം "DFO is responsible for proper assessment and prompt realization of departmental revenue"<br>കേരള ഫോറസ്റ്റ് കോഡ് വോള്യം I ഖണ്ഡിക 3.3.6 (XVII) "He shall discharge all other function specified as devolving upon him in this code or in any other Code or order of government"ഇക്കാര്യങ്ങൾ പാലിച്ചതായി കാണുന്നില്ല. |
| | |

| ഉദ്യോഗസ്ഥർ | സംഭവിച്ച വീഴ്ചകൾ |
|---|---|
| **2017 മുതൽ 2024 വരെ മേപ്പാടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർ** | |
| 1. ശ്രീ. കൃഷ്ണദാസ് സി<br>(03.11.2017-31.07.2018)<br>അടുത്തൂൺ പറ്റി | 1. ഓഡിറ്റുകൾ യഥാസമയത്ത് നടത്തുകയോ വനസംരക്ഷണ സമിതി പ്രവർത്തനങ്ങൾ സമയാസമയങ്ങളിൽ വിലയിരുത്തുകയോ ചെയ്തില്ല.<br>2. ഇക്കോ ടൂറിസം പ്രവർത്തനങ്ങളും മായി ബന്ധപ്പെട്ട GO(Ms) No. 40/2017 പ്രകാരമുള്ള രജിസ്റ്ററുകളും ഫോറങ്ങളും സൂക്ഷിക്കുന്നു ണ്ടോ എന്ന് പരിശോധന നടത്തിയില്ല.<br>3. ചെമ്പ്ര വനസംരക്ഷണസമിതിയിൽ നിന്ന് യഥാസമയം FDA അക്കൗണ്ടിലേക്ക് പണം അടവാക്കുന്നുണ്ടോ എന്നും പരിശോധന നടത്തിയില്ല.<br>4. പി എഫ് എം ഗൈഡ് ലൈൻ പ്രകാരമുള്ള നടപടിക്രമങ്ങളും രജിസ്റ്ററുകളുംസൂക്ഷിക്കുന്നുണ്ടോ എന്ന്ഉറപ്പുവരുത്തിയില്ല.<br>5. വി എസ് എസ് സെക്രട്ടറിമാർ ചാർജ് കൈമാറുമ്പോൾ ടി സി ആറും ചാർജ് ലിസ്റ്റും നൽകുന്നുണ്ടോ എന്ന് ഉറപ്പുവരുത്തിയില്ല.<br>6. ചെമ്പ്ര വനസംരക്ഷണസമിതിയുടെ പൊതുയോഗം യഥാസമയം വിളിച്ചുചേർക്കുന്നതിനോ എക്സിക്യൂട്ടീവ് കമ്മിറ്റിയെയും ഓഡിറ്റർമാരെയും തെരഞ്ഞെടുക്കുന്നതിനോ യാതൊരു നടപടിയും സ്വീകരിച്ചില്ല.<br>7. ബി എഫ് ഓ മാരുടെ സ്ഥലം മാറ്റ ഉത്തരവ് നടപ്പിലാക്കുമ്പോൾ വി എസ് എസ് സെക്രട്ടറിയുടെ ചാർജ്ജ് വാഹിക്കുന്നവർക്ക് പകരം സെക്രട്ടറിയെ നിയമിക്കുന്നതിന് യഥാസമയം നടപടികൾ സ്വീകരിച്ചില്ല. |

| | |
|---|---|
| | 8. കേരള ഫോറസ്റ്റ് കോഡ് vol I ഖണ്ഡിക 3.3.10 ലെ (i) (ii) (c) (d) (f) (g) എന്നീ നിഷ്കർഷകൾ ബന്ധപ്പെട്ട റേഞ്ച് ഫോറസ്റ്റ് ഓഫീസർമാർ കൃത്യതയോടെ ചെയ്തതായി പറയാനാകില്ല. 3.3.10 (ii) (c) യിൽ "He is responsible for the execution of all works in the range, collection and remittance of revenue and prompt and correct payment of sums due for work executed"<br>9. 3.3.10 (ii) (d) "He shall carry out all inspections diligently and see that all subordinates do the works properly…………… "പറയുന്നു.<br>10. 3.3.10 (ii) (f) ൽ " ensure the correct maintenance of accounts relating to revenue and expenditure…………………………" ഇക്കാര്യങ്ങൾ ഒന്നും തന്നെ ബന്ധപ്പെട്ട റേഞ്ച് ഫോറസ്റ്റ് ഓഫീസർമാർ പാലിച്ചിട്ടില്ല എന്ന് കാണാവുന്നതാണ്. |
| 2. ശ്രീ. കെ ബാബുരാജ് (13.08.2018-31.12.2020) **25.02.2019 മുതൽ ബഹു: ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം ചെമ്പ്ര ഇക്കോ ടൂറിസം പ്രവർത്തനങ്ങൾ നിർത്തിവെച്ചിരുന്നു.**<br>• **അടുത്തൂൺ പറ്റി** | 1. ഓഡിറ്റുകൾ യഥാസമയത്ത് നടത്തുകയോ വനസംരക്ഷണ സമിതി പ്രവർത്തനങ്ങൾ സമയാസമയങ്ങളിൽ വിലയിരുത്തുകയോ ചെയ്തില്ല.<br>2. ഇക്കോ ടൂറിസം പ്രവർത്തനങ്ങളും മായി ബന്ധപ്പെട്ട GO(Ms) No. 40/2017 പ്രകാരമുള്ള രജിസ്റ്ററുകളും ഫോറങ്ങളും സൂക്ഷിക്കുന്നുണ്ടോ എന്ന് പരിശോധന നടത്തിയില്ല.<br>3. ചെമ്പ്ര വനസംരക്ഷണസമിതിയിൽ നിന്ന് യഥാസമയം FDA അക്കൗണ്ടിലേക്ക് പണം അടവാക്കുന്നുണ്ടോ എന്നും പരിശോധന നടത്തിയില്ല.<br>4. പി എഫ് എം ഗൈഡ് ലൈൻ പ്രകാരമുള്ള നടപടിക്രമങ്ങളും രജിസ്റ്ററുകളുംസൂക്ഷിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തിയില്ല.<br>5. ചെമ്പ്ര വനസംരക്ഷണസമിതിയുടെ പൊതുയോഗം യഥാസമയം വിളിച്ചുചേർക്കുന്നതിനോ എക്സിക്യൂട്ടീവ് കമ്മിറ്റിയെയും ഓഡിറ്റർമാരെയും തെരഞ്ഞെടുക്കുന്നതിനോ യാതൊരു നടപടിയും സ്വീകരിച്ചില്ല.<br>6. ബി എഫ് ഓ മാരുടെ സ്ഥലം മാറ്റ ഉത്തരവ് നടപ്പിലാക്കുമ്പോൾ വി എസ് എസ് സെക്രട്ടറിയുടെ ചാർജ്ജ് വഹിക്കുന്നവർക്ക് പകരം സെക്രട്ടറിയെ നിയമിക്കുന്നതിന് യഥാസമയം നടപടികൾ സ്വീകരിച്ചില്ല.<br>7. കേരള ഫോറസ്റ്റ് കോഡ് vol I ഖണ്ഡിക 3.3.10 ലെ (i) (ii) (c) (d) (f) (g) എന്നീ നിഷ്കർഷകൾ ബന്ധപ്പെട്ട റേഞ്ച് ഫോറസ്റ്റ് |

| | |
|---|---|
| | ഓഫീസർമാർ കൃത്യതയോടെ ചെയ്തതായി പറയാനാകില്ല. 3.3.10 (ii) (c) യിൽ "He is responsible for the execution of all works in the range, collection and remittance of revenue and prompt and correct payment of sums due for work executed"<br>8. 3.3.10 (ii) (d) "He shall carry out all inspections diligently and see that all subordinates do the works properly..............."പറയുന്നു.<br>9. 3.3.10 (ii) (f) ൽ " ensure the correct maintenance of accounts relating to revenue and expenditure..........................." ഇക്കാര്യങ്ങൾ ഒന്നും തന്നെ ബന്ധപ്പെട്ട റേഞ്ച് ഫോറസ്റ്റ് ഓഫീസർമാർ പാലിച്ചിട്ടില്ല എന്ന് കാണാവുന്നതാണ്. |
| 3. ശ്രീ. ഡി ഹരിലാൽ (15.10.2021-2025) | 1. ഓഡിറ്റുകൾ യഥാസമയത്ത് നടത്തുകയോ വനസംരക്ഷണ സമിതി പ്രവർത്തനങ്ങൾ സമയാസമയങ്ങളിൽ വിലയിരുത്തുകയോ ചെയ്തില്ല.<br>2. ഇക്കോ ടൂറിസം പ്രവർത്തനങ്ങളും മായി ബന്ധപ്പെട്ട GO(Ms) No. 40/2017 പ്രകാരമുള്ള രജിസ്റ്ററുകളും ഫോറങ്ങളും സൂക്ഷിക്കുന്നുണ്ടോ എന്ന് പരിശോധന നടത്തിയില്ല.<br>3. ചെമ്പ്ര ഇക്കോ ടൂറിസത്തിൽ നിന്നും 01.11.2022, 20.11.2022, 25.1.2022, 03.12.2022, 04.12.2022, 20.12.2022, 23.12.2022 എന്നീ തീയതികളിലെയും 2023 ജനുവരി മുതൽ 2024 ഫെബ്രുവരി വരെ പല തീയ്യതികളിലെയും വരവ് തുക യഥാസമയം അടവാക്കുന്നതിൽ സെക്രട്ടറിമാർ 2 മുതൽ 87 ഗിവസം വരെ കാലതാമസം വരുത്തിയിട്ടുണ്ട് (അനുബന്ധം-15) എന്ന കാര്യം കണ്ടെത്തുന്നതിൽ വീഴ്ച്ച പറ്റി.<br>4. ചെമ്പ്ര വനസംരക്ഷണസമിതിയിൽ നിന്ന് യഥാസമയം FDA അക്കൗണ്ടിലേക്ക് പണം അടവാക്കുന്നുണ്ടോ എന്നും പരിശോധന നടത്തിയില്ല.<br>5. പി എഫ് എം ഗൈഡ് ലൈൻ പ്രകാരമുള്ള നടപടിക്രമങ്ങളും രജിസ്റ്ററുകളുംസൂക്ഷിക്കുന്നുണ്ടോ എന്ന്ഉറപ്പുവരുത്തിയില്ല.<br>6. വി എസ് എസ് സെക്രട്ടറിമാർ ചാർജ് കൈമാറുമ്പോൾ ടി സി ആറും ചാർജ് ലിസ്റ്റും നൽകുന്നുണ്ടോ എന്ന് ഉറപ്പുവരുത്തിയില്ല.<br>7. ചെമ്പ്ര വനസംരക്ഷണസമിതിയുടെ പൊതുയോഗം യഥാസമയം വിളിച്ചുചേർക്കുന്നതിനോ എക്സിക്യൂട്ടീവ് |

| | |
|---|---|
| | കമ്മിറ്റിയെയും ഓഡിറ്റർമാരെയും തെരഞ്ഞെടുക്കുന്നതിനോ യാതൊരു നടപടിയും സ്വീകരിച്ചില്ല.<br>8. ഇക്കോ ടൂറിസം പ്രവർത്തനങ്ങൾ ദൈനംദിന രീതിയിൽ പരിശോധിക്കുന്നതിൽ വീഴ്ച വരുത്തി. വി എസ് എസ് സെക്രട്ടറിമാർ സ്ഥലം മാറി പോകുമ്പോൾ അവധിയിൽ പോകുമ്പോൾ പകരം സെക്രട്ടറിമാരെയും ശുപാർശ ചെയ്യുന്നതിൽ വീഴ്ച വരുത്തി<br>9. ബി എഫ് ഓ മാരുടെ സ്ഥലം മാറ്റ ഉത്തരവ് നടപ്പിലാക്കുമ്പോൾ വി എസ് എസ് സെക്രട്ടറിയുടെ ചാർജ്ജ് വാഹിക്കുന്നവർക്ക് പകരം സെക്രട്ടറിയെ നിയമിക്കുന്നതിന് യഥാസമയം നടപടികൾ സ്വീകരിച്ചില്ല.<br>10. കേരള ഫോറസ്റ്റ് കോഡ് vol I ഖണ്ഡിക 3.3.10 ലെ (i) (ii) (c) (d) (f) (g) എന്നീ നിഷ്കർഷകൾ ബന്ധപ്പെട്ട റേഞ്ച് ഫോറസ്റ്റ് ഓഫീസർമാർ കൃത്യതയോടെ ചെയ്തതായി പറയാനാകില്ല. 3.3.10 (ii) (c) യിൽ "He is responsible for the execution of all works in the range, collection and remittance of revenue and prompt and correct payment of sums due for work executed"<br>11. 3.3.10 (ii) (d) "He shall carry out all inspections diligently and see that all subordinates do the works properly............... "പറയുന്നു.<br>12. 3.3.10 (ii) (f) ൽ " ensure the correct maintenance of accounts relating to revenue and expenditure............................" ഇക്കാര്യങ്ങൾ ഒന്നും തന്നെ ബന്ധപ്പെട്ട റേഞ്ച് ഫോറസ്റ്റ് ഓഫീസർമാർ പാലിച്ചിട്ടില്ല എന്ന് കാണാവുന്നതാണ്. |
| 3. ശ്രീ. എം കെ ഷമീർ<br>(02.01.2021-10.09.2021)<br>അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ | • ബഹു. ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരവും കോവിഡ് മൂലവും 25.02.2019 മുതൽ 16.08.2021 വരെ ചെമ്പ്ര ഇക്കോടൂറിസം പ്രവർത്തനങ്ങൾ നിർത്തിവെച്ചിരുന്നു എന്നത് ശരിയാണ്. വീണ്ടും തുറന്ന് പ്രവർത്തനം തുടങ്ങി ഒരു മാസത്തിനുള്ളിൽ തന്നെ ടിയാൻ സ്ഥലം മാറി പോയതായും കാണാം. |

| ഉദ്യോഗസ്ഥർ | സംഭവിച്ച വീഴ്ചകൾ |
|---|---|
| 2017 മുതൽ 2024 വരെ വൈത്തിരി ഫോറസ്റ്റ് സ്റ്റേഷൻ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർ | |
| 1. ശ്രീ. ഷിജു ജോസ് (30.07.2018-17.02.2019) | 1. 30.07.2018 മുതൽ 15.10.2018 വരെ |

| | |
|---|---|
| | വൈത്തിരി ഫോറസ്റ്റ് സ്റ്റേഷനിൽ ഡെപ്യൂട്ടി റെയിഞ്ചറുടെ താൽകാലിക ചുമതല വഹിച്ചിട്ടുണ്ട്. കുറഞ്ഞ കാലയളവിലേക്ക് താൽകാലിക ചാർജ് മാത്രമായിരുന്നു ഉണ്ടായിരുന്നത് എന്നത് ഡെപ്യൂട്ടി എന്ന നിലയിലുള്ള ഉത്തരവാദിത്വങ്ങൾ നിറവേറ്റാതിരിക്കുന്നതിന് കാരണമല്ല. |
| 2. ശ്രീ. ഡി ബെന്നി **(08.01.2018-30.07.2018)** | 1. ഇക്കോ ടൂറിസം പ്രവർത്തനങ്ങളും മായി ബന്ധപ്പെട്ട GO(Ms) No. 40/2017 പ്രകാരമുള്ള രജിസ്റ്ററുകളും ഫോറങ്ങളും സൂക്ഷിക്കുന്നുണ്ടോ എന്ന് പരിശോധന നടത്തിയില്ല.<br>2. പി എഫ് എം ഗൈഡ് ലൈൻ പ്രകാരമുള്ള നടപടിക്രമങ്ങളും രജിസ്റ്ററുകളുംസൂക്ഷിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തിയില്ല<br>3. ഇക്കോ ടൂറിസം പ്രവർത്തനങ്ങൾ ദൈനംദിന രീതിയിൽ പരിശോധിക്കുന്നതിൽ വീഴ്ച വരുത്തി. വി എസ് എസ് സെക്രട്ടറിമാർ സ്ഥലം മാറി പോകുമ്പോൾ അവധിയിൽ പോകുമ്പോൾ പകരം സെക്രട്ടറിമാരെയും ശുപാർശ ചെയ്യുന്നതിൽ വീഴ്ച വരുത്തി.<br>4. കേരള ഫോറസ്റ്റ് കോഡ് volume I, ഖണ്ഡിക 3.3.2 (4) ൽ " the Section Officer (Deputy Range Forest Officer) shall verify and submit the beat verification certificate to the Range Forest Officer for his review" ഇതിൽ നിന്നും RTC യും BVC യും പരിശോധിക്കേണ്ട ചുമതല SHO ആയ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്കുണ്ട്. ജീവനക്കാർ സ്ഥലം മാറ്റം ലഭിച്ച് കേരള ഫോറസ്റ്റ് കോഡ് 6.5.5 (vol I) ൽ നിഷ്കർഷിച്ച RTC Form No.31 ൽ ആരും തന്നെ കൈമാറിയതായി കാണുന്നില്ല. |

| | |
|---|---|
| | 5. |
| 3. ശ്രീ.കെ പി അഭിലാഷ് (15.10.2018-18.02.2021) 25.02.2019 മുതൽ ബഹു: ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം ചെമ്പ്ര ഇക്കോ ടൂറിസം പ്രവർത്തനങ്ങൾ നിർത്തിവെച്ചിരുന്നു. | 1. ഇക്കോ ടൂറിസം പ്രവർത്തനങ്ങളും മായി ബന്ധപ്പെട്ട GO(Ms) No. 40/2017 പ്രകാരമുള്ള രജിസ്റ്ററുകളും ഫോറങ്ങളും സൂക്ഷിക്കുന്നു ണ്ടോ എന്ന് പരിശോധന നടത്തിയില്ല.<br>2. പി എഫ് എം ഗൈഡ് ലൈൻ പ്രകാരമുള്ള നടപടിക്രമങ്ങളും രജിസ്റ്ററുകളുംസൂക്ഷിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തിയില്ല<br>3. ഇക്കോ ടൂറിസം പ്രവർത്തനങ്ങൾ ദൈനംദിന രീതിയിൽ പരിശോധിക്കുന്നതിൽ വീഴ്ച വരുത്തി.<br>4. വി എസ് എസ് സെക്രട്ടറിമാർ സ്ഥലം മാറി പോകുമ്പോൾ അവധിയിൽ പോകുമ്പോൾ പകരം സെക്രട്ടറിമാരെയും ശുപാർശ ചെയ്യുന്നതിൽ വീഴ്ച വരുത്തി<br>5. കേരള ഫോറസ്റ്റ് കോഡ് volume I, ഖണ്ഡിക 3.3.2 (4) ൽ " the Section Officer (Deputy Range Forest Officer) shall verify and submit the beat verification certificate to the Range Forest Officer for his review" ഇതിൽ നിന്നും RTC യും BVC യും പരിശോധിക്കേണ്ട ചുമതല SHO ആയ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്കുണ്ട്. ജീവനക്കാർ സ്ഥലം മാറ്റം ലഭിച്ച് കേരള ഫോറസ്റ്റ് കോഡ് 6.5.5 (vol I) ൽ നിഷ്കർഷിച്ച RTC Form No.31 ൽ ആരും തന്നെ കൈമാറിയതായി കാണുന്നില്ല. |
| 4. ശ്രീ അരവിന്ദാക്ഷൻ കണ്ടേത്തുംപാറ (12.09.2022-08.07.2024) | 1. ഇക്കോ ടൂറിസം പ്രവർത്തനങ്ങളും മായി ബന്ധപ്പെട്ട GO(Ms) No. 40/2017 പ്രകാരമുള്ള രജിസ്റ്ററുകളും ഫോറങ്ങളും സൂക്ഷിക്കുന്നു ണ്ടോ എന്ന് പരിശോധന നടത്തിയില്ല.<br>2. ചെമ്പ്ര വനസംരക്ഷണസമിതിയിൽ നിന്ന് |

| | |
|---|---|
| | യഥാസമയം FDA അക്കൗണ്ടിലേക്ക് പണം അടവാക്കുന്നുണ്ടോ എന്നും പരിശോധന നടത്തിയില്ല.<br>3. വി എസ് എസ് സെക്രട്ടറിമാർ ചാർജ് കൈമാറുമ്പോൾ ടി സി ആറും ചാർജ് ലിസ്റ്റും നൽകുന്നുണ്ടോ എന്ന് ഉറപ്പുവരുത്തിയില്ല<br>4.<br>5. പി എഫ് എം ഗൈഡ് ലൈൻ പ്രകാരമുള്ള നടപടിക്രമങ്ങളും രജിസ്റ്ററുകളുംസൂക്ഷിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തിയില്ല<br>6. ഇക്കോ ടൂറിസം പ്രവർത്തനങ്ങൾ ദൈനംദിന രീതിയിൽ പരിശോധിക്കുന്നതിൽ വീഴ്ച വരുത്തി.<br>7. വി എസ് എസ് സെക്രട്ടറിമാർ സ്ഥലം മാറി പോകുമ്പോൾ അവധിയിൽ പോകുമ്പോൾ പകരം സെക്രട്ടറിമാരെയും ശുപാർശ ചെയ്യുന്നതിൽ വീഴ്ച വരുത്തി<br>8. കേരള ഫോറസ്റ്റ് കോഡ് volume I, ഖണ്ഡിക 3.3.2 (4) ൽ " the Section Officer (Deputy Range Forest Officer) shall verify and submit the beat verification certificate to the Range Forest Officer for his review" ഇതിൽ നിന്നും RTC യും BVC യും പരിശോധിക്കേണ്ട ചുമതല SHO ആയ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്കുണ്ട്.<br>9. ജീവനക്കാർ സ്ഥലം മാറ്റം ലഭിച്ച് കേരള ഫോറസ്റ്റ് കോഡ് 6.5.5 (vol I) ൽ നിഷ്കർഷിച്ച RTC Form No.31 ൽ ആരും തന്നെ കൈമാറിയതായി കാണുന്നില്ല.<br>10. കോട്ടപ്പടി സെക്ഷനായിരുന്നപ്പോൾ ഇദ്ദേഹം സെക്ഷൻ ഫോറസ്റ്റ് ഓഫീസറായും ജോലി ചെയ്തിട്ടുണ്ട്. |

| 2017 മുതൽ 2024 വരെ ചെമ്പ്ര വനസംരക്ഷണ സമിതി സെക്രട്ടറിമാർ | |
|---|---|
| 1. ശ്രീ അജേഷ് പി എസ് 07.01.2019-18.02.2020<br>25.02.2019 മുതൽ ബഹു: ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം ചെമ്പ്ര ഇക്കോ ടൂറിസം പ്രവർത്തനങ്ങൾ നിർത്തിവെച്ചിരുന്നു. | 1. പി എഫ് എം ഗൈഡ് ലൈൻ പ്രകാരമുള്ള നടപടിക്രമങ്ങളും രജിസ്റ്ററുകളും സൂക്ഷിച്ചിട്ടില്ല.<br>2. ദീർഘകാല അവധിയിൽ പ്രവേശിക്കുന്ന സമയത്തോ സ്ഥലം മാറി പോകുന്ന സമയത്തോ നിയമാനുസൃതം നൽകേണ്ട ടിസി ആർ, ചാർജ് ലിസ്റ്റുകളും കൈമാറിയിട്ടില്ല.<br>3. കേരള ഫോറസ്റ്റ് കോഡ് vol. I chapter 3 ഖണ്ഡിക 3.3.12 ൽ (i) (ii) (iii) എന്നിവയിൽൽ ബി എഫ് ഓ മാർ ചാർർജ് കൈമാറുന്ന സമയത്തും ജോലി ചെയ്യുന്ന സമയത്തും പാലിക്കേണ്ട നിർഷ്കർഷകളെപറ്റി പ്രതിപാദിക്കുന്നുണ്ട്. കേരള ഫോറസ്റ്റ് കോഡിലെ അപ്പൻഡിക്സ് XIV ലും പുമതലകളെ കുറിച്ച് പ്രതിപാദ്യമുണ്ട്. ഇപ്രകാരം കേരള ഫോറസ്റ്റ് കോഡ് 6.5.5 (vol I) ൽ നിഷ്കർഷിച്ച RTC Form No.31 ൽ ആരും തന്നെ കൈമാറിയിട്ടില്ല. |
| 2. ശ്രീ സംഗീത് ബി | 1. പി എഫ് എം ഗൈഡ് ലൈൻ പ്രകാരമുള്ള നടപടിക്രമങ്ങളും രജിസ്റ്ററുകളും സൂക്ഷിക്കുന്നതിൽ വീഴ്ച്ചവരുത്തി.<br>2. ദീർഘകാല അവധിയിൽ പ്രവേശിക്കുന്ന സമയത്തോ സ്ഥലം മാറി പോകുന്ന സമയത്തോ നിയമാനുസൃതം നൽകേണ്ട ടിസി ആർ, ചാർജ് ലിസ്റ്റുകളും കൈമാറിയിട്ടില്ല.<br>3. കേരള ഫോറസ്റ്റ് കോഡ് vol. I chapter 3 ഖണ്ഡിക 3.3.12 ൽ (i) (ii) (iii) എന്നിവയിൽൽ ബിഎഫ്ഓമാർ ചാർർജ് കൈമാറുന്ന സമയത്തും ജോലി ചെയ്യുന്ന |

| | |
|---|---|
| | സമയത്തും പാലിക്കേണ്ട നിർഷ്കർഷകളെപറ്റി പ്രതിപാദിക്കുന്നുണ്ട്. കേരള ഫോറസ്റ്റ് കോഡിലെ അപ്പൻഡിക്സ് XIV ലും ചുമതലകളെ കുറിച്ച് പ്രതിപാദ്യമുണ്ട്.ഇപ്രകാരം കേരള ഫോറസ്റ്റ് കോഡ് 6.5.5 (vol I) ൽ നിഷ്കർഷിച്ച RTC Form No.31 ൽ ആരും തന്നെ കൈമാറിയിട്ടില്ല |
| 3. ശ്രീരഞ്ജിത്ത് എ എം | 1. ചെമ്പ്ര ഇക്കോ ടൂറിസത്തിൽ നിന്നുള്ള വരവ് തുക യഥാസമയം അടവാക്കുന്നതിൽ അമാന്തം വരുത്തിയിട്ടുണ്ട്. FDA യിലേക്ക് അടവാക്കേണ്ട തുക കൃത്യതയില്ലാതെ ട്രാൻസ്ഫർ ചെയ്യുന്നത് വഴി വി എസ് എസിന്റെ അക്കൗണ്ടിലെ മിനിമം ബാലൻസിനേക്കാൾ കൂടുതൽ തുകക്കുള്ള ചെക്ക് നൽകുകയും ചെക്ക് ബൌൺസ് ആവുകയും ചെയ്തിട്ടുണ്ട്.<br>2. വി എസ് എസ്സിന്റെ വരവ് ചെലവ് അക്കൗണ്ട് ക്രയവിക്രയങ്ങളിൽ യാതൊരുവിധ ശ്രദ്ധയും ചെലുത്തിയിട്ടില്ല എന്ന് കാണാം.<br>3. പി എഫ് എം ഗൈഡ് ലൈൻ പ്രകാരമുള്ള നടപടിക്രമങ്ങളും രജിസ്റ്ററുകളും സൂക്ഷിക്കുന്നതിൽ വീഴ്ച്ചവരുത്തി.<br>4. ദീർഘകാല അവധിയിൽ പ്രവേശിക്കുന്ന സമയത്തോ സ്ഥലം മാറി പോകുന്ന സമയത്തോ നിയമാനുസൃതം നൽകേണ്ട ടിസി ആർ, ചാർജ് ലിസ്റ്റുകളും കൈമാറിയിട്ടില്ല.<br>5. ചെമ്പ്ര വനസംരക്ഷണ സമിതിയുടെ ഫണ്ട് യഥാസമയം എഫ് ഡി എ അക്കൗണ്ടിലേക്ക് മാറ്റിയില്ല. നല്ലൊരു തുക FDA അക്കൗണ്ടിലേക്ക് മാറ്റാതെ സാമ്പത്തിക തിരമറി നടത്തി. |

| | |
|---|---|
| | 6. കേരള ഫോറസ്റ്റ് കോഡ് vol. I chapter 3 ഖണ്ഡിക 3.3.12 ൽ (i) (ii) (iii) എന്നിവയിൽ ബിഎഫ്ഓമാർ ചാർജ് കൈമാറുന്ന സമയത്തും ജോലി ചെയ്യുന്ന സമയത്തും പാലിക്കേണ്ട നിർഷ്കർഷകളെപറ്റി പ്രതിപാദിക്കുന്നുണ്ട്. കേരള ഫോറസ്റ്റ് കോഡിലെ അപ്പൻഡിക്സ് XIV ലും ചുമതലകളെ കുറിച്ച് പ്രതിപാദ്യമുണ്ട്.ഇപ്രകാരം കേരള ഫോറസ്റ്റ് കോഡ് 6.5.5 (vol I) ൽ നിഷ്കർഷിച്ച RTC Form No.31 ൽ ആരും തന്നെ കൈമാറിയതായി കാണുന്നില്ല. |
| 4. ശ്രീ ബിനീഷ് പി പി | 1. ചെമ്പ്ര ഇക്കോ ടൂറിസത്തിൽ നിന്നുള്ള വരവ് തുക യഥാസമയം അടവാക്കുന്നതിൽ അമാന്തം വരുത്തിയിട്ടുണ്ട്. FDA യിലേക്ക് അടവാക്കേണ്ട തുക കൃത്യതയില്ലാതെ ട്രാൻസ്ഫർ ചെയ്യുന്നത് വഴി വി എസ് എസിന്റെ അക്കൗണ്ടിലെ മിനിമം ബാലൻസിനേക്കാൾ കൂടുതൽ തുകക്കുള്ള ചെക്ക് നൽകുകയും ചെക്ക് ബൌൺസ് ആവുകയും ചെയ്തിട്ടുണ്ട്.<br>2. വി എസ് എസ്സിന്റെ വരവ് ചെലവ് അക്കൗണ്ട് ക്രയവിക്രയങ്ങളിൽ യാതൊരുവിധ ശ്രദ്ധയും ചെലുത്തിയിട്ടില്ല എന്ന് കാണാം.<br>3. പി എഫ് എം ഗൈഡ് ലൈൻ പ്രകാരമുള്ള നടപടിക്രമങ്ങളും രജിസ്റ്ററുകളും സൂക്ഷിക്കുന്നതിൽ വീഴ്ച്ചവരുത്തി.<br>4. ദീർഘകാല അവധിയിൽ പ്രവേശിക്കുന്ന സമയത്തോ സ്ഥലം മാറി പോകുന്ന സമയത്തോ നിയമാനുസൃതം നൽകേണ്ട ടിസി ആർ, ചാർജ് ലിസ്റ്റുകളും കൈമാറിയിട്ടില്ല.<br>5. ചെമ്പ്ര വനസംരക്ഷണ സമിതിയുടെ ഫണ്ട് |

| | |
|---|---|
| | യഥാസമയം എഫ് ഡി എ അക്കൗണ്ടിലേക്ക് മാറ്റിയില്ല. നല്ലൊരു തുക FDA അക്കൗണ്ടിലേക്ക് മാറ്റാതെ സാമ്പത്തിക തിരമറി നടത്തി.<br>6. കേരള ഫോറസ്റ്റ് കോഡ് vol. I chapter 3 ഖണ്ഡിക 3.3.12 ൽ (i) (ii) (iii) എന്നിവയിൽൽ ബിഎഫ്ഒമാർർ ചാർർജ് കൈമാറുന്ന സമയത്തും ജോലി ചെയ്യുന്ന സമയത്തും പാലിക്കേണ്ട നിർഷ്കർഷകളെപറ്റി പ്രതിപാദിക്കുന്നുണ്ട്. കേരള ഫോറസ്റ്റ് കോഡിലെ അപ്പൻഡിക്സ് XIV ലും ചുമതലകളെ കുറിച്ച് പ്രതിപാദ്യമുണ്ട്.ഇപ്രകാരം കേരള ഫോറസ്റ്റ് കോഡ് 6.5.5 (vol I) ൽ നിഷ്കർഷിച്ച RTC Form No.31 ൽ ആരും തന്നെ കൈമാറിയതായി കാണുന്നില്ല. |
| 5. ശ്രീ വിഷ്ണു വി പി | 1. ചെമ്പ്ര ഇക്കോ ടൂറിസത്തിൽ നിന്നുള്ള വരവ് തുക യഥാസമയം അടവാക്കുന്നതിൽ അമാന്തം വരുത്തിയിട്ടുണ്ട്. FDA യിലേക്ക് അടവാക്കേണ്ട തുക കൃത്യതയില്ലാതെ ട്രാൻസ്ഫർ ചെയ്യുന്നത് വഴി വി എസ് എസിന്റെ അക്കൗണ്ടിലെ മിനിമം ബാലൻസിനേക്കാൾ കൂടുതൽ തുകക്കുള്ള ചെക്ക് നൽകുകയും ചെക്ക് ബൌൺസ് ആവുകയും ചെയ്തിട്ടുണ്ട്.<br>2. വി എസ് എസ്സിന്റെ വരവ് ചെലവ് അക്കൗണ്ട് ക്രയവിക്രയങ്ങളിൽ യാതൊരുവിധ ശ്രദ്ധയും ചെലുത്തിയിട്ടില്ല.<br>3. പി എഫ് എം ഗൈഡ് ലൈൻ പ്രകാരമുള്ള നടപടിക്രമങ്ങളും രജിസ്റ്ററുകളും സൂക്ഷിച്ചിട്ടില്ല.<br>4. ദീർഘകാല അവധിയിൽ പ്രവേശിക്കുന്ന സമയത്തോ സ്ഥലം മാറി പോകുന്ന സമയത്തോ നിയമാനുസൃതം നൽകേണ്ട |

| | |
|---|---|
| | ടിസി ആർ, ചാർജ് ലിസ്റ്റുകളും കൈമാറിയിട്ടില്ല.<br>5. ചെമ്പ്ര വനസംരക്ഷണ സമിതിയുടെ ഫണ്ട് യഥാസമയം എഫ് ഡി എ അക്കൗണ്ടിലേക്ക് മാറ്റിയില്ല. നല്ലൊരു തുക FDA അക്കൗണ്ടിലേക്ക് മാറ്റാതെ സാമ്പത്തിക തിരമറി നടത്തി.<br>6. കേരള ഫോറസ്റ്റ് കോഡ് vol. I chapter 3 ഖണ്ഡിക 3.3.12 ൽ (i) (ii) (iii) എന്നിവയിൽൽ ബിഎഫ്ഓമാർർ ചാർർജ് കൈമാറുന്ന സമയത്തും ജോലി ചെയ്യുന്ന സമയത്തും പാലിക്കേണ്ട നിർഷ്കർഷകളെപറ്റി പ്രതിപാദിക്കുന്നുണ്ട്. കേരള ഫോറസ്റ്റ് കോഡിലെ അപ്പൻഡിക്സ് XIV ലും ചുമതലകളെ കുറിച്ച് പ്രതിപാദ്യമുണ്ട്.ഇപ്രകാരം കേരള ഫോറസ്റ്റ് കോഡ് 6.5.5 (vol I) ൽ നിഷ്കർഷിച്ച RTC Form No.31 ൽ ആരും തന്നെ കൈമാറിയിട്ടില്ല. |

**9. കുറ്റക്കാരായ ഉദ്യോഗസ്ഥരെ സംബന്ധിച്ച വിവരങ്ങൾ :**

| | |
|---|---|
| 1. ശ്രീ പി സുലൈമാൻ | അടുത്തൂൺ പറ്റി |
| 2. ശ്രീ കെ.കെ സുനിൽ കുമാർ IFS | DCF Research North, Thrissur |
| 3. ശ്രീ പി ധനേഷ് കുമാർ IFS | Working Plan Officer, Kozhikode |
| 4. ശ്രീ.അബ്ദുൽഅസീസ്. | അടുത്തൂൺ പറ്റി |
| 5. ശ്രീ.പി.രഞ്ജിത്ത്കുമാർ | അടുത്തൂൺ പറ്റി |
| 6. ശ്രീമതി.എ.ഷജ്ന | ACF, Wayanad Wildlife division |
| 7. ശ്രീ കെ.ജെ കുര്യാക്കോസ് | അടുത്തൂൺ പറ്റി |
| 8. ശ്രീ ബി രഞ്ജിത്ത് | ACF, Vested Forest EC, Olavakkode |
| 9. ശ്രീ സി.പി അനീഷ് | ACF, SIP Eastern Circle |
| 10. ശ്രീ ബി ഹരിചന്ദ്രൻ | അടുത്തൂൺ പറ്റി |
| 11. ശ്രീ കൃഷ്ണദാസ്.C | അടുത്തൂൺ പറ്റി |
| 12. ശ്രീ കെ ബാബുരാജ് | അടുത്തൂൺ പറ്റി |
| 13. ശ്രീ. എം കെ ഷമീർ | അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, HRD TVM |
| 14. ശ്രീ ഡി ഹരിലാൽ | RFO, Perya Range |
| 15. ശ്രീ ഡി.ബെന്നി | RFO, Azhutha Range, PTR West |
| 16. ശ്രീ ഷിജുജോസ് | Dy RFO, Bavali Timber Depot |

| | |
|---|---|
| 17. ശ്രീ കെ.പി.അഭിലാഷ് | Dy RFO, Chakkikuzhy FS, Kalikave Range Nilambur south |
| 18. ശ്രീ കെ.സനിൽ | Dy RFO, Sholayur FS, Sholayur Range, Vazhachal Division |
| 19. ശ്രീ.അരവിന്ദാക്ഷൻ കണ്ടേത്തുംപാറ | Dy RFO, Vannanthura FS, Kanathalloor Range, Marayur Sandal Division |
| 20. ശ്രീ ഉണ്ണികൃഷ്ണൻ കെ.വി | അടുത്തൂൺ പറ്റി |
| 21. ശ്രീ ജിജിൽ കെ | SFO Kannavam Section, Kanavam Range |
| 22. ശ്രീ രാധാകൃഷ്ണൻ കെ.വി | അടുത്തൂൺ പറ്റി |
| 23. ശ്രീ ശശിധരൻ എം | അടുത്തൂൺ പറ്റി |
| 24. ശ്രീ സുനിൽ കുമാർ ബി.പി | DyRFO Naikkaty FS |
| 25. ശ്രീ എ പ്രസന്നകുമാർ | അടുത്തൂൺ പറ്റി |
| 26. ശ്രീ കെ സുന്ദരൻ | Dy RFO Muthanga FS |
| 27. ശ്രീ സംഗീത് ബി | BFO, Mundakkai FS, Meppady range |
| 28. ശ്രീ അജേഷ് പി എസ് | BFO, Irulam FS, Chethalath Range |
| 29. ശ്രീ രഞ്ജിത്ത്എം | BFO, RRT, S. Bathery |
| 30. ശ്രീ ബിനീഷ് പി പി | BFO, MuthangaFs, Muthanga Range, |
| 31. ശ്രീ വിഷ്ണു വി പി | BFO, Thottamoola FS, Muthanga Range |

10 .റിപ്പോർട്ടിനൊപ്പം സമർപ്പിക്കുന്ന രേഖകൾ

അനുബന്ധം 1 മുതൽ 33 വരെ

1. Statement of Shri. ShajirArafath
2. GO (MS) No. 9/2009 dated 30.02.2009 നമ്പർ ഉത്തരവ്
3. GO (MS) No. 40/2017/F &WLD (EMF Guideline) നമ്പർ ഉത്തരവ്
4. GO (MS) 26/2006/F & WLD dated 20.07.2006
5. 07.09.2008 ലെ മിനുട്സ് കോപ്പി
6. 22.05.2022 ലെ മിനുട്സ് കോപ്പി
7. ഓഡിറ്റ് റിപ്പോർട്ട് തീയതി 21.05.2013, 22.05.2013
8. സി.ഇ.ഒ യുടെ ബി3-578/2023 തീയതി 21.02.2023 നമ്പർ കത്ത്
9. 01.02.2024 ലെ സി.എ ഐ ഓഡിറ്റ് റിപ്പോർട്ട് (രാജൻ)
10. ജില്ലാ ധനകാര്യ സ്ക്വാഡിന്റെ 05.03.2024 ലെ പരിശോധന റിപ്പോർട്ട്
11. 05.04.2024 ൽ സി.ഇ.ഒ ധനകാര്യ സ്ക്വാഡിന് നൽകിയ ബി3-KFDDO-13862/2024 നമ്പർ മറുപടി
12. മേപ്പാടി റെയിഞ്ച് ഓഫീസർ ശ്രീ സി.പി അനീഷിന്റെ 26.05.2014 ലെ എ1-80/2014 നമ്പർ കത്ത്
13. സി.ഇ.ഒ യുടെ 13.02.2015 ലെ ബി3-6148/2008 നമ്പർ കത്ത്
14. സൗത്ത് വയനാട് ഡി.എഫ്.ഒ യുടെ 06.04.2024 ലെ ബി3-578/2023 നമ്പർ ഡി.ഒ ലെറ്റർ
15. സൗത്ത് വയനാട് എഫ്.ഡി.എ യിലെ സ്പെഷൽ ഇൻവെസ്റ്റിഗേഷൻ കമ്മിറ്റിയുടെ 08.05.2024 ലെ റിപ്പോർട്ട്

    15 A. to 15 K കുറ്റാരോപിതാരായ ഉദ്യോഗസ്ഥരുടെ മൊഴികൾ

    15 M. Ticket machine Data

    15 N. Randiomly selected copy of Daily collection Registar from 2012 to 2017

15 P. 2017 മുതലുള്ള ഡെയിലി കളക്ഷൻ രജിസ്റ്റർ പകർപ്പ്

15 Q. Letter No. B3-6833/2021Dt 26.10.2021 of DFO South Wayanad

15 S Audit report upto 2022-23

16. എഫ്1/332/021/F & WLD dated 23.09.2021
17. സി.ഇ.ഒ നോർത്തേൺ സർക്കിൾ സി.സി.എഫ് ന് നൽകിയ 03.11.2021 ലെ ഇ1-557/2021 നമ്പർ കത്ത്
18. വനം പ്രിൻസിപ്പൽ സെക്രട്ടറിയുടെ 26.04.2022 ലെ എഫ്1/99/2022/വനം നമ്പർ നിർദ്ദേശം
19. Statement of ShriPrabhakaranRtd. Senior clerk

19 A. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) ന്റെ ഇ6-1868/2022 തീയതി 20.02.2025 കത്ത്.

20. സൗത്ത് വയനാട് എഫ്.ഡി.എ യുടെ കലക്ഷൻ സ്റ്റേറ്റ്മെന്റ്
21. ചെക്ക് നോട്ട് രജിസ്റ്ററിന്റെ പകർപ്പ്
22. GO (P) 604/1970/Fin dated 16.08.1970
23. 14.08.2011 ലെ മിനുട്സ് കോപ്പി
24. Statement of ShriHarilal, Range Forest Officer
25. ബിനീഷ് പി.പി, ബി.എഫ്.ഒ മേപ്പാടി റെയിഞ്ച് ഓഫീസർക്ക് നൽകിയ അപേക്ഷ
26. വി.എസ്.എസ് സെക്രട്ടറിമാർ നൽകേണ്ട ചാർജ് ലിസ്റ്റിന്റെ മാതൃക
27. Bank statement dated 27.09.2021 & 04.10.2021
28. Statement of ShriAravindakshanKandethupara, Dy. Range Forest Officer
29. 19.06.2023 ലെ GD കോപ്പി
30. ശ്രീ വിഷ്ണു വി.പി ബിഎഫ് യെ വി.എസ്.എസ് സെക്രട്ടറിയായ നിയമിച്ച ഉത്തരവ്
31. നോർത്ത് വയനാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ 31.05.2024 തീയതിയിലെ ഇ1-1818/2024 നമ്പർ ഉത്തരവ്
32. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 07.04.2024 തീയ്യതിയിലെ 05/2011 നമ്പർ സർക്കുലർ
33. GO (P) No 08/2017/VIG തീയതി 29.03. 2017
34. Copy of SO of South Wayanad Division for Sanctioning the Leave of Sri. Bineesh P P

**11.ശുപാർശ:**

നിലവിൽ ഇതേ പരാതിയിൽ നമ്പർ VE-07/ 2024/WYD, VIG-E4-293/2024 പ്രകാരം പോലീസ് വിജിലൻസ് അന്വേഷണം നടക്കുന്നുണ്ട് പല ഫയലുകളും പോലീസ് വിജിലൻസിന്റെ കൈവശത്തിലാണ്. ആയതിനാൽ സമാന്തരമായ ഒരു അന്വേഷണം ഇത്തരുണത്തിൽ ദുഷ്കരമാണ്. എന്നിരുന്നാലും ലഭ്യമായ രേഖകളും മൊഴികളും മറ്റും അടിസ്ഥാനമാക്കിയാണ് പരാതിക്കാരന്റെ ആരോപണങ്ങളിൽ അന്വേഷണം നടത്തിയിട്ടുള്ളത്. മാത്രമല്ല APCCF (V&FI) രൂപീകരിച്ച പ്രത്യേക അന്വേഷണസംഘം ഇതേ വിഷയങ്ങളിൽ പരിശോധന നടത്തി KFDDO/22731/2024-DFOFSKKD/P നമ്പർ ആയി 22.5.2024ന് അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ് മെയിൻ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ശുപാർശകൾ സമർപ്പിക്കുന്നു.

പൊതു ശുപാർശകൾ

1. GO ( MS ) No 40/2017 പ്രകാരവും GO ( MS) 26/2006/ F& WLD പ്രകാരവും നിർദ്ദേശിച്ചിട്ടുള്ള നിർദ്ദിഷ്ട മാതൃകയിലുള്ള രജിസ്റ്ററുകളും ഫോറങ്ങളും യഥാവിധി സൂക്ഷിക്കുന്നുണ്ടെന്ന് എല്ലാ സമിതി/ഇക്കോ ടൂറിസം സെന്ററുകളിലും ഉറപ്പുവരുത്തുന്ന വഴി സാമ്പത്തികമായ തിരിമറികളും വിഎസ്എസിന്റെ പ്രവർത്തനക്ഷമതമില്ലായ്മയും പരിഹരിക്കാവുന്നതാണ്.

2. ചെമ്പ്ര വിഎസ്എസ് 2008 ൽ ആരംഭിച്ചിട്ടും 2022 മെയ് മാസത്തിൽ മാത്രമാണ് ഒരു പൊതുയോഗം കൂടാനായത്. ഇതുമൂലം പ്രവർത്തനങ്ങളിലെ സുതാര്യത നഷ്ടപ്പെട്ടു. അത് പരിഹരിക്കുന്നതിന് ബന്ധപ്പെട്ട റേഞ്ച് ഓഫീസർമാരോ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരോ കാര്യക്ഷമമായി പ്രവർത്തിച്ചതായി കാണുന്നില്ല. വി എസ് എസ്സിന്റെ പ്രവർത്തനങ്ങളിൽ ഡെപ്യൂട്ടി റെയിഞ്ച് ഓഫീസർ. റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, സി.ഇ.ഒ എന്നിവരുടെ തുടർച്ചയായ മേൽനോട്ടം ഉറപ്പുവരുത്തേണ്ടതുണ്ട്

3. ഇക്കോ ടൂറിസം സെന്ററുകളിൽ നിന്നും ദൈനംദിനം ലഭിക്കുന്ന പണം FDA അക്കൗണ്ടിലേക്ക് യഥാസമയം നിക്ഷേപിക്കുന്നില്ല എന്ന് കണ്ടെത്തിയിട്ടുണ്ട്. ഇത് FDA തലത്തിൽ ഉള്ള സൂക്ഷ്മത കുറവാണ്. FDA ഇക്കാര്യത്തിൽ നിരന്തര ശ്രദ്ധ ചെലുത്തേണ്ടതുണ്ട്.

4. ചെമ്പ്ര വി എസ് എസ് 2013 മാത്രമാണ് ഡിവിഷൻ തലത്തിലുള്ള ഓഡിറ്റിംഗ് നടത്തിയതായി കാണുന്നത്. അർദ്ധ വാർഷിക /വാർഷിക ഓഡിറ്റിങ്ങുകളും ജനറൽ ഓഡിറ്റും നടത്താത്തത് ഈ സാമ്പത്തിക ക്രമക്കേടിലേക്ക് വഴിവെച്ചിട്ടുണ്ട്.എല്ലാ രീതിയിലുള്ള ഓഡിറ്റിംഗും എല്ലാ തലങ്ങളിലും നടത്തുന്നുണ്ടെന്ന് ഡെപ്യൂട്ടി റേഞ്ച് ഓഫീസർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, സിഇഒ എന്നിവർ ഉറപ്പുവരുത്തേണ്ടതാണ്.

5. വിഎസ്എസിന്റെ സെക്രട്ടറിമാർക്ക് അക്കൗണ്ടിംഗ് സംബന്ധിച്ചും വി എസ് എസ് /ഇക്കോ ടൂറിസം പ്രവർത്തനങ്ങൾ സംബന്ധിച്ചുംപരിശീലനം നൽകേണ്ടതും പരിശീലനം നേടിയ ആളുകളെ മാത്രം വിഎസ്എസ് സെക്രട്ടറിമാരായി നിയമിക്കുന്നുള്ളൂ എന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്.

6. 2008 മുതൽ സൗത്ത് വയനാട് സി ഇ ഒ മാരായി പ്രവർത്തിച്ച ഉദ്യോഗസ്ഥർക്കും റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്കും ഡെപ്യൂട്ടി റേഞ്ച് ഓഫീസർമാർക്കും സെക്രട്ടറിമാർക്കും ഈ പാളിച്ചകളിൽ പങ്കാളിത്തമുണ്ട്. ഈ രീതിയിൽ പാളിച്ചകൾ ഉണ്ടാകുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതുണ്ട് .

8 എഫ് ഡി എ കളുടെ അക്കൌണ്ടുകളുടെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിനായി സമർപ്പിക്കുന്നതിന് പല ഡി എഫ് ഓ മാരും കാലതാമസം വരുത്തുന്നതായും, ആയത് യഥാസമയം തന്നെ ഓഡിറ്റ് പാർട്ടി മുമ്പാകെ സമർപ്പിക്കേണ്ടതാണെന്ന് കർശന നിർദ്ദേശം നൽകി കൊണ്ടുള്ള പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 07.04.2011 തീയ്യതിയിലെ 05/2011 നമ്പർ സർക്കുലർ ഉള്ളതാണ്. . (പകർപ്പ് അനുബന്ധം-32)

9 ചെമ്പ്ര വിഎസ്എസിലെ സാമ്പത്തിക തിരിമറിയുമായി ബന്ധപ്പെട്ട് പ്രത്യേക അന്വേഷണസംഘം KFDDO/22731/2024 /DFO FSKKD /P തീയതി 22 .05.2024 (KFDHQ 3199/2024-VIG/VE10 തീയതി 31.05 2024) അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകളും ശുപാർശകളും ഇവിടെ ബാധകമാണ്.

10 വി എസ് എസ്/ഇ ഡി സി എന്നിവയുടെ കാര്യത്തിൽ ആരോഗ്യപരമായ മേൽനോട്ടം ശ്രീ വഹിക്കുന്നതിന് സി ഇ ഓ മാർക്ക് ഒരു പൊതു നിർദ്ദേശം നൽകാവുന്നതാണ്.

**മറ്റ് ശുപാർശകൾ**

1. കുറ്റക്കാരായ ഉദ്യോഗസ്ഥരിൽ 1)ശ്രീ അബ്ദുൾ അസീസ് ഐ.എഫ്.എസ്,2) ശ്രീ പി രഞ്ജിത്ത് കുമാർ (ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ) 3) ശ്രീ പി സുലൈമാൻ (ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ), 4) ശ്രീ കൃഷ്ണദാസ് സി, (റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ 5) കെ ബാബുരാജ് (റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ) 6) ശ്രീ. കെ ജെ കുര്യാക്കോസ്, 7) ശ്രീ ബി ഹരിചന്ദ്രൻ, 8) ശ്രീ. ഉണ്ണികൃഷ്ണൻ കെ വി, 9) ശ്രീ ശശിധരൻ എം, 10) ശ്രീ എ പ്രസന്നകുമാർ (ഡെപ്പ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ഗ്രേഡ്) 11) ശ്രീ. രാധാകൃഷ്ണൻ കെ വി എന്നിവർ സർവീസിൽ നിന്ന് വിരമിച്ചവരാണ്. മേൽ പ്രതിപാദിച്ച നോട്ട പിശക് മൂലം ഇക്കോ ടൂറിസം പ്രവർത്തനം കാര്യക്ഷമമല്ലാതായത് എന്നതിനാൽ ടിയാന്മാർ ഓരോരുത്തർക്കും ഇക്കാര്യത്തിലുള്ള വകുപ്പിന്റെ അസന്തുഷ്ടി രേഖാമൂലം അറിയിക്കാവുന്നതാണെന്ന് ശുപാർശ ചെയ്യുന്നു.

2. ചെമ്പ്ര ഇക്കോ ടൂറിസത്തിൽ നിന്നും 01.11.2022, 20.11.2022, 25.1.2022, 03.12.2022, 04.12.2022, 20.12.2022, 23.12.2022 എന്നീ തീയതികളിലെയും 2023 ജനുവരി മുതൽ 2024 ഫെബ്രുവരി വരെ പല തീയ്യതികളിലെയും വരവ് തുക യഥാസമയം അടവാക്കുന്നതിൽ സെക്രട്ടറിമാർ 2 മുതൽ 87 ദിവസം വരെ കാലതാമസം വരുത്തിയ കാര്യം കണ്ടെത്തുന്നതിൽ വീഴ്ച്ച പറ്റിയതിനാലും മറ്റ് മേൽ പ്രതിപാദിച്ച വീഴ്ചകൾ ഉള്ളതിനാലും ശ്രീമതി എ. ഷജ്ന, , ഡി. ഹരിലാൽ, എന്നിവർക്ക് രേഖപ്പെടുത്താവുന്ന താക്കീത് നൽകുന്നതിന് ശുപാർശ ചെയ്യുന്നു.

11 ശ്രീ കെ കെ സുനിൽ കുമാർ, ശ്രീ പി ധനേഷ്കുമാർ, ശ്രീ. ബി രഞ്ജിത്ത്, ശ്രീ സി പി അനീഷ്, ശ്രീ. എം കെ ഷമീർ, ശ്രീ. ഡി ബെന്നി ശ്രീ. ഷിജു ജോസ്, ശ്രീ.കെ പി അഭിലാഷ്, ശ്രീ. കെ സനിൽ, ശ്രീ അരവിന്ദാക്ഷൻ കണ്ടേത്തുംപാറ, ശ്രീ ജിജിൽ കെ, ശ്രീ. സുനിൽ കുമാർ ബി.പി ശ്രീ. കെ സുന്ദരൻ, എന്നിവർക്ക് അവരുടെ ഇനിയുള്ള സേവന കാലത്ത് ഇത്തരത്തിലുള്ള മേൽനോട്ട പിശക് സംഭവിക്കാതിരിക്കാൻ താക്കീത് നൽകാവുന്നതാണ്.

12 ചെമ്പ്ര വിഎസ്എസിലെ സാമ്പത്തിക തിരിമറിയുമായി ബന്ധപ്പെട്ട് പ്രത്യേക അന്വേഷണസംഘം KFDDO/22731/2024 /DFO FSKKD /P തീയതി 22 .05.2024 (KFDHQ 3199/2024-VIG/VE10 തീയതി 31.05 2024) അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകളുടെയും ശുപാർശകളുടെയും അടിസ്ഥാനത്തിൽ , ശ്രീ രഞ്ജിത്ത് എ എം, ശ്രീ ബിനീഷ് പി പി, ശ്രീവിഷ്ണുവി.പി എന്നീ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർക്കെതിരെ വകുപ്പ് തല നടപടികൾ സ്വീകരിച്ചു വരുന്നതിനാൽ മറ്റൊരു നടപടിക്ക് ശുപാർശ ചെയ്യേണ്ടതില്ല.

13 ശ്രീ സംഗീത് ബി, ശ്രീ അജേഷ് പി എസ്, എന്നീ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർക്കെതിരെ പി. എഫ്. എം, ഇ. എം. എഫ് മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരമുള്ള രേഖകളും രജിസ്റ്ററുകളും സൂക്ഷിച്ചിട്ടില്ല, സ്ഥലംമാറ്റം ലഭിച്ച് പോകുമ്പോൾ ടി സി ആർ, ചാർജ്ജ് ലിസ്റ്റ് കൈമാറിയിട്ടില്ല എന്നീ കുറ്റങ്ങളാണ് കണ്ടെത്തിയിട്ടുള്ളത്. ഇത്തരം തെറ്റുകൾ ആവർത്തിക്കാതിരിക്കാൻ താക്കീക് നൽകി മറ്റ് നടപടികളിൽ നിന്ന് ഒഴിവാക്കാവുന്നതാണ്.

വിശ്വസ്തതയോടെ,

ഡിവിഷണൽഫോറസ്റ്റ്ഓഫീസർ,
ഫ്ളയിംഗ്സ്ക്വാഡ്ഡിവിഷൻ,കോഴിക്കോട്.

പകർപ്പ്അഡീഷണൽപ്രിൻസിപ്പൽചീഫ്ഫോറസ്റ്റ്കൺസർവേറ്റർ (വി&എഫ്.ഐ) തിരുവനന്തപുരത്തിന് സമർപ്പിക്കുന്നു.